Registered No. M. 5819 Licence No. 445. 12-7-45.



ജ്ഞാന നിക്ഷേപം

സുവിശേഷഭാഷിണിയും കുടുംബപ്രിയവാദിനിയും

കൂടി ചേർന്ന

സംയുക്ത സഭാമാസിക

മാർച്ച് 1958 No. 3.

TELEPHONE { Shop 594 / Residence 2013.
TELEGRAM: EMSEYJAI
P. B. No. 90.

M. C. JACOB & SONS,

TOBACCO & GENERAL MERCHANTS,

M. L. ROAD, KOTTAYAM.

എല്ലാവിധ സ്റ്റേഷനറി സാധനങ്ങൾക്കും

ഞങ്ങളെ സമീപിക്കുക.

THE CENTRAL TRAVANCORE DIOCESAN YOUTH CONFERENCE

(42nd Session)

Theme :—"I KNOW WHOM I HAVE BELIEVED."

Venue :—Baker Memorial High School, KOTTAYAM.

Date :—**Tuesday 29th April—Saturday 3rd May 1958.**

Leaders :—Mr. Jayaraj Daniel, M. A., B. D.,
The Rev. Peter Doble, M. A.,
The Rev. A. E. D. Frederick, M. A., B. D. & etc.

Pray and Prepare for the Conference.

For details write to :—

M. J. JOSEPH, B. SC.,
C. M. S. High School,
Mundakayam.

For the Conference Executive Committee.

JOHNSON D. MATHEW (*President*).
GRACE JACOB, M. J. JOSEPH. } *Secretaries.*

THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol LXI | MARCH 1958 | No. 3

കമ്മിസ്സറിയുടെ കത്ത്

കർത്താവിൽ പ്രിയരേ,

വീണ്ടും നോമ്പിന്റെ ഒരു കാലഘട്ടത്തിലേക്കു നാം വന്നെത്തിയിരിക്കുന്നു. ആത്മീയാനുഭവത്തിൽ വളർന്നുവരുന്നതിനുള്ള ഒരു ശിക്ഷണ മുഖാന്തിരമായിട്ടാണ് നോമ്പു് ആചരിക്കാലം മുതൽ കരുതപ്പെട്ടുപോന്നിട്ടുള്ളതു്. ചില ദിവസങ്ങൾ നോമ്പു ദിവസങ്ങളായി ആചരിക്കുന്നതു് നമ്മുടെ എല്ലാ ദിവസങ്ങളും നോമ്പു ദിവസങ്ങളെപ്പോലെ കഴിക്കുന്നതിനാണ്. അല്ലാതെ നോമ്പല്ലാത്ത ദിവസങ്ങൾ യഥേഷ്ടം ജീവിക്കുന്നതിനല്ല. ആകയാൽ നമ്മുടെ ജീവിതം ദൈവഹിതത്തിനു പരിപൂർണ്ണമായി കീഴ്പെടുത്തുന്നതിനു നോമ്പിൽ ചില പ്രത്യേക പരിശ്രമങ്ങൾ ചെയ്യുകയും ശിക്ഷണങ്ങൾ സ്വീകരിക്കുകയും, നിയമങ്ങൾ പാലിക്കുകയും ചെയ്യുണ്ടതാണ്. നല്ല തീരുമാനങ്ങൾ ഉണ്ടാകുന്നതിനുള്ള പരിപാടികൾ സ്വീകരിക്കുന്നതു വളരെ ചേർച്ചയാകയാൽ രണ്ടുമൂന്നു കാര്യങ്ങൾ സൂചനയായി എഴുതുന്നതു നിങ്ങളുടെ അവഗാഢമായ ശ്രദ്ധയ്ക്കു വിഷയമാകണമെന്നു താല്പര്യപ്പെടുന്നു.

(1) **പ്രാർത്ഥന.** ഒരു ക്രിസ്ത്യാനിയുടെ ആത്മീയ ജീവിതത്തിന്റെ ശക്തിയുടെ ഭണ്ഡാരമാണ് പ്രാർത്ഥന. പ്രാർത്ഥനയുടെ കുറവുമൂലമാണ് നമ്മുടെ ക്രിസ്തീയ ജീവിതം ബലഹീനവും നിർജ്ജീവവും ആയിരിക്കുന്നതു്. പ്രാർത്ഥിക്കാത്ത വ്യക്തികളും, കുടുംബപ്രാർത്ഥനയില്ലാത്ത ഭവനങ്ങളും നമ്മുടെ മഹായിടവകയിൽ ഇന്നു ധാരാളമായുണ്ട് എന്നുള്ളതു സങ്കടകരമായ ഒരു പരമാർത്ഥമാണ്. ഇടിഞ്ഞുപോയ ബലിപീഠങ്ങളെ വീണ്ടും പണിയുന്നതിനുള്ള ഒരു അവസരമായി ഈ നോമ്പുകാലത്തെ നിങ്ങൾ ഉപയോഗിക്കണം.

(2) **വേദപുസ്തകപഠനം.** നമ്മുടെ കർത്താവിനു ദൈവഹിതം അറിയുന്നതിനും പിശാചിന്റെ തന്ത്രങ്ങളോടു് എതിർത്തുനിൽക്കുന്നതിനും തിരുവെഴുത്തു എത്രമാത്രം സഹായകരമായിരുന്നുവെന്നു വിശേഷങ്ങളിൽ നാം വായിക്കുന്നുണ്ടല്ലോ. വേദപുസ്തകം എക്കാലത്തിനും യോജിച്ച പുസ്തകമാണ്. ലോകത്തിൽ പഴഞ്ചനാകാത്ത (Out of date അല്ലാത്ത) ഒരു പുസ്തകമുണ്ടെങ്കിൽ അതു വിശുദ്ധ വേദപുസ്തകമാണ്. അതു പഠിക്കുന്തോറും പുതിയപുതിയ ആശയങ്ങൾ നമുക്കു ലഭിക്കുകയും വിശുദ്ധ ജീവിതം ചെയ്യുന്നതിനു നമ്മെ സഹായിക്കുകയും ചെയ്യുന്നു. ഈ നോമ്പിന്റെ ദിവസങ്ങളിൽ ക്രമമായി വേദപുസ്തകം പഠിക്കുന്നതിനുള്ള ഒരു പദ്ധതിക്കു അടിസ്ഥാനമിടുകയും വ്യാഖ്യാനങ്ങളുടെയോ മറ്റു സഹായഗ്രന്ഥങ്ങളുടെയോ സഹായത്തോടുകൂടെ ബൈബിളിലെ ഏതെങ്കിലും ഒരു പുസ്തകം പഠിക്കുകയും ചെയ്യുക.

(3) **ദുസ്സീലചയങ്ങൾ ഉപേക്ഷിക്കുക.** മനുഷ്യൻ തീരുമാനങ്ങളുടെ ഒരു സമുച്ചയമാണെന്നു ഒരു മനഃശാസ്ത്രജ്ഞൻ പറഞ്ഞിട്ടുണ്ട്. നമുക്കു പല നല്ല തീരുമാനങ്ങളും അനവധി

ഉപ്പുരിചയങ്ങളുമുണ്ട്. ഈ പരിചയങ്ങളും തഴക്കങ്ങളുമാണ് നമ്മുടെ സ്വഭാവത്തെ സൂക്ഷിക്കുന്നത്. നമ്മെ പിടികൂടിയിരിക്കുന്ന ചില ഉപ്പുരിചയങ്ങളിൽനിന്ന്—ഒന്നിൽനിന്നെങ്കിലും—വിമുക്തരാകുവാൻ ഈ നോമ്പിൽ മനപൂർവ്വം ശ്രമിക്കുക. നിങ്ങളുടെ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് ഇതു ചെയ്യാൻ സാദ്ധ്യമല്ല: എന്നാൽ തിരുവെഴുത്തു പഠിച്ചു പ്രകാശം പ്രാപിച്ചും, പ്രാർത്ഥനയാൽ ശക്തിപ്പെട്ടും ക്രിസ്തുവിന്റെ സഹായത്താൽ ഉപ്പുരിചയങ്ങളെയും തഴക്കങ്ങളെയും വേരോടെ പറിച്ചുകളവാൻ സാധിക്കും. വിശ്വാസത്തോടും ആശ്രയത്തോടും പരിശ്രമിക്കുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

നമ്മുടെ മഹായിടവകയ്ക്ക് ഒരു ബിഷപ്പിനെ നിയമിക്കുന്നതു സംബന്ധിച്ചു ജനുവരി 14-നു കൂടിയ സിനഡ് എക്സിക്യൂട്ടീവു കമ്മിറ്റി ചില തീരുമാനങ്ങൾ ചെയ്യുകയും നടപടിക്കായി അവ അയച്ചുതരികയും ചെയ്തിട്ടുണ്ട്. അവ്യക്തത പ്രസിദ്ധീകരിച്ചിട്ടുള്ള ആ തീരുമാനങ്ങൾ നമ്മുടെ ജനങ്ങൾ ശരിയായി വായിച്ചു ഗ്രഹിക്കണമെന്ന് ആഗ്രഹിപ്പെട്ടുകൊള്ളുന്നു. ബിഷപ്പ് സ്ഥാനത്തിനു യോഗ്യതയുള്ളവരെന്നു കരുതപ്പെടുന്ന രണ്ടോ മൂന്നോ നാലോ പേരുകൾ അടങ്ങിയ ഒരു നാമാവലിയും, ഈ മഹായിടവകയ്ക്കു ഒരു ബിഷപ്പിനെ നിയമിക്കുന്നതിന് സിനഡ് എക്സിക്യൂട്ടീവ് കമ്മിറ്റി നിയമിച്ചിട്ടുള്ള ബോർഡിന്റെ പരിഗണനയ്ക്കായി മോഡറേറർക്ക് അയച്ചുകൊടുപ്പാൻ നമ്മുടെ ഡയോസിഷൻ കൌൺസിലിനോടാവശ്യപ്പെട്ടിരിക്കുന്നതനുസരിച്ചു കൌൺസിലിന്റെ ഒരു യോഗം എപ്രിൽ 15-ം, 16-ം തീയ്യതികളിൽ നമ്മുടെ ഭദ്രാസനപ്പള്ളിയിൽ കൂടി ആ വലയം തയ്യാറാക്കുന്നതിനുദ്ദേശിച്ചിരിക്കുകയാണ്. ദൈവം നമ്മുടെ കുറവുകളെയെല്ലാം ക്ഷമിച്ചു തന്റെ ഹിതപ്രകാരമുള്ള ഒരു അദ്ധ്യക്ഷനെ നമ്മുടെ മഹായിടവകയ്ക്കു നൽകേണ്ടതിനു പ്രാർത്ഥനയിൽ ഉറ്റിരിക്കണമെന്നു വീണ്ടും ഓർപ്പിച്ചുകൊള്ളട്ടെ.

എന്നു്

എം. ജെ. ചാണ്ടി.
കമ്മിസ്സറി.

പത്രാധിപക്കുറിപ്പുകൾ: —

1. **ബിഷോപ്പു തെരഞ്ഞെടുപ്പു്.** ജനുവരി മാസത്തിൽ നടന്ന സി. എസ്സ്. ഐ. സിനഡ് എക്സിക്യൂട്ടീവു യോഗത്തിന്റെ തീരുമാനമനുസരിച്ചു നമ്മുടെ മഹായിടവകയുടെ ബിഷോപ്പു തെരഞ്ഞെടുപ്പ് എത്രയും വേഗത്തിൽ നടത്തുന്നതിനു മോഡറേറർ തിരുമേനിയെ അധികാരപ്പെടുത്തിയിരുന്ന വസ്തുത കഴിഞ്ഞ ലക്കം മാസികയിൽ ഞങ്ങൾ പ്രസ്താവിച്ചിരുന്നതു മാസികാബന്ധുക്കൾ ഓർക്കുമല്ലോ. തദനുസരണം മോഡറേറർ തിരുമേനിയുടെ മാൻഡേറസ് (കല്പന) ജനുവരി അവസാനത്തിൽ കമ്മിസ്സറി അവർകൾക്കു ലഭിക്കയുണ്ടായി. അതനുസരിച്ചു ഫെബ്രുവരി 8-നു സ്റ്റാണ്ടിംഗ് കമ്മറ്റിയുടെ യോഗം കൂടുകയും സ്ഥാനാർത്ഥി വലയം തയാറാക്കി അയയ്ക്കുണമെന്നുള്ള നിർദ്ദേശം പ്രാവർത്തികമാക്കുന്നതിനു ഡയോസിസൻ കൌൺസിലിന്റെ ഒരു പ്രത്യേക യോഗം എപ്രിൽ 15, 16 എന്നീ തീയതികളിൽ നടത്തുന്നതിനു തീരുമാനിക്കയും ചെയ്തതായി അറിയുന്നു. റിറ്റയാർഡ് ജഡ്ജി ശ്രീ ജേക്കബ് ഈപ്പൻ, ബി. എ., ബി. എൽ ഈ കൌൺസിൽ യോഗത്തിന്റെ അദ്ധ്യക്ഷനായിരിക്കുന്നതാണ്. വല്ല കാരണവശാലും അദ്ദേഹത്തിനു അദ്ധ്യക്ഷത വഹിക്കുന്നതിനു അസൌകര്യം ഉണ്ടാകുന്നതായാൽ തൽക്കൃത്യനിർവ്വഹണത്തിനായി അഡ്വക്കേറ്റ് ശ്രീ പി. കെ. കുര്യൻ, ബി. എ., ബി. എൽ. നെ നിർദ്ദേശിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പു കൃത്യങ്ങളിൽ ആവശ്യമുള്ള വിവിധ നടപടികൾ നടത്തുന്നതിനും നാമനിർദ്ദേശപത്രങ്ങൾ പരിശോധിക്കുന്നതിനും മറ്റും അദ്ധ്യക്ഷനെ സഹായിക്കുന്നതിനായി സഭ്യ ശ്രീ എ. വി. ജോസ്സ്, എം. പി. പുന്നൻ, കെ. ററി. നൈനാൻ ബി. എ, ബി. എൽ, ജേക്കബ് തോമസ് ബി. എ., ബി. എൽ. എന്നിവരെ ഒരു കമ്മറ്റിയായി തെരഞ്ഞെടുത്തിട്ടുണ്ട്. നാമനിർദ്ദേശപത്രികകൾ കൌൺസിൽ അംഗങ്ങൾക്കു യഥാകാലം അയച്ചുകൊടുക്കുന്നതായിരിക്കും. മാച്ചു

15-ാംനു കു അകമായി ആയവ പരിഷ്കരിച്ചു തെരഞ്ഞെടുപ്പു ക്രമീകരണക്കമ്മറിയുടെ കൺ വീനർ ശ്രീയായ ശ്രീ ജേക്കബ് ഈപ്പന്റെ പേക്ക് അയച്ചുകൊടുക്കേണ്ടതാണ്.

തെരഞ്ഞെടുപ്പു സംബന്ധിച്ചു നിലവിലിരുന്ന സൗഹാർദ്ദാവസ്ഥ നീങ്ങുകയും കഴിവായിരിക്കുന്ന അപേക്ഷസ്ഥാനത്തു ഏറെ താമസിയാതെ ഒരു ബിഷോപ്പു് അവരോധിക്കപ്പെടുകയും ചെയ്യുന്നതു സന്തോഷകരവും മഹായിടവകയുടെ ബഹുമുഖങ്ങളായ പ്രവർത്തനപുരോഗതിക്കു് സഹായകരവുമാണ്.

ഇതുസംബന്ധിച്ചു വിവിധ ചുമതലകൾ വഹിക്കുന്ന ഓരോരുത്തർക്കും ചെയ്യേണ്ടതായിട്ടു് ഉണ്ടാകുന്നതിനു മഹായിടവകയിലെ ജനങ്ങൾ എല്ലാവരും പ്രാർത്ഥനയിൽ പൂർവ്വാധികം ഉററിരിക്കേണ്ട സന്ദർഭമാണ് സമാഗതമായിരിക്കുന്നതു്. രാഷ്ട്രീയ തെരഞ്ഞെടുപ്പുകളിൽ സാധാരണ പ്രത്യക്ഷമാകാറുള്ള സമീപനസമ്പ്രദായങ്ങളോ പ്രചരണപരിപാടികളോ ചേരിതിരിവുകളോ ഉണ്ടാകാതെ ദൈവഹിതമനുസരിച്ചു് ആദ്ധ്യാത്മികമായ അന്തരീക്ഷത്തിൽ സകല കാര്യങ്ങളും നടത്തപ്പെടണമെന്നുള്ള ഉദ്ദേശത്തെ മുൻനിറുത്തി എല്ലാവരും പ്രവർത്തിക്കണമെന്നു് അനുസ്മരിപ്പിച്ചുകൊള്ളുന്നു.

2. സാമ്പത്തിക വർഷാവസാനം. കഴിഞ്ഞ ലക്കം മാസികയിൽ മഹായിടവകകേന്ദ്രത്തിലേക്കു ഓരോ ഇടവകയിൽനിന്നും സഭാസന്ധിപ്പിനും (നിത്യച്ചെലവു്) സഭാശുശ്രൂഷിമിഷ്യൻ, പറക്കാൽമിഷ്യൻ, പറക്കാൽമിഷ്യൻ ബോർഡിംഗ് ഫണ്ടു് മിഷ്യനറിപ്രവർത്തനങ്ങൾക്കും എപ്രിൽ 1-ാംനു മുതൽ ജനുവരി അവസാനംവരെ അടുപ്പിച്ചിട്ടുള്ള സംഭാവനകളുടെ വിശദമായ ലിസ്റ്റ് ചേർത്തിരുന്നതു് എല്ലാ ഇടവകപ്പട്ടക്കാരുടെയും സഭാപ്രവർത്തകരുടേയും ചുമ്മാകമ്മറിക്കാരുടേയും ശ്രദ്ധയിൽപ്പെട്ടിരിക്കുമല്ലോ. അടങ്കൽ അനുസരിച്ചു മഹായിടവക ആപ്പീസിൽ അയച്ചുകൊടുക്കേണ്ട തുകയുടെ പകുതിപോലും ഓരോ ഇനങ്ങളിലും ഇതിനകം ലഭിച്ചിട്ടില്ല എന്നു വ്യക്തമാകിയിരുന്നു. സാമ്പത്തികവർഷം അവസാനിക്കുന്നതിനു ഇനിയും ഒരു മാസം മാത്രമേ അവശേഷിച്ചിട്ടുള്ളൂ. അതുകൊണ്ടു കാര്യത്തിന്റെ അടിയന്തിരാവസ്ഥ മനസ്സിലാക്കി ബഡ്ജറ്റ് അനുസരിച്ചു് ഓരോ ഇടവകയൽനിന്നും അയച്ചുകൊടുപ്പാനുള്ള തുകകൾ എപ്രിൽ മൂന്നാം തിയതിക്കകമായി അയച്ചുകൊടുക്കുന്നതിനു പരമാവധി പരിശ്രമം ചെയ്യുകയും സഹകരിക്കണമെന്നും അങ്ങനെ സാമ്പത്തിക വൈക്ലബ്യങ്ങളിൽനിന്നു മഹായിടവകയെ ഉദ്ധരിക്കണമെന്നും എല്ലാവരോടും അഭ്യർത്ഥിച്ചുകൊള്ളുന്നു.

ധനപരമായി അപര്യാപ്തതയുള്ള ഇടവകകൾക്കു കേന്ദ്രത്തിൽനിന്നു പ്രതിമാസം കൊടുത്തുകൊണ്ടിരിക്കുന്ന ധനസഹായം കൊടുക്കുന്നതിനും സുവിശേഷ പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവിട്ടുകൊണ്ടിരിക്കുന്ന തുകകൾ നിർവ്വിഘ്നം നൽകുന്നതിനും കേന്ദ്രത്തിൽ പണമില്ലാതെ വന്നാൽ സംജാതമാകുന്ന വൈക്ലബ്യങ്ങൾ എത്ര ഗുരുതരമായിരിക്കുമെന്ന് ഞങ്ങൾ പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ. മിഷ്യനറിപ്രവർത്തനങ്ങൾക്കായി പ്രത്യേകം വേർതിരിച്ചിട്ടുള്ള പള്ളിപ്പിരിവുകൾപോലും അയച്ചുകൊടുപ്പാൻ സന്മനസ്സുണ്ടാകാതെപോയവർ പലരുണ്ടെന്നുള്ള മുകളിൽ പ്രസ്താവിച്ച കണക്ക ശരിയായി നോക്കിയാൽ കാണാവുന്നതാണ്. ഈ രീതി അവലംബിക്കുന്നതു അവിശ്വസ്തതയും ഇതിൽ പ്രത്യക്ഷപ്പെടുന്ന ധൈര്യം ഭയങ്കരമായിട്ടുള്ളതുമാണെന്നുള്ള ഞങ്ങൾക്കു തോന്നുന്നു. എല്ലാം കൂടെ ഒരുമിച്ചു ആണ്ടവസാനത്തിൽ കൊടുക്കാമെന്നു കരുതിയിരിക്കുന്ന ചിലർ ഉണ്ടെന്നുള്ള വാസ്തവം വാസ്തവമാകുന്നില്ല. പക്ഷേ അതും അനുകരണീയമായ നയമല്ല എന്നു് അറിയാമല്ലൊ.

പള്ളിമുതലിലേക്കു കൊടുക്കേണ്ട വരുമാനങ്ങൾ യഥാകാലം ഓരോരുത്തരും കൊടുക്കാതെയിരുന്നതു നിമിത്തം നിയമാനുസരണം ചുമ്മാകമ്മറി തെരഞ്ഞെടുപ്പുകൾ നടത്തുവാൻ സാധിക്കാതെ വന്നിട്ടുള്ള അനേകം സഭകൾ മഹായിടവകയിലുണ്ടെന്നുള്ള ഞങ്ങൾക്കു് അറിയാം. അപ്രകാരമുള്ള സ്ഥലങ്ങളിൽ പ്രത്യേക പരിശ്രമം ചെയ്തു കുടിശ്ശികകൾ പിരിച്ചു വോട്ടവകാശം യോഗ്യതയുള്ളവരുടെ എണ്ണം വർദ്ധിപ്പിച്ചു് അടുത്ത വർഷം ആരംഭത്തിൽ നിയമാനുസരണമുള്ള തെരഞ്ഞെടുപ്പു നടത്തി സഭാപ്രവർത്തനങ്ങളെ പുരോഗമിപ്പിക്കണമെന്നും ഉൽബോധിപ്പിക്കുന്നു.

സി. എസ്സ്. ഐ.—ആദ്യത്തെ പത്തു വർഷങ്ങൾ

1. ഐക്യതയിലേക്കുള്ള വളർച്ച.

(ബിഷോപ്പ് സുമിത്ത്)

[സി. എസ്സ്. ഐയുടെ പത്തു വർഷത്തെ പ്രവർത്തനത്തെ സംബന്ധിച്ചു നടന്ന പ്രസംഗങ്ങൾ ഇക്കഴിഞ്ഞ സിനഡു സമ്മേളനത്തിൽ ചെയ്യപ്പെട്ടു. അതിൽ മോഡറേറ്റർ ചെയ്ത പ്രസംഗത്തിന്റെ പരിഭാഷയാണ് ചുവടെ ചേർക്കുന്നത്].

1947 സെപ്തംബർ 27-ാം തിയ്യതിയാണ് സി. എസ്സ്. ഐ. ഉൽഘാടനം ചെയ്തത്. തങ്ങളുടെ വ്യത്യാസങ്ങളെ മറന്ന് ദൈവത്തെ സ്തോത്രം ചെയ്തുകൊണ്ട് നാം എല്ലാവരും ദൈവത്തിന്റെ കരുണാസമ്പന്നമായ ആ പ്രവൃത്തിയിൽ സന്തോഷസനിതമായി പങ്കുകൊണ്ടു. അനേക രാജ്യങ്ങളിലും സഭകളിലുമുള്ള ദൈവമക്കളുടെ പ്രാർത്ഥനയും പ്രയത്നവും ആ ശ്രമഭിനത്തിൽ പൂർത്തിയായി. അങ്ങനെ അസാധ്യമെന്ന് അനേകരും വിധിയെഴുതിയത് ഒരു യഥാർത്ഥ്യമായിത്തീർന്നു. ദൈവത്തിന്റെ ഈ അത്ഭുതപ്രവൃത്തി മഹിമപ്പെടുത്തുന്നതിനും, പുതിയ സഭയ്ക്ക് മംഗളമാശംസിക്കുന്നതിനുമായി മാതൃസഭകളുടെയും ഉതവി സംഘടനകളുടെയും പ്രതിനിധികൾ ആ ചടങ്ങുകളിൽ സംബന്ധിച്ചു. ഇൻഡ്യയിലെ ക്രൈസ്തവസഭയുടെ എന്നല്ല ലോകത്തെങ്ങുമുള്ള സഭയുടെ വളർച്ചയിൽ നൂതനീയമായ ഒരു ദിവസമായിരുന്നു അതു. ക്രിസ്തു ജീവിക്കുന്നുണ്ടെന്നും സഭയിൽ കൂടി അവന്റെ ഉദ്ദേശങ്ങൾ നിവർത്തിക്കുന്നുണ്ടെന്നും, ലോകത്തിനു തെളിയിച്ചു കാട്ടുവാൻ, ശതാബ്ദങ്ങളായി വിഭജിച്ചുനിന്ന സഭകൾ മക്ഷിണയിന്ത്യയിൽ ഒന്നിച്ചുചേർന്നു.

ദൈവം നമ്മെ നടത്തിയ, ഐക്യതയുടെ വിലയും നൽപ്പും സഭാംഗങ്ങളായ നാം കഴിഞ്ഞ പത്തു വർഷത്തെ പ്രവർത്തനംകൊണ്ടു പഠിച്ചു. ഘടകസഭകളിലെ എല്ലാ അംഗങ്ങളും ഐക്യസഭയിലെ തുല്യ നിലയിലുള്ള അംഗങ്ങളാണെന്നും പരസ്പരം ക്രമാശകളിൽ പങ്കുകൊള്ളുമെന്നും ഭരണഘടന പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെ തന്നെ സഭാധികാരികൾ അനുവദിച്ചിട്ടുള്ള ഏതൊരു സേവനം അനുഷ്ഠിക്കുന്നതിനും തുല്യപദവി അനുഭവിക്കുന്നതിനും ഘടക സഭകളിലെ പട്ടക്കാർക്ക് അവകാശമുണ്ടായിരിക്കുന്നതാണ്. അങ്ങനെ നാം മുൻപ് അറിയുകയോ, അറിയുവാൻ ശ്രമിക്കയോ ചെയ്തിട്ടില്ലാത്ത ആളുകളോടൊന്നിച്ച് പ്രവർത്തിക്കയും ആരാധിക്കയും ചെയ്തു തുടങ്ങി. സഭയിൽ ദൈവം നമുക്കു നല്കിയിട്ടുള്ള സഹോദരീസഹോദരന്മാരുമായി കൂട്ടായ്മ ആരംഭിക്കയും വ്യത്യാസങ്ങളെ സംബന്ധിച്ചുള്ള നമ്മുടെ പരിച്ഛിന്നത അവതിവരുത്തുകയും ചെയ്തു. ഡയോസിസൻ കൌൺസിലുകൾ, അവയുടെ കമ്മറ്റികൾ, പട്ടക്കാരുടെ ധ്യാനയോഗങ്ങൾ, പ്രവർത്തകരുടെ സമ്മേളനങ്ങൾ, സ്ത്രീകളുടെ ഫെലോഷിപ്പുകൾ, യോജിച്ചുള്ള ശുശ്രൂഷകൾ, യോജിച്ചു നടത്തുന്ന സുവിശേഷ പ്രയത്നങ്ങൾ ആദിയായ അനേക പ്രവർത്തനങ്ങളിൽ കൂടി വിവിധ പാരമ്പര്യങ്ങളിലുള്ള പട്ടക്കാരും മറ്റംഗങ്ങളും പരസ്പരം കൂടുതൽ ഐക്യതയും പ്രചോദനവും ലഭിച്ചുകൊണ്ടിരിക്കുന്നു. ഈ കൂട്ടായ്മ മൂലം നാം അഭിമുഖീകരിക്കേണ്ട പുതിയ ചുമതലകളും വെല്ലുവിളികളും ഉണ്ടാകുന്നുണ്ട്.

ഈ വളർച്ചയെ പരിശോധിക്കുന്നതിനായി കഴിഞ്ഞ പത്തു വർഷത്തിനിടയിൽ മാതൃസഭകളിൽ നിന്നും മിഷ്യനറി സംഘടനകളിൽനിന്നുമായി അനേകർ വന്നുകൊണ്ടിരുന്നു. സഭൈക്യം എന്ന മഹനീയ കൃത്യത്തിന്റെ മുന്നോടികളായി നമ്മെ തെരഞ്ഞെടുത്തിരിക്കുന്നുവെന്നും, നാം കൂട്ടായ്മയിൽ വളരുന്നുണ്ടെന്നും അവർക്കെല്ലാം ബോദ്ധ്യമായിട്ടാണ് മടങ്ങിപ്പോയതു്. ലോകത്തിലുള്ള പല രാജ്യങ്ങളിലും സഭൈക്യത്തെ സംബന്ധിച്ചുള്ള ചർച്ചകളിൽ സി. എസ്സ്. ഐ. ഒരു ദൃഷ്ടാന്തമായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. നമ്മുടെ ഭരണഘടനയും ശുശ്രൂഷക്രമങ്ങളും, ഇൻഡ്യയിലെ ലൂതറൻ സഭാ പ്രതിനിധികളുമായി നാം നടത്തിയ ചർച്ചകളുടെ ഫലമായി ഉണ്ടായ പ്രസ്താവനകളും, റിപ്പോർട്ടുകളും മറ്റു സഭകളുടെ നേതാക്

ന്നാൽ സൂക്ഷ്മമായിപഠിക്കുന്നുണ്ട്. ഉത്തരേന്ത്യാ, സിലോൺ, നൈജീരിയാ ഈ സ്ഥലങ്ങളിലുള്ള സഭാഐക്യപ്രവർത്തികളിൽ നമ്മുടെ ഭരണഘടനയിലെ ഗണ്യമായ ഭാഗങ്ങൾ അപ്പടി പകർത്തിയിട്ടുണ്ട്. നമ്മുടെ ഐക്യം ഫലപ്രദവും, വിജയകരവുമാണെന്ന് നമ്മെ വിളിച്ചറിയിക്കുന്ന വാസ്തവങ്ങളാണിവ.

സഭ മുഴുവനായി വിചാരിക്കുമ്പോൾ ഈ സംഗതികളെല്ലാം വാസ്തവമാണെങ്കിലും, നാം ആഗ്രഹിക്കുന്ന ഐക്യത്തെ തകർക്കുന്നതും, പരിമിതപ്പെടുത്തുന്നതുമായ വസ്തുതകൾ കൂടി കണക്കിലെടുക്കണം. പുറത്തുനിന്ന് വരുന്നവർ, നമ്മുടെ തോൽവികളും, കുറവുകളും സൂക്ഷിക്കുയോ, എടുത്തു കാണിക്കുയോ, ചെയ്യുന്നില്ലെങ്കിലും കഴിഞ്ഞ പത്തു വർഷത്തെ ജീവിതവും പ്രവർത്തനവും നാം പരിശോധിക്കുമ്പോൾ തോൽവികളും കുറവുകളും മനസ്സിലാക്കി പ്രതിവിധി നേടേണ്ടതു നമ്മുടെ കർത്തവ്യമാണ്.

1. നമ്മുടെ പതിനാലു മഹായിടവകകളിൽ ആറെണ്ണത്തിലുള്ള സാധാരണ അംഗങ്ങൾക്കു സഭാഐക്യം യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ലെന്നു നാം സമ്മതിക്കണം. കൃഷ്ണാ, ഗോദാവരി, കോയമ്പത്തൂർ, തിരുനൽവേലി, മധ്യതിരുവിതാംകൂർ, ദക്ഷിണതിരുവിതാംകൂർ, ജാഫ്ന ഇവയാണ് ആ മഹായിടവകകൾ. ഈ മഹായിടവകകളിൽ നിന്നുള്ള അംഗങ്ങൾ ഒരേ പാരമ്പര്യത്തിൽ, കോൺഗ്രിഗേഷനലോ ഏപ്പിസ്കോപ്പലോ—നിന്നുവന്നവരാകയാൽ സി. എസ്സ്. ഐ യുടെ യോജിപ്പിൽ എത്തിയ മറ്റു ഘടക സഭകളുമായി യോജിച്ചു പ്രവർത്തിക്കുന്നതിനുള്ള അവസരം ലഭിച്ചിട്ടില്ല എന്നുള്ളതാണിതിനു കാരണം. മഹായിടവകയ്ക്കു പുറത്തുപോയി അന്യ സ്ഥലങ്ങളിൽ നടക്കുന്ന വസ്തുതകൾ ഗ്രഹിക്കുന്നതിനും കാണുന്നതിനുമുള്ള അവസരം മഹായിടവകയിലെ ഔദ്യോഗിക ഭാരവാഹികൾക്കും മറ്റു നേതാക്കന്മാർക്കും സാധിക്കുന്നുണ്ടെങ്കിലും സാധാരണ അംഗങ്ങളും പട്ടക്കാരും ഈ ഐക്യത്തെയും അതിന്റെ ഫലങ്ങളെയും സംബന്ധിച്ചു തികച്ചും അജ്ഞരാണ്. "സി. എസ്സ്. ഐ യുടെ അംഗങ്ങളാണെന്ന് ഗ്രാമത്തിലുള്ള അനേക സഭകളെയും ഇനിയും പഠിപ്പിക്കേണ്ടിയിരിക്കുന്നു" എന്നാണ് ബിഷപ്പ് ജബരാജ് എഴുതുന്നതു. കോയമ്പത്തൂർ മഹായിടവകയിൽ പഴയ കുറെ ആംഗ്ലിക്കരും മെഥഡിസ്റ്റ് സഭകളും ഉണ്ടെങ്കിലും അധിക പങ്കും പഴയ എസ്സ്. ഐ. യു. സി. സഭകളാണ്. "വിവിധ പാരമ്പര്യങ്ങളിൽ നിന്നു വന്ന ഇടവകകളുമായി ഒരു പൂർണ്ണ യോജിപ്പ് ഇതുവരെ കൈവന്നിട്ടില്ലെ"ന്നാണ് ബിഷപ്പ് അപ്പാസാമി എഴുതുന്നതു. "ഈ നിലയിലുള്ള ആലോചനകൾ പലപ്പോഴും സ്ഥലത്തെ നേതാക്കന്മാരുടെ ശക്തിയായ എതിർപ്പിനു ഇട നല്കുന്നുണ്ട്."

2. രണ്ടാമതായി, വിവിധ പാരമ്പര്യങ്ങളെ ഒരേ സഭയിൽ യോജിപ്പിക്കുന്നതിനുള്ള നമ്മുടെ ശ്രമം ചില സ്ഥലങ്ങളിൽ ഒരു പരാജയമായിരുന്നെന്നു സമ്മതിക്കണം. ഈ തരത്തിൽ റായൽസീമാ മഹായിടവക ഒരു എണ്ണപ്പെട്ട ദൃഷ്ടാന്തമാണ്. ഉൽഘാടനത്തിനു മുൻപുതന്നെ സി. ഐ. ബി. സി. യിൽ ഉൾപ്പെട്ട 35,000 ആളുകൾ പട്ടക്കാരുൾപ്പടെ, ആംഗ്ലിക്കന്മാരായി തന്നെ തുടരുന്നതിനാണ് നിശ്ചയിച്ചതു. അവരുടെ ചാച്ച്ക്കാരും സ്നേഹിതരുമായി ഒരു 15,000 പേർ സി. എസ്സ്. ഐ. യിലേക്കു വരികയും റായൽസീമാ മഹായിടവകയിൽ ഉൾപ്പെടുകയും ചെയ്തു. അവർ അനവധി കഷ്ടതകളും ബലഹീനതകളും സഹിച്ചു. നന്ദ്യാൽ പ്രദേശത്തു ആംഗ്ലിക്കരായി തുടരുന്നവർക്കു വേണ്ടി ഒരു പ്രത്യേക മഹായിടവക രൂപീകരിക്കാൻ സി. ഐ. പി. ബി. സി. ആലോചിച്ചുകൊണ്ടിരിക്കുയാണ്.

കടപ്പ എന്ന സി. എസ്സ്. ഐ. മഹായിടവക രൂപം പ്രാപിച്ചപ്പോൾ എസ്സ്. ഐ. യു സി. സഭകളിൽ ഒരു ഭിന്നത ആരംഭിച്ചു. ചില പട്ടക്കാരുടെയും അയ്മേനികളുടെയും നേതൃത്വത്തിൽ ഏകദേശം 10,000 ആളുകൾ മാറി നിന്ന് സി. എസ്സ് ഐ യ്ക്കു അറുതിയില്ലാത്ത ഉപദ്രവങ്ങൾ ചെയ്തുകൊണ്ടിരിക്കുയാണ്. ലണ്ടൻ മിഷ്യനറിസൊസൈറ്റി അവരെ നിരസിച്ചെങ്കിലും ഇപ്പോഴും സ്ഥാപനകളും സ്ഥലങ്ങളും അവരുടെ വകയാണെന്നവകാശപ്പെടുന്നുണ്ട്. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ അവരുടെ പ്രവർത്തകരിലും അംഗങ്ങളിലും അധികം പേർ ഈ മഹായിടവകയിലേക്കു വന്നുകൊണ്ടിരിക്കുന്നു. അതി വിദൂരമല്ലാത്ത ഭാവിയിൽ ഈ വിഭാഗങ്ങൾ ഇല്ലാതാകുമെന്നുള്ള ആശയ്ക്കു വകകാണുന്നുണ്ട്.

സെക്കണ്ടറബാദ്, മാവേലിക്കര, തിരുവനന്തപുരം മുതലായ പ്രദേശങ്ങളിലെ സഭകൾ സി. എച്ച്. ഐ യിൽ ഉൾപ്പെടുന്നതിനുള്ള ശ്രമത്തെ എതിർത്തുകൊണ്ടിരുന്നു.

നീരസവും, പകയും, അസൂയകരവും വ്യയഹേതുകവുമായ കോടതിക്കേസുകളും ഈ അനൈക്യതയെ പിൻതുടർന്നു. അസൂയ, സ്വാർത്ഥതാല്പര്യം മുതലായവയാണ് ഈ വിടവുകൾക്ക് കാരണം. അല്ലാതെ വേദശാസ്ത്രപരമായ വ്യത്യാസങ്ങളൊന്നുമില്ല. എന്നാൽ ദോഷകരമായ "ഈ സംഗതികൾ നിമിത്തമാണല്ലോ സഭാഐക്യം നിലനില്ക്കുന്നത്?" എന്ന സംഹതമായ ചോദ്യമാണ് ഇവ കൊണ്ടുവന്നത്. നാം സ്വീകരിച്ച ഐക്യപദ്ധതി കുറവുകളുള്ളതാണെന്നും വീണ്ടും പരിശോധിക്കണമെന്നും അഭിപ്രായപ്പെടുന്ന ചിലരുണ്ട്. ദൈവത്തിന്റെ മാനങ്ങളെ സ്വീകരിക്കുന്നതിൽ ആളുകളെ ഒരുക്കുന്നതിനുവേണ്ടിയുള്ള വിദ്യാഭ്യാസത്തിന്റെ അളവ് ഒരിക്കലും കൃത്യമല്ല. ഈ കുഴപ്പങ്ങൾ, നമ്മുടെ ഇടവകകളിൽ നിലവിലുള്ള ഉത്കണ്ഠിച്ച പ്രവണതകളെ ഓപ്പുക്കുന്നതിനു പറ്റിയപ്രയോഗമായവയാണ്. ദക്ഷിണതിരുവിതാംകൂർ മഹായിടവകയിലെ വീക്ഷണം അങ്ങനെ അസാധാരണമല്ലെയെന്നു സംശയിക്കുന്നു. ബിഷപ്പ് ലഷ്ഗ് ഇപ്രകാരമാണെഴുതുന്നത്. "മഹായിടവക ഭരണവുമായി ഒരേ പാരമ്പര്യത്തിൽ നിന്നുള്ളവരാകയാൽ ആരാധനയും, സംഘടനാവ്യവസ്ഥിതിയെ സംബന്ധിച്ചും മറ്റു പാരമ്പര്യങ്ങളിൽനിന്നും വളരെ കുറച്ചു മാത്രമെ പഠിക്കുന്നുള്ളൂ. എന്നാൽ വിവിധ പാരമ്പര്യങ്ങളിൽ നിന്നുള്ള ആരാധനയുടെ അദ്ധ്യാപകരും, വിദ്യാർത്ഥികളുമുള്ള വൈദിക സ്ഥാപനകളിലാണ് ഭാവിയിലുള്ള പട്ടക്കാർ പരിശീലിക്കപ്പെടുന്നത്. അനവധി പ്രയത്നങ്ങൾ നടത്തുന്നുണ്ടെങ്കിലും എൽ. എം. എസ്സ്. പാരമ്പര്യത്തിൽനിന്നും വന്ന സി. എച്ച്. ഐ. വിരുദ്ധഗ്രൂപ്പുകാരോട് യാതൊരു രമ്യതയുടെയും ലക്ഷണം കാണുന്നില്ല. കാലാകാലങ്ങളായി സഭയിൽ കുഴപ്പങ്ങളുണ്ടാക്കുകയും, കോർട്ടിൽ ധാരാളം കേസുകൾ – വസ്തുവകകളെ സംബന്ധിച്ചു ദൂരവ്യാപകങ്ങളായ ഫലങ്ങൾ ഉള്ളവ ഇപ്പോഴും നിലവിലുണ്ട്. യോജിപ്പു നിലനിന്നു പോകുവാൻ ആളുകൾ ആഗ്രഹിക്കുന്നതിനാൽ എന്തെങ്കിലും വ്യത്യാസങ്ങൾ തൽക്കാലം വരുത്തുവാൻ വിസമ്മതിക്കുന്നെങ്കിലും, സി. എച്ച്. ഐ. ശുദ്ധസ്ഥാനിയായിട്ടുണ്ടെന്നാണ് തോന്നുന്നത്. എന്നാലും വസ്തുവകകളെ സംബന്ധിച്ചു സി. എച്ച്. ഐ. വിരുദ്ധഗ്രൂപ്പുകളുമായുള്ള കേസുകളുടെ ഫലം, മഹായിടവക രണ്ടായി വിഭജിക്കുന്നതിനുള്ള നിർദ്ദേശത്തിന്റെ പ്രതികരണങ്ങൾ—വല്ലതുമുണ്ടെങ്കിൽ – മുതലായവ കാണാതെ ഈ മഹായിടവകയിലെ സി. എച്ച്. ഐ യുടെ ഭാവിയെ സംബന്ധിച്ചു എന്തെങ്കിലും പറയുവാൻ കാലമായിട്ടില്ല."

3. ഉത്തരകേരളത്തിലെ പരിതസ്ഥിതികൾ വേർതിരിച്ചു പഠിക്കണം. രണ്ടു പാരമ്പര്യങ്ങളുള്ള രണ്ടു ഡിസ്ട്രിക്ട് ചേർന്നാണ് മഹായിടവക രൂപപ്പെട്ടിട്ടുള്ളത്. മലബാർ കോണ്ടിനന്റൽ പ്രസ്ബിറ്റേറിയനും, തൃശൂർ ആംഗ്ലിക്കനും. സ്വഭാവത്തിലും സംഘടനാവ്യവസ്ഥിതിയിലും ഈ രണ്ടു ഡിസ്ട്രിക്ടുകൾ വ്യത്യസ്തങ്ങളാണ്. ഡിസ്ട്രിക്ട് കൌൺസിലുകളുടെയും ഇടവക കൌൺസിലുകളുടെയും ഭരണഘടനകൾ ഈ രണ്ടു പാരമ്പര്യങ്ങൾക്കും വ്യത്യസ്തങ്ങളാണ്. അവരുടെ ഐക്യത്തിനു മുൻപുള്ള വിധത്തിൽ തന്നെ ഡയോസിസൻ കൌൺസിലിനും, അതിന്റെ എക്സിക്യൂട്ടീവിനുമുള്ള റൂളുകൾ രണ്ടു ഡിസ്ട്രിക്ടിലും ഒന്നാണെങ്കിലും കൌൺസിലിലേക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുക്കുന്നതു രണ്ടു വ്യത്യസ്തരീതികളിലാണ്. 1957-ൽ ഈ ഭരണഘടന പരിഷ്കരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവെങ്കിലും അതിനധികം എതിർപ്പുണ്ടായതിനാൽ മാറ്റിവെയ്ക്കുകയാണുണ്ടായത്. ഈ വ്യത്യാസങ്ങൾക്കു പുറമെ അനൈക്യത്തിനു കാരണമാക്കുന്ന രണ്ടു സ്വതന്ത്ര സംഘടനകൾ അവിടെ പ്രവർത്തിക്കുന്നുണ്ട്. എല്ലാ വിദ്യാഭ്യാസ സ്ഥാപനകളെയും നിയന്ത്രിക്കുന്ന ക്രിസ്ത്യൻ എഡുക്കേഷനൽ സൊസൈറ്റിയും, വസ്തുവകകളെ നിയന്ത്രിക്കുന്ന ബാസൽമിഷ്യൻ ട്രസ്റ്റുമാണ് ഈ സംഘടനകൾ ഡയോസിസൻ കൌൺസിലും. ഈ രണ്ടു സ്വതന്ത്രസംഘടനകൾ തമ്മിലുമുള്ള ഉരസലുകൾ മൂലമാണ് അനവധി കുഴപ്പങ്ങളും, കോർട്ടുകേസുകളും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഡയോസിസൻ കൌൺസിലിന്റെ കീഴിൽ എല്ലാ സ്ഥാപനകളും പ്രവർത്തനങ്ങളും കൈവരാതെ യാതൊരു സമാധാനവും ഉണ്ടാവില്ല.

4. ഒരു മഹായിടവകയുടെ ശക്തിക്കും ഐക്യത്തിനും ആവശ്യമായിരിക്കുന്ന പ്രധാന സംഗതി അവിടെയുള്ള പ്രവർത്തന കേന്ദ്രങ്ങളും സഹായ കേന്ദ്രങ്ങളും (Zones) തമ്മിൽ യോജിക്കയെന്നുള്ളതാണ്. പക്ഷേ മഹായിടവകകളിൽ ഈ യോജിപ്പ് ഇതുവരെ ഉണ്ടായിട്ടില്ല എന്ന ഖേദപൂർവ്വം ഓർക്കണം. വളരെ സങ്കീർണ്ണമായ ഒന്നാണ് മദ്രാസ് മഹായിടവക. "സഭയുടെയും, സ്ഥാപനകളുടെയും പണസംബന്ധമായ ഏഷ്ടാടുകൾ എല്ലാം ഡയോസിസൻ ഖജാൻജിയെല്ല കൈകാര്യം ചെയ്യുന്നത്..... മുമ്പുള്ളത്തിൽ മദ്രാസിൽ ഒരു കേന്ദ്രഫണ്ടോ, ആസ്തികൾ ഒരേ ഫണ്ടിൽ ഉൾപ്പെടുത്തുകയോ ചെയ്യുന്ന പതിവില്ല," എന്നാണ് ബിഷപ്പ് ചെല്ലപ്പ എഴുതുന്നത്. കോയമ്പത്തൂർ മഹായിടവകയിലെ അവസ്ഥയും ഒട്ടും വ്യത്യസ്തമല്ല.

ഈ വിധത്തിൽ, സഹായകേന്ദ്രങ്ങളുടെ (Resources) യോജിപ്പ് ഇതുവരെ മഹായിടവകകളിൽ കൈവന്നിട്ടില്ല. മിഷ്യനറി സംഘടനകൾ അവരുടെ ഗ്രാന്റുകൾ മഹായിടവക ഖജാൻജിക്ക് അയച്ചുകൊടുക്കുന്നെങ്കിലും അവരുടെ തന്നെ പ്രവർത്തകർക്കും മിഷ്യനറി വയലുകൾക്കും വിതരണം ചെയ്യണമെന്നുള്ള ധാരണയിലാണ് കൊടുക്കുന്നത്. മഹായിടവകയുടെ ഖജാൻജി ഒരു വിതരണക്കാരൻ മാത്രമാണ്. ഈ ഫണ്ടുകൾ എങ്ങനെ ഉപയോഗിക്കണമെന്നു നിശ്ചയിക്കുന്നതിന് മഹായിടവകയ്ക്കു വലിയ അവകാശമൊന്നുമില്ല. ഏറ്റവും ഉപയോഗപ്രദമായ മാർഗ്ഗത്തിലൂടെ ഫണ്ടുകൾ വിനിയോഗിക്കുന്നതിനുള്ള ഒരു പ്ലാൻ തയ്യാറാക്കുന്നതിന് മഹായിടവകയ്ക്കു സാധിക്കുന്നില്ല. അവർ തുടങ്ങിവെച്ച പ്രവർത്തനങ്ങളിൽ സ്വാഭാവികമായി പ്രതിപത്തിയും അവയെ സഹായിക്കുന്നതിനുള്ള താല്പര്യവും ഈ മിഷ്യനറി സൊസൈറ്റികൾക്കുണ്ട്. അവരാൽ സഹായിക്കപ്പെടുന്ന പ്രവർത്തനവുമായി ഉറ്റബന്ധം പുലർത്തുവാൻ പാശ്ചാത്യരാജ്യങ്ങളിലുള്ള അവരുടെ സ്നേഹിതന്മാർക്ക് താല്പര്യമുണ്ട്. എന്നാൽ തങ്ങൾ ശരിയെന്നു വിചാരിക്കുന്ന രീതിയിൽ ഫണ്ടുകൾ വിനിയോഗിക്കുന്നതിനുള്ള അവകാശം മഹായിടവകയ്ക്കില്ലെങ്കിൽ അവ ഒരു വലിയ പ്രയാസം അഭിമുഖീകരിക്കും. മിഷ്യനറികളുടെ വേക്കൻസി പൂർത്തിയാക്കുന്നതിലും ഇതു തന്നെയാണവസ്ഥ. മിഷ്യനറിമാരുടെ വേക്കൻസികൾ പൂർത്തിയാക്കുന്നതിനു അവരുടെ മിഷ്യനറി സംഘടനകൾ വളരെ തത്രപ്പാട് കാണിക്കുന്നുണ്ട്. അപേക്ഷകൾ ലഭിക്കുമ്പോൾ മഹായിടവകയിലെ ബിഷപ്പുമാരുമായും മോഡറേറേറുമായും മാത്രം ആലോചിക്കുന്നു. ഫലമോ? സി. എസ്സ്. ഐ. മുഴുവനായുമുള്ള ആവശ്യം ശരിക്കു മനസ്സിലാക്കാതെയുള്ള നിയമനങ്ങൾ നടക്കുന്നു. വിദേശസഹായ (ധനവും ആളുകളും) ത്തിന്റെ ശരിയായ ഉപയോഗം എന്ന പ്രശ്നം സിനഡു ലവലിൽ പഠിച്ച്, സഭയുടെ മുഴുവനായുള്ള ആവശ്യം പരിഗണിച്ച് യോജിച്ച മാർഗ്ഗങ്ങൾ കണ്ടുപിടിക്കണം. സിനഡ് നല്ലതെന്ന് കരുതുന്ന മാർഗ്ഗത്തിൽ ഫണ്ടുകൾ വിനിയോഗിക്കുന്നതിനും സിനഡിനുവേണ്ടി സംഭാവന ചെയ്യാൻ മിഷ്യനറി സംഘടനകൾ കരുതുമാണ്. എന്നാൽ ഇപ്പോഴത്തെ സ്ഥിതിയിൽ അങ്ങനെയൊരു മുമ്പടല ഏറ്റെടുക്കുന്നതിനുള്ള ക്രമീകരണം സിനഡിനില്ല.

5. സഭയുള്ളിലുള്ള ഐക്യത്തെ സംബന്ധിച്ചു നാം പറയുമ്പോൾ, അതിന്റെ സമാധാനത്തെയും സന്തോഷത്തെയും ഭഞ്ജിക്കുന്ന അനവധി പ്രവർത്തനങ്ങൾ പല സ്ഥലങ്ങളിൽ ഓരോ സമയത്തു് അതിന്റെ സ്വന്ത അംഗങ്ങളിൽ നിന്നു തന്നെയുണ്ടായിട്ടുണ്ട്. സ്വന്ത ഇഷ്ടം അപരന്റെ മേൽ കുത്തിച്ചെലുത്തുന്നതിനു വ്യഗ്രത കാണിക്കുന്ന അനവധിയാളുകളുണ്ട്. അവർ ഈ ശ്രമത്തിൽ പരാജയപ്പെടുമ്പോൾ ആ തർക്കം കോർട്ടിലേക്കു കൊണ്ടുപോകും. അയൽ സഭകൾ നമ്മുടെ ഈ ബലഹീനത കണ്ട് അതിശയിക്കയും തങ്ങൾ നമ്മോടു് ചേർന്നാൽ ഇതാണോ അവസ്ഥയെന്നു ശങ്കിക്കയും ചെയ്യുന്നുണ്ട്. മദ്രാസിലെ ഇപ്പോഴത്തെ ബിഷപ്പിനെ തെരഞ്ഞെടുത്തപ്പോൾ ഉണ്ടായ കേസുകൾ ഉണ്ടായി. കൃഷ്ണാ—ഗോദാവരിയിലേക്കു ബിഷപ്പ് എലിയറിനെ നിയമിച്ചപ്പോൾ അദ്ദേഹവും മോഡറേറേറും കോർട്ടിലേക്കു വലിച്ചിഴക്കപ്പെട്ടു. ഇതു ബിഷപ്പുമാരെ തിരഞ്ഞെടുക്കുമ്പോൾ മാത്രമല്ല, ഇടവകയുടെ ഭാരവാഹികളുടെയും മഹായിടവക കൌൺസിലംഗങ്ങളുടെയും മറ്റും തെരഞ്ഞെടുക്കുമ്പോഴും വാസ്തവമാണ്.

6. ഈ തെറ്റുകളും കുറവുകളുമുണ്ടെങ്കിലും ദൈവം നമ്മെ നമ്മുടെ സഭയിൽ ധാരാളമായി അനുഗ്രഹിച്ചിട്ടുണ്ട്. തകർച്ചകളും വിടവുകളുമുണ്ടെങ്കിലും സഭ ഒന്നാണ്. നമ്മുടെ

പഴയ വ്യത്യാസങ്ങൾ എന്നന്നേക്കുമായി ഉപേക്ഷിക്കപ്പെട്ടു. നാം ഇപ്പോൾ ഒരു വിദേശ സഭയുടെയോ മിഷ്യനറി സംഘടനയുടെയോ ഭാഗമല്ല. മക്ഷിണേന്ത്യയിലെ സഭയാണ്. ഈ ദേശം നമ്മുടേതാണ്, ഈ സഭ നമ്മുടേതാണ്. നാം ക്രിസ്തുവിന്റേതും, നമ്മുടെ ശക്തിക്കായി പ്രവർത്തിക്കുന്ന ചില ലോകങ്ങളെ കൃതജ്ഞതയോടുകൂടി നമുക്കു സൂചിക്കാം.

(a) ആദ്യമായി വൈദിക സ്ഥാപനകളുടെ കാര്യം പറയണം. ദൈവത്തിന്റെ സഭയിലെ വിവിധ പാരമ്പര്യങ്ങൾ മനസ്സിലാക്കുന്നതിനും ജ്ഞാനത്തിലും കൃപയിലും വളരുന്നതിനും നമ്മുടെ പട്ടക്കാർക്കും അല്മായികൾക്കും അവിടെ സാധിക്കുന്നു.

(b) രണ്ടാമതായി, നമ്മുടേതായ ആരാധനക്രമങ്ങളുണ്ട്. അധികം താമസിയാതെ നമുക്കൊരു പ്രാർത്ഥനാപുസ്തകം ഉണ്ടാകും. നമ്മുടെ ശുശ്രൂഷക്രമങ്ങൾ ഇപ്പോൾ നിലവിലിരിക്കുന്ന ക്രമങ്ങളേക്കാൾ വളരെ മെച്ചപ്പെട്ടവയാണെന്നാണ് ഗണിക്കപ്പെട്ടുന്നത്. പാശ്ചാത്യസഭയിലുള്ള അനേകരും നമ്മുടെ വിശുദ്ധസംസ്കൃത ശുശ്രൂഷ ഇഷ്ടപ്പെട്ടുന്നുണ്ട്. എന്നാൽ നമ്മുടെ ഇടവകകളിൽ ഇതു ക്രമമായി ഉപയോഗിക്കപ്പെട്ട കാണാത്തതു വളരെ പരിതാപകരമായിരിക്കുന്നു. മഹായിടവകകളിൽനിന്നുള്ള റിപ്പോർട്ടുകളിൽനിന്നു മനസ്സിലാകുന്നത്, ഡയോസിസൻ കൌൺസിൽ മീറ്റിംഗുകൾ, പ്രവർത്തകരുടെ സമ്മേളനം മുതലായ പ്രത്യേക അവസരങ്ങളിലല്ലാതെ, ഈ ശുശ്രൂഷക്രമം ഞായറാഴ്ച ആരാധനകളിൽ 150 ഇടവകകളിൽ പോലും ഉപയോഗിക്കുന്നില്ലെന്നാണ്. ഏതായാലും സ്ഥിരീകരണശുശ്രൂഷ കുറെക്കൂടി വ്യാപകമായി ഉപയോഗിക്കയും, ആകർഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. സ്നാന ശുശ്രൂഷക്രമം ഇതുവരെ കണ്ണാടകത്തിലും തെലുങ്കിലും പരിഭാഷപ്പെടുത്തിയിട്ടില്ല. സി. എസ്സ്. ഐ ശുശ്രൂഷാക്രമങ്ങൾ നാം ഉപയോഗിക്കുമ്പോൾ മാത്രമേ നമ്മുടെ ഐക്യം വളരുകയുള്ളൂ.

(c) അടുത്തതായി, സ്ത്രീകളുടെ ഫെലോഷിപ്പും, സ്ത്രീകളുടെ ഓർഡറും, ഐക്യത്തിനു സഹായിക്കുന്ന ശക്തികളായി പരിഗണിക്കാം. വലിപ്പത്തിലും, പ്രയോജനത്തിലും ഈ സംഘടനങ്ങൾ കഴിഞ്ഞ കുറെ വർഷങ്ങളിൽ ഗണനീയമായി വളർന്നിട്ടുണ്ട്.

(d) പൊതുവായ ഭരണഘടന, പട്ടതം, ബിഷോപ്പന്മാരോടുള്ള പൊതുവായ ആദരവ്, യോജിച്ചുള്ള സുവിശേഷപ്രയത്നങ്ങൾ മുതലായവ ഐക്യം ഉദ്ദേപ്പെടുത്തുന്ന മറ്റു ശക്തികളായി എടുത്തു പറയാം.

ദൈവം നമ്മെ കൂട്ടിച്ചേർത്തു; നാം ഒന്നിച്ചു വസിച്ചു വളരണം. സഭകളുടെ ജീവാത്മകമായ ഒരു ഐക്യം മാത്രം പോരാ. പിതാവും താനും ഒന്നായിരിക്കുന്നതുപോലെ ഒന്നാകണമെന്നാണ് നമ്മുടെ കർത്താവു പ്രാർത്ഥിച്ചതു. നാമെല്ലാവരും ദൈവത്തിന്റെ ഒരു കുടുംബത്തിൽ ഒന്നാകുമ്പോൾ ദൈവം നമ്മെ രക്ഷിക്കുവാൻ തന്റെ ഏകജാതനായ പുത്രനെ അയച്ചുവെന്ന് മക്ഷിണേന്ത്യാ മുഴുവൻ വിശ്വസിപ്പാൻ ഇടവരും.

ഞായറാഴ്ച ആചാരം

(Rev. T. B BENJAMIN, B. A.)

ശബ്ബത്തു് എന്നു പറയുന്നതും, ഞായറാഴ്ചയെന്നു പറയുന്നതും ഒന്നാണെന്നു വിചാരിക്കുന്നതു ശരിയായിരിക്കയില്ല. ശബ്ബത്തു് യെഹൂദന്മാരുടെ ആചാരമാണു്. ഞായറാഴ്ച ക്രിസ്ത്യാനികളുടെ ആചാരമാണു്. ശബ്ബത്താചാരത്തിന്റെ ഉത്ഭവം യഹൂദജാതിയുടെ പൌരാണിക ചരിത്രത്തിലും അവരുടെ ന്യായപ്രമാണത്തിലും അടിസ്ഥാനപ്പെട്ടിരിക്കുന്നു. എന്നാൽ ഞായറാഴ്ച ആചാരം യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നതു്. ശബ്ബത്ത് ആഴ്ചവട്ടത്തിൽ ഏഴാം ദിവസമാണെങ്കിൽ ഞായറാഴ്ച ഒന്നാം ദിവസമാണ്. അപ്പൊസ്തലന്മാരുടെ കാലത്തു് യെരുശലേമിലെ ക്രിസ്ത്യാനികൾ ശബ്ബത്തും ഞായറാഴ്ചയും ഒരുപോലെ ആചരിച്ചുപോന്നു എന്നു പുതിയനിയമത്തിൽ നാം കാണുന്നു. അതുകൊണ്ടു ശബ്ബത്താചാരത്തെ സംബന്ധിച്ചു് പഴയനിയമത്തിൽ കാണുന്ന വിപുലമായ

ചട്ടങ്ങളും പ്രമാണങ്ങളുമെല്ലാം ഞായറാഴ്ച ആചാരത്തെ ബാധിക്കുന്നതല്ല. ഞായറാഴ്ച കർത്താവിന്റെ ദിവസമാണ്. യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തെയും നമ്മുടെ വീണ്ടെടുപ്പിന്റെ രാജ്യത്തെയും കൊണ്ടാടുന്ന ദിവസമാണ്. സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ദിവസമാണ് വിശു. കുർബ്ബാന അനുഷ്ഠിക്കുന്ന ദിവസമാണ്. കർശനമായ നിയമങ്ങൾകൊണ്ടും ചട്ടങ്ങൾകൊണ്ടും ഞായറാഴ്ച ആചാരം ഉത്സാഹമായ ഒരു ഭാരമാക്കിത്തീർക്കാതിരിക്കുവാൻ നാം സൂക്ഷിക്കേണ്ടതാണ്. യെഹൂദന്മാരുടെ ശബ്ബത്താചാരത്തിൽ കടന്നുകൂടിയ ദോഷം ഇതായിരുന്നു. ന്യായപ്രമാണത്തിലെ നിയമങ്ങൾ തന്നെ വളരെ കർശനമായിരുന്നു. വെള്ളിയാഴ്ച വൈകുന്നേരം മുതൽ ശനിയാഴ്ച വൈകുന്നേരം വരെയാണ് അവർ ശബ്ബത്ത് ആചരിച്ചുവന്നത്. ഈ 24 മണിക്കൂറിനുള്ളിൽ യാതൊരു ഭാരവും വഹിക്കുവാൻ പാടില്ലായിരുന്നു (യിരെ. 17. 2). അന്നു തീ കത്തിച്ചുകൂടാ (പുറ. 35. 3). ആഹാരം പാകം ചെയ്യുന്നതു വിലക്കപ്പെട്ടിരുന്നു (പുറ. 6. 23). അന്നു വിറകു പെറുക്കുവാൻ പാടില്ല (സംഖ്യാ. 15. 32—36). ഈ വിധത്തിലൊന്നുമല്ല ക്രിസ്ത്യാനികൾ കർത്തൃദിവസം ആചരിക്കുന്നതും ആചരിക്കേണ്ടതും. ശബ്ബത്തിന്റെ ഭാരമേറിയ പ്രമാണങ്ങൾ ഞായറാഴ്ചയും ബാധകമാക്കേണ്ടതാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. സഭ ആദിമുതലെ ഇതിനെതിരായ ഒരു നിലയാണ് കൈക്കൊണ്ടിട്ടുള്ളത്. A D. 538-ൽ കൂടിയ Council of orleans ഞായറാഴ്ച ആചാരത്തെ കർശനമായ നിയമങ്ങൾകൊണ്ട് ഒരു ഭാരമാക്കിത്തീർക്കുന്നതിനെ അപലപിച്ചിട്ടുണ്ട്.

എന്നാൽ ഞായറാഴ്ച ദിവസത്തെ നിസ്സാരമായും അലക്ഷ്യമായും കരുതുന്നതു ശരിയല്ല. അതിന്റെ ഉദ്ദേശം നാം ശരിയായി മനസ്സിലാക്കി മറ്റു ദിവസങ്ങളിൽ നിന്നും വ്യത്യസ്തമായി അതിനെ ആചരിക്കേണ്ടതാണ്. ഞായറാഴ്ച ദിവസത്തെ പരിശുദ്ധമായും, പ്രയോജനകരമായും, സന്തോഷകരമായും ആചരിക്കുന്ന ഒരു വഴക്കം സൃഷ്ടിക്കുന്നതിനും, സംരക്ഷിക്കുന്നതിനും ആവശ്യമായ പ്രമാണങ്ങൾ ഓരോ വ്യക്തിക്കും കുടുംബത്തിനും ഉണ്ടായിരിക്കേണ്ടതാണ്. വളരെ ജനബാഹുല്യമുള്ള ഒരു വലിയ പട്ടണത്തിലെ മുൻസിപ്പാലിറ്റി അവിടെ ഒരു നല്ല ഉദ്യാനം ഉണ്ടാക്കണമെന്നു നിശ്ചയിച്ചു. അവർ 50 സെന്റു സ്ഥലം വാങ്ങി അതിനു ചുറ്റും പൊക്കം കുറഞ്ഞ കരിങ്കൽ മതിലുണ്ടാക്കി, അതിന്റെമേൽ ബലമുള്ളതും ഭംഗിയുള്ളതുമായ ഇരുമ്പുവേലി നിർമ്മിച്ചു. അതിന്റെ ഒരു വശത്തു ഇരുമ്പുകൊണ്ടുള്ള ഒരു വലിയ വാതിലും ഇണക്കി. ഈ വേലിക്കുള്ളിൽ ആളുകൾക്കു നടക്കുന്നതിനുള്ള വഴികൾ ഉണ്ടാക്കി അതിൽ നല്ല വെള്ളമണൽ വിരിച്ചു, ബാക്കി സ്ഥലത്തു പച്ചപ്പുല്ലു പിടിപ്പിച്ചു. പൂർത്തകിടികൾക്കു ചുറ്റും മനോഹരമായ പൂഷ്പങ്ങളുള്ള ചെടികൾ നട്ടുവളർത്തിയിരുന്നു. ഈ ഉദ്യാനത്തിൽ രാവിലെ 6 മണി മുതൽ വൈകുന്നേരം 8 മണി വരെ ആർക്കും സ്വാതന്ത്ര്യമായി കയറുന്നതിനും വിശ്രമിക്കുന്നതിനും അനുവാദമുണ്ട്. പച്ചപ്പുൽത്തകിടികളിൽ "പുല്ലിൽ ചവിട്ടരുതു" എന്നുള്ള ബോർഡുകൾ വെച്ചിട്ടുണ്ട്. പൂഷ്പങ്ങൾ നിൽക്കുന്ന സ്ഥാനങ്ങളിൽ "പൂക്കൾ പറിക്കരുതെ" എന്നു എഴുതിയിരുന്നു രാത്രി 8 മണിയാകുമ്പോൾ അതിന്റെ ഇരുമ്പുവാതിൽ അടെക്കും. ആ ഉദ്യാനം സൂക്ഷിക്കുന്നതിനും, സംരക്ഷിക്കുന്നതിനും, മിതകായനായ ഒരു കാവൽക്കാരനെ നിയമിച്ചിരുന്നു. ഇങ്ങനെയുള്ള കരുതലുകളൊന്നുമില്ലെങ്കിൽ മനുഷ്യന്റെ വിശ്രമത്തിനായി ഉണ്ടാക്കിയിട്ടുള്ള ആ ഉദ്യാനം നശിച്ചുപോകും. കുട്ടികൾ കയറി അതിലെ പൂക്കളെല്ലാം പറിച്ചുകളയും. ചുമതലബോധമില്ലാത്ത ആളുകൾ കന്നുകാലികളെ കയറ്റി പൂർത്തകിടി നശിപ്പിക്കും. ഞായറാഴ്ച ആചാരത്തെ ഇല്ലായ്മ ചെയ്യുന്നതിനു പ്രത്യക്ഷമായും, പരോക്ഷമായും പ്രവർത്തിക്കുന്ന ശക്തികൾ ഇന്നു ലോകത്തിലുണ്ട്. നമ്മുടെ അനുഗ്രഹത്തിനും, സന്തോഷത്തിനും, വിശ്രമത്തിനുമായി ഏർപ്പെടുത്തിയിട്ടുള്ള ഈ ആചാരം അത്യാവശ്യമായ പ്രമാണങ്ങൾ കൊണ്ടും മുൻകരുതലുകൾ കൊണ്ടും നാം സംരക്ഷിക്കാതെയിരുന്നാൽ ഒന്നൊരണ്ടു തലമുറകൾ കഴിയുമ്പോൾ ഇതു ഒരു ഉപന്യാസവിഷയമായിട്ടുപോലും അവശേഷിക്കയില്ല.

ഒരു ക്രൈസ്തവരാജ്യമായ ഇംഗ്ലണ്ടിൽ ഞായറാഴ്ച ആചാരം ഇപ്പോൾ നിലനിന്നു പോരുന്നതു 19-ാം നൂറ്റാണ്ടിലെ നല്ല പാരമ്പര്യത്തിന്റെ ഫലംകൊണ്ടു മാത്രമാണ്. ഈ

ആചാരത്തെ നിർമ്മൂലമാക്കുന്നതിനുള്ള ശക്തികൾ വർദ്ധിച്ചുവരികയാണ്. അവിടെ ഈ ആചാരത്തെ സംരക്ഷിക്കുന്നതിനായി Sunday Observance Society എന്ന പേരിൽ ഒരു സംഘം തന്നെ ഉണ്ട്. ഇൻഡ്യയിലും ഞായറാഴ്ച ആചാരത്തിന്റെ ഗതി വ്യത്യസ്തമല്ല. ഒരു മതേതര രാഷ്ട്രമായ ഇൻഡ്യയിൽ ഈ ആചാരം ക്ഷണത്തിൽ അധഃപതിച്ചു വരികയാണ്. നമ്മുടെ സക്കാരുദ്യോഗസ്ഥന്മാർ ഞായറാഴ്ച ആഫീസുകളിൽ പോകുന്നതിനും ഗവണ്മെന്റു കാര്യങ്ങളിൽ ഏർപ്പെടുന്നതിനും നേമിക്കപ്പെടുന്നു. ചില വ്യവസായ സ്ഥാപനങ്ങളിൽ ഞായറാഴ്ചയും പ്രവർത്തനം നടന്നുവരുന്നു. സ്കൂളുകളിലും കോളേജുകളിലും പഠനത്തിനു പുറമെയുള്ള പരിപാടികൾ ഞായറാഴ്ച നടത്തുന്നതിനു മടിക്കുന്നില്ല. കായികാഭ്യാസമത്സരങ്ങൾ, വിനോദയാത്രകൾ, സിനിമാപ്രദർശനം, സാമൂഹ്യസമ്മേളനങ്ങൾ, രാഷ്ട്രീയയോഗങ്ങൾ, പ്രതിഷേധ ജാഥകൾ എന്നിവയെല്ലാം ഏറ്റവും സൌകര്യമായ ദിവസം ഞായറാഴ്ചയാണെന്നുള്ള ഒരു ധാരണ വളർന്നുവരുന്നു. ക്രൈസ്തവർ ഇതിനെ എതിർക്കുന്നില്ല. ഇതു് ഉൽക്കണ്ഠാജനകമായ ഒരു സ്ഥിതിയാണെന്നുള്ളതിനു സംശയമില്ല. നമ്മുടെ ആത്മാക്കളുടെ ഉണർച്ചയ്ക്കും പുരോഗതിക്കും, ശരീരത്തിന്റെയും മനസ്സിന്റെയും വിശ്രമത്തിനും, ദൈവം തന്നെ നല്കിയിരിക്കുന്ന ഈ ദിവസത്തെ പരിശുദ്ധമായും, പ്രയോജനകരമായും ഉപയോഗിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള അത്യാവശ്യകതയെക്കുറിച്ചു ക്രൈസ്തവസഭ പൂർവ്വാധികം ഉണർന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ഇനിയും ഞായറാഴ്ച നാം ആചരിക്കേണ്ട വിധത്തെപ്പറ്റിയാണ് നമുക്കു ചിന്തിക്കുവാനുള്ളതു്. അതു് പരസ്യാരാധനയ്ക്കുള്ള ഒരു ദിവസമാകയാൽ ക്രിസ്ത്യാനികൾ എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം പള്ളികളിൽനിന്നുള്ള മണിനാദം കേൾക്കാം: ക്രൈസ്തവരായ പുരുഷന്മാരും, സ്ത്രീകളും കുഞ്ഞുങ്ങളും കൂട്ടമായി പള്ളിയിൽ പോകുകയും വരികയും ചെയ്യുന്നതുതന്നെ ലോകത്തിന്റെ മുമ്പാകെ ഒരു വലിയ സാക്ഷ്യമാണ്. അതുകൊണ്ട് ഞായറാഴ്ച തോറും ക്രമമായി പള്ളിയിൽ പോയി ദൈവാരാധനയിൽ സംബന്ധിക്കുന്നതു ചേർച്ചയായ ഒരു കാര്യമാണ്. പള്ളിയിൽ പോകുന്നതു് ഒരു ഭാരമായിട്ടു വിചാരിക്കയല്ല വേണ്ടതു്. അഥവാ ദൈവാരാധനയ്ക്കായി കൂടിവരുന്നതു നമുക്കും നമ്മുടെ കുടുംബങ്ങളിലുള്ളവർക്കും ഏറ്റവും സന്തോഷമുള്ള ഒരു മുറയായിരിക്കണം. ഞായറാഴ്ച ആരാധനയെപ്പറ്റി ചില കാര്യങ്ങൾ പിന്നാലെ പ്രസ്താവിക്കുന്നതാണ്. എന്നാൽ, സാധാരണയായി നമ്മുടെ കൂടിവരവിൽ കണ്ടുവരാറുള്ള ചില ക്രമക്കേടുകൾ ഇവിടെ ചൂണ്ടിക്കാണിക്കുന്നതു നിങ്ങൾ സദയം ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. സർവ്വശക്തനായ ദൈവത്തെ ആരാധിക്കുന്നതിനായിട്ടാണ് നാം പള്ളിയിൽ പോകുന്നതു്. അതുകൊണ്ട് ഏതു ഭയഭക്തിയോടും ആദരവോടും കൂടെ വേണം നാം ആരാധനയ്ക്കായി പോകുവാൻ. പലരും പള്ളിയിൽ താമസിച്ചുപോകുന്നതു കണ്ടിട്ടുണ്ട്. ശുശ്രൂഷ ആരംഭിക്കുന്നതിനു് അല്പ സമയം മുമ്പായിത്തന്നെ പള്ളിയിൽ വന്നിരുന്ന് ആരാധനയ്ക്കായി ഒരുങ്ങേണ്ടതു് എത്ര ആവശ്യമാണ്! താമസിച്ചു ആരാധനയ്ക്കു പോകുന്നതു് അലക്ഷ്യമായ ഒരു മനോഭാവത്തിന്റെ ലക്ഷണമാണ്. നമ്മുടെ ആപ്പീസിലോ, സ്കൂളിലോ ജോലിസ്ഥലത്തോ സമയത്തിനു എത്താതിരുന്നാൽ അതു നമ്മുടെ ഭാഗത്തു വലിയ ഒരു വീഴ്ചയായി പരിഗണിക്കപ്പെടുകയില്ലയോ. ഇക്കാലത്തു പള്ളിയിൽ പുസ്തകങ്ങൾ കൊണ്ടുപോകുന്നവർ വളരെ ചുരുക്കമാണ്. പരമാർത്ഥതയോടുകൂടെ നമ്മുടെ ബുദ്ധികൊണ്ടും, ഹൃദയംകൊണ്ടും ദൈവത്തെ ആരാധിപ്പാനായിട്ടാണ് നാം പള്ളിയിൽ പോകുന്നതു്. മക്കിണേസ്യാ സഭയുടെ രീതി അനുസരിച്ചുള്ള ആരാധനയിൽ ഹൃദയപൂർവ്വം സംബന്ധിക്കുന്നതിന് പുസ്തകം ഉപയോഗിക്കാതെ സാധിക്കുന്നതല്ല. കുറഞ്ഞപക്ഷം നാലു പാട്ടുകൾ ഉണ്ടായിരിക്കും. അതു നമുക്കു പാടുവാൻ കഴിഞ്ഞില്ലെങ്കിലും അതിലെ ആശയങ്ങളിൽ യോജിക്കുന്നതിന് പാട്ടിന്റെ വാക്കുകൾ അറിയുകയും അതിൽ ശ്രദ്ധിക്കുകയും വേണം. പ്രാർത്ഥനക്രമം കൂടാതെ സങ്കീർത്തനവായനയിൽ പങ്കെടുക്കുന്നതിനോ പ്രാർത്ഥനയിൽ ശ്രദ്ധിക്കുന്നതിനോ കഴിയുന്നതല്ല. ആരാധനയിൽ ഉപയോഗിക്കുന്ന പുസ്തകങ്ങൾ എല്ലാവർക്കും ഉണ്ടായിരിക്കേണ്ടതാണ്. കയ്യും വീശി പള്ളിയിൽ പോകുന്നതു് ഗൗരവമില്ലായ്മയുടെ ഒരു പ്രത്യക്ഷ ലക്ഷണമല്ലയോ ? നമ്മുടെ കുഞ്ഞുങ്ങൾ വായിക്കുവാൻ പഠിച്ചുകഴിഞ്ഞാൽ അ

വക്ക ഒരു വേദപുസ്തകവും ഒരു പ്രാർത്ഥനക്രമവും ഒരു പാട്ടുപുസ്തകവും വാങ്ങിക്കൊടുക്കണം. അതു അവർ ഒരു വിലയേറിയ സമ്പാദ്യമായി കരുതുകയും, താല്പര്യമായി ഉപയോഗിക്കുകയും ചെയ്യട്ടെ.

ആരാധനസമയത്തു പ്രതിവാക്യം ചൊല്ലുന്ന പതിവ് പല സ്ഥലങ്ങളിലും മിക്കവാറും നിന്നുപോയിട്ടുണ്ട്. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജെറോം എന്ന സഭാപിതാവു തന്റെ കാലത്തു ജനങ്ങൾ സഭായോഗങ്ങളിൽ **ആമെൻ** പറയുന്നതു സമുദ്രത്തിലെ തിരമാലകൾ കരയ്ക്കുവന്നടിക്കുന്നതുപോലെയോ ഇടിമുഴക്കംപോലെയോ ആയിരുന്നെന്നാണ് പറഞ്ഞിരിക്കുന്നതു്. എന്നാൽ ഇന്നാകട്ടെ ഊമനും ചെകിടനുമായ ആത്മാവ് നമ്മുടെ പള്ളികളിൽ കടന്ന് പലരെയും ബാധിക്കുന്നു. അതിനെ പുറത്താക്കേണ്ടതു് ആവശ്യം തന്നെ. പരമാർത്ഥതയോടുകൂടെ ഹൃദയപൂർവ്വം ആരാധനയിൽ സംബന്ധിക്കുന്നതിന് നമ്മുടെ ഭാഗത്തു വളരെ ശിക്ഷണവും, ശ്രദ്ധയും ഉണ്ടായിരിക്കണം. നമ്മുടെ ഹൃദയവും, മനസ്സും, കണ്ണും ദൈവത്തിൽ ഏകാഗ്രമായിരിക്കുന്നതിന് പരിശുദ്ധാത്മസഹായത്തോടുകൂടെ നാം ശ്രമിക്കേണ്ടതാണ്.

ആരാധനക്കു പുറമെ ഞായറാഴ്ചതോറും ഏതെങ്കിലും ഒരു ക്രിസ്തീയസേവനത്തിൽ ഏർപ്പെടുന്നതു് ഉചിതമായിരിക്കും. നമുക്കു ദൈവത്തോടുള്ള നന്ദിയും സ്നേഹവും നമ്മുടെ അധരങ്ങൾകൊണ്ടു മാത്രമല്ല, പ്രവൃത്തിയിലും കൂടെ പ്രസിദ്ധപ്പെടുത്തുന്നതിന് അതു സഹായിക്കുന്നതാണ്. ആഴ്ചയിൽ ആറു ദിവസവും വേല ചെയ്തതിന്റെ ശേഷം ഏഴാം ദിവസം സ്വസ്ഥമായിരിക്കേണ്ടതിനു പകരം അന്നും മാരോ വിധത്തിലുള്ള പ്രവർത്തനത്തിൽ ഏർപ്പെടുന്നതെങ്ങനെയാണ് എന്നിങ്ങനെ പലരും ഒഴികഴിവുകൾ പറയാറുണ്ട്. ആറു ദിവസവും നാം ചെയ്യുമ്പോരുന്ന വേലയിൽ നിന്നും വ്യത്യസ്തമായ ഒന്നിൽ ഏഴാം ദിവസം പ്രവേശിക്കുന്നതു — പ്രത്യേകിച്ചു ദൈവികമായ ഒരു വേലയിൽ പ്രവേശിക്കുന്നതു — ജീവിതത്തിൽ ഒരു പുതുക്കവും ഉന്മേഷവും പ്രാപിക്കുന്നതിന് സഹായമായിരിക്കുന്നതാണ്. യാതൊന്നും പ്രവർത്തിക്കാതെയിരിക്കുന്നതല്ല യഥാർത്ഥമായ സ്വസ്ഥത. നമ്മുടെ ഹൃദയത്തെയും മനസ്സിനെയും സാധാരണ പ്രവർത്തനങ്ങളിൽനിന്നു മാറ്റി ഉന്നതമായ ആദർശങ്ങളിലേക്കു് ഉയർത്തുന്നതിലാണ് യഥാർത്ഥമായ സ്വസ്ഥതയും വിശ്രമവും നാം കണ്ടെത്തുന്നതു്.

(തുടരും.)

ബപ്തീസ്മയെ സംബന്ധിച്ചു് സി. എസ്സ്. ഐ. സിനഡിന്റെ ഒരു പ്രസ്താവന

നമ്മുടെ സഭയുടെ അനുഭവങ്ങളിൽ പല ഭാഗങ്ങളിൽ ബപ്തീസ്മയെ സംബന്ധിച്ചു് സി. എസ്സ്. ഐ. യുടെ വിശ്വാസാചാരങ്ങൾക്കു വിപരീതമായ ഉപദേശങ്ങൾ നിലവിലിരിക്കുന്നതിനാൽ ഈ വിഷയത്തിന്റെ ഗൌരവം മനസ്സിലാക്കിക്കൊണ്ടു താഴെപ്പറയുന്ന പ്രസ്താവന എല്ലാ സഭകളിലും പരസ്യാരാധനാസമയത്തു വായിക്കണമെന്നു സിനഡു ശുപാർശ ചെയ്യുന്നു.

1. ബപ്തീസ്മ എന്ന സക്രമെന്തിനു സി. എസ്സ്. ഐ. വലിയ പ്രാധാന്യം കല്പിക്കുന്നുണ്ടു്. അതിനെ അംഗത്വത്തിന്റെ ഒരു വ്യവസ്ഥയായി വെച്ചിരിക്കുന്നതിനാൽ നാം നമ്മുടെ കർത്താവിന്റെ കല്പനയെ അനുസരിക്കുന്നു എന്നു വിശ്വസിക്കുന്നു.

2. വിശ്വാസികളുടെ ശിശുക്കളെ ബപ്തീസ്മപ്പെടുത്തുന്നതു ശരിയായ ബപ്തീസ്മയാണെന്നു സി. എസ്സ് ഐ. പഠിപ്പിക്കുകയും എല്ലാ ക്രൈസ്തവ മാതാപിതാക്കന്മാരും തങ്ങളുടെ ശിശുക്കളെ സ്നാനത്തിനായി കൊണ്ടുചെല്ലുണമെന്നു നിശ്ചയിക്കുകയും ചെയ്യുന്നു. നമ്മുടെ ഭരണഘടനയിൽ പറയുന്നതിപ്രകാരമാണ്. "ബപ്തീസ്മപ്പെട്ട പൈതങ്ങൾ സഭയുടെ അംഗങ്ങളാകുന്നു; അവരുടെ പ്രായപൂർത്തിയനുസരണമായി അവർ അംഗത്വത്തിന്റെ പദവികളിലും ചുമതലകളിലും ഭാഗഭാക്കുകളുമാകുന്നു."

3. വെള്ളത്തിൽ മുക്കിയോ വെള്ളം പകർന്നോ വെള്ളം തളിച്ചോ നടത്തുന്ന ബപ്തീസ്മകളെല്ലാം ഒരുപോലെ ശരിയായ ബപ്തീസ്മയാണെന്നു സി. എസ്സ്. ഐ. പഠിപ്പിക്കുന്നു.

4. ക്രിസ്തുവിന്റെ ശരീരമായ സഭയിലേക്കു ചേർക്കുന്നതിനുള്ള ഒരു കർമ്മം എന്ന നിലയിൽ മുതിർന്നവർക്കായാലും ശിശുക്കൾക്കായാലും ബപ്തീസ്മ ആവർത്തിക്കപ്പെടുവാൻ പാടില്ല എന്നു സി. എസ്സ്. ഐ. പഠിപ്പിക്കുന്നു. "രണ്ടാമത്തെ ബപ്തീസ്മ" (Second Baptism) എന്നു പറയുന്നതു വേദപുസ്തകത്തിലെ ഉപദേശത്തിനു വിപരീതമാകുന്നു കർത്താവു ഒരുവൻ, വിശ്വാസം ഒന്ന് എന്നു പറയുന്നതുപോലെതന്നെ സ്നാനവും ഒന്ന് എന്നതത്രെ വിശുദ്ധ പൌലൊസു പറഞ്ഞിരിക്കുന്നതു്. (എഫേ. 4. 5).

5. രണ്ടാമതു സ്നാനമേല്ക്കുന്ന ആളുകൾ അവരുടെ ഒന്നാമത്തെ ബപ്തീസ്മയിൽ നടന്നിട്ടുള്ള ദൈവികമായ വ്യാപാരങ്ങളെ നിരാകരിക്കയും ദൈവത്തിന്റെ കൃപാകരമായ വാഗ്ദത്തങ്ങളുടെ വില കെടുത്തുകയും ചെയ്യുന്നവരാണ്. അതു അവിശ്വാസത്തിൽനിന്നു ഉരുവിടുന്ന ഒരു കർമ്മമാണ്. ദൈവകൃപയ്ക്കു വഴിപ്പെടുവാൻ കഴിവുള്ളവരായിത്തീരുന്നതിനുമുമ്പേ നാം പാപികളായിരിക്കുമ്പോൾതന്നെ ക്രിസ്തു മൂലം ദൈവം കൈവരുത്തിയിരിക്കുന്ന രക്ഷയിൽ പ്രകടമായിരിക്കുന്ന സൌജന്യമായ കൃപയിൽ മാത്രം ആശ്രയിക്കുന്നതിനു പകരം മനുഷ്യന്റെ വിശ്വാസത്തിന്റെയും യോഗ്യതയുടെയും മേന്മയിൽ ആശ്രയിക്കുന്നതിനെയാണ് അതു കാണിക്കുന്നതു്.

6. സഭയുടെ നിയമങ്ങളും നടപടികളും അനുസരിക്കണമെന്നുള്ളതു സി എസ്സ്. ഐ. സഭയിൽ അംഗത്വത്തിനുള്ള ഒരു വ്യവസ്ഥയാകുന്നു. രണ്ടാമതു സ്നാനമേല്ക്കുന്നതായാൽ സി. എസ്സ്. ഐ. യിലെ അംഗങ്ങൾ സഭയുടെ ശിക്ഷാക്രമത്തിനു വിധേയരാകുന്നതാണ്.

7. രണ്ടാമതു സ്നാനമേല്ക്കുന്ന അംഗങ്ങൾ ഉള്ള ഒരു സഭയിൽ വ്യക്തമായ പിളർപ്പുണ്ടാകുകയോ ഒരു ഭാഗം ജനങ്ങൾ തങ്ങൾ ശേഷമുള്ളവരേക്കാൾ ആത്മീയമായ ശ്രേഷ്ഠതയുള്ളവരെന്ന ധാരണയുണ്ടാകുകയോ ചെയ്യുന്നതിനാൽ സഭയുടെ കൂട്ടായ്മയ്ക്കു ശൈഥില്യം ഭവിക്കുമെന്നുള്ളതു അനുഭവത്തിൽ വന്നിട്ടുള്ള ഒരു സംഗതിയാണ്.

8. സി. എസ്സ്. ഐ. യിലെ അംഗങ്ങൾ ഈ കായ്യത്തിൽ വഴി തെറ്റിപ്പോയാൽ സഭാപ്രവർത്തകരും സഭാംഗങ്ങളും സകല ഉത്സാഹവും കഴിച്ചു് അങ്ങനെയുള്ളവരുടെ തെറ്റിനെ ബോധപ്പെടുത്തുകയും അവരെ സഭയുടെ കൂട്ടായ്മയിലേക്കു വീണ്ടും കൊണ്ടുവരുവാൻ ശ്രമിക്കയും ചെയ്യേണ്ടതാണ്. ചിലർ അജ്ഞതകൊണ്ടും വേറെചിലർ ശക്തിമത്തായ വികാരത്തിന്റെ സ്വാധീനംകൊണ്ടുമാണ് വഴിതെറ്റിപ്പോകുന്നതു എന്നു ഓർക്കേണ്ടതാണ്. ക്ഷമയോടുകൂടിയുള്ള ബുദ്ധിയുപദേശംകൊണ്ടു ഫലമില്ലാതെയാണെന്നു തോന്നുമ്പോഴോ സി. എസ്സ്. ഐ. വിട്ടുപോയി എന്ന പെരുമാറ്റംകൊണ്ടു വെളിവാകുകയോ ചെയ്യുമ്പോൾ മാത്രമേ ശിക്ഷാക്രമ നടപടികളെടുക്കാവൂ. ഇങ്ങനെയുള്ളവർ അനുതപിച്ചു് തിരിച്ചുവരുമ്പോൾ അവരെ സ്വീകരിക്കുന്നതിനു വഴി തുറന്നിടുകയും വേണം.

9. സഭയിൽ ഉപദേശം കൊടുക്കുന്നതിനും ഭരണം നടത്തുന്നതിനും മുമ്പതലയുള്ള പ്രവർത്തകരും കമ്മറ്റി അംഗങ്ങളും സഭയുടെ വിശ്വാസവും നിയമങ്ങളും അഭംഗം പാലിക്കുന്നതിനു് ബാദ്ധ്യസ്ഥരുമാകുന്നു. അങ്ങനെയുള്ളവർ ആരെങ്കിലും രണ്ടാമതു സ്നാനപ്പെടേണമെന്നു പഠിപ്പിക്കയോ സ്നാനപ്പെടുകയോ ചെയ്താൽ അവർ അനുതപിക്കയും തക്കതായ നടപടി ക്രമങ്ങളനുസരിച്ചു് വീണ്ടും വേലയിൽ പ്രവേശിപ്പാൻ അനുവാദമുണ്ടാകുകയും ചെയ്യുന്നതുവരെ അവർ ഉദ്യോഗത്തിൽ തുടരുവാൻ തങ്ങളെത്തന്നെ അയോഗ്യരാക്കി തീർത്തിരിക്കുന്നു എന്നു ഗണിക്കേണ്ടതാണ്.

10. പട്ടക്കാരും സഭാ പ്രവർത്തകരും തങ്ങളുടെ ജനങ്ങൾക്കു ബപ്തീസ്മയെ സംബന്ധിച്ചു ക്രമമായി ഉപദേശം കൊടുത്തുകൊണ്ടിരിക്കേണ്ടതാണ് എന്നു നിഷ്കർഷിക്കുന്നു. മുതിർന്നവരെ ബപ്തീസ്മയ്ക്കായി ഒരുക്കുന്ന ക്ലാസ്സുകളിലും പൈതങ്ങളെ സ്നാനപ്പെടുത്തുവാൻ കൊ

ണ്ടുവരുന്ന മാതാപിതാക്കന്മാരോടുള്ള പ്രഭാഷണങ്ങളിലും ബപ്തീസ്തുയുടെ സമയത്തുള്ള പ്രസംഗങ്ങളിലും സ്ഥിരീകരണ ക്ലാസ്സുകളിലും ഇതു സാധിക്കാവുന്നതാണ്. ശരിയായ വിധത്തിലുള്ള കരുതലിനു ശേഷവും ഭയഭക്തിയോടുകൂടെയും മാത്രമേ സ്നാനശുശ്രൂഷകൾ നടത്താവൂ എന്നു പട്ടക്കാരോടു വശ്യപ്പെടുന്നു.

11. "ശിശുക്കളെ സ്നാനപ്പെടുത്തുന്നതെന്തുകൊണ്ട്" (Why do we baptize infants) എന്ന ശീർഷകത്തിൽ കുറെ വർഷങ്ങൾക്കുമുമ്പ് സിനഡ് പ്രസിദ്ധപ്പെടുത്തിയ ലഘുലേഖയും "ക്രിസ്തീയ സ്നാനം—അതിന്റെ ആചാരവും അർത്ഥവും" (Christian Baptism-Its practice and its Meaning) എന്ന പേരിൽ ബിഷോപ്പു ലഭ്യ തിരുമേനി എഴുതിയ ചെറുപുസ്തകവും പട്ടക്കാരും സഭാപ്രവർത്തകരും ശ്രദ്ധിച്ചു വായിക്കണമെന്ന് സി.സി.ഡ് ശുപാർശ ചെയ്യുന്നു. ആവശ്യമുള്ള സ്ഥലങ്ങളിൽ ഇവ പ്രാദേശിക ഭാഷകളിൽ തർജ്ജമചെയ്തു വീണ്ടും മുദ്രണം ചെയ്യാവുന്നതാകുന്നു. ഇതിനും പുറമേ ഈ വിഷയത്തെ സംബന്ധിച്ച് പുതിയ സാഹിത്യങ്ങൾ ഉണ്ടാകേണ്ടതാവശ്യമെന്നു ബോദ്ധ്യപ്പെടുന്നു എങ്കിൽ അവ തയാറാക്കി പ്രസിദ്ധീകരിക്കുന്നതിനു സിനഡിന്റെ വൈദീക കമ്മീഷനെ ഉപദേശിക്കയും ചെയ്യുന്നു. സി. എസ്. ഐ യുടെ നിബന്ധനകൾ മൂന്നാം അദ്ധ്യായം ഒന്നാം ഖണ്ഡികയിൽ സഭയുടെ അംഗത്വത്തെ സംബന്ധിച്ചു നിർവചനം ചെയ്തിരിക്കുന്ന ഭാഗം പട്ടക്കാരും സഭാപ്രവർത്തകരും പ്രത്യേകം ശ്രദ്ധിക്കണമെന്നും ഉൽബോധിപ്പിക്കുന്നു.

നോട്ട്:— ഒരു ഗണ്യമായ കാലത്തിനു മുമ്പേ രണ്ടാമതു സ്നാനപ്പെട്ടവരും അന്നു ശിക്ഷാക്രമത്തിനു വിധേയരാകാതെ കഴിഞ്ഞുകൂടിയവരും സഭയുടെ ആരാധനകളിലും കൃത്യാനുഷ്ഠാനങ്ങളിലും ഭാഗഭാക്കുകളായി തുടർന്നതു നിമിത്തം തങ്ങൾ സി. എസ്സ് ഐ. യുടെ അംഗങ്ങൾ തന്നെ എന്നു കരുതിപ്പോരുന്നവരുമായ ആളുകളെ സംബന്ധിച്ചു ശിക്ഷാക്രമ നടപടികളെടുക്കുന്നതിനു ഈ പ്രസ്താവനയെ ആധാരമാക്കിക്കൂടാത്തതാകുന്നു.

സണ്ടേസ്ക്കൂൾ കരുത്തു്

പ്രിയ സ്നേഹിതരേ,

അടുത്ത വർഷത്തെ പാഠപുസ്തകങ്ങളെ സംബന്ധിച്ചു് ഈ മാസത്തിൽ അറിവു നൽകാമെന്നു കഴിഞ്ഞ ലക്കത്തിൽ എഴുതിയിരുന്നല്ലോ. 1959-ൽ പുതിയ സിലബസ് അനുസരിച്ചുള്ള ഒന്നാം വർഷത്തെ പുസ്തകങ്ങൾ തയ്യാറാകുമെന്നു പ്രതീക്ഷിക്കുന്നു. അതുകൊണ്ടു് നാം ഇനിയും സ്വന്തമായി പുസ്തകങ്ങൾ അച്ചടിപ്പിച്ചാൽ അതു വലിയ നഷ്ടത്തിൽ കലാശിക്കും. അതുകൊണ്ടു് ഇപ്പോൾ സ്റ്റോറുകളിലുള്ള പുസ്തകങ്ങൾകൊണ്ടു് അടുത്ത വർഷം കഴിക്കണം. ഇപ്പോൾ സ്റ്റോറുകളിലുള്ള പുസ്തകങ്ങൾ ബാലവകുപ്പു് ഒന്നാം വർഷം, കുമാരവകുപ്പു് ഒന്നും മൂന്നും വർഷങ്ങൾ, മദ്ധ്യവകുപ്പു് ഒന്നും, രണ്ടും, മൂന്നും വർഷങ്ങൾ ഇവയാണു്. അതുകൊണ്ടു് ബാലവകുപ്പു് ഒന്നാം വർഷവും, കുമാരവകുപ്പും മദ്ധ്യവകുപ്പും മൂന്നാം വർഷവും അടുത്ത വർഷം ഉപയോഗിക്കാം. കാരോ വകുപ്പിലും മൂന്നു വർഷങ്ങളിലെയും പുസ്തകങ്ങൾ ഒരേ സമയത്തു് ഉപയോഗിക്കുന്ന സണ്ടേസ്ക്കൂളുകളും ഉണ്ടല്ലോ. അവരും സ്റ്റോറുകളിലുള്ള പുസ്തകങ്ങൾ ആവശ്യമുള്ളവ വാങ്ങിച്ചു് ഉപയോഗിക്കണം. മേല്പറഞ്ഞ കാരോ പുസ്തകവും അടുത്ത കാലത്തു് അച്ചടിപ്പിച്ചതാകയാൽ അവയുടെ അനേക പ്രതികൾ സ്റ്റോക്കുണ്ടു്. എന്തുകൊണ്ടും അവ ചെലവാക്കേണ്ടതും ഒരു ആവശ്യമാണു്. ജ്യേഷ്ഠവകുപ്പിലേക്കു് നിശ്ചയിച്ചിരിക്കുന്നതു്. (1) മി. പി. ഐ. തോമസ് ബി. എ., എൽ റ്റി. എഴുതിയ "വാഗ്ദത്ത മാർഗ്ഗം" 12 ണ. വില. (2) ആമോസ് പ്രവാചകൻ—റവ. ജെ. ഡബ്ലിയു. റസ്സലാം ബി. എ, ബി. ഡി. എഴുതിയതു്. 8 ണ. വില എന്നിവയാണു്.

ഇനിയും പറയുവാനുള്ളതു പണസംബന്ധമായ കാര്യത്തെക്കുറിച്ചാണു്. ബാലജനപ്രതിനിധി പിരിവു്, സണ്ടേസ്ക്കൂൾ ദിനപ്പിരിവു് ഇവ ഡിസംബർ മാസത്തിനകം 24 ഇടവകകളിൽ നിന്നു ലഭിച്ചിട്ടില്ല. ഏതെങ്കിലും ഒന്നു മാത്രം അയച്ചിട്ടുള്ള ഇടവകകളും വളരെ ഉണ്ടു്. ഇതിനകം ആഫീസിൽ കിട്ടിയിട്ടുള്ള തുക കഴിഞ്ഞ ആണ്ടത്തേതിനേക്കാൾ

250 രൂപാ കുറവാണ്. അതുകൊണ്ട് ഈ രണ്ടു വകയിലും പണം അടക്കുവാനുള്ളവർ ആണ്ടവസാനിക്കുന്നതിനു മുമ്പ് അവ കൊടുത്തു തീർക്കേണ്ടതാണ്.

നടിക്കുടെ പ്രവർത്തനം നമ്മുടെ സ്വന്ത സുവിശേഷപ്രവർത്തനം ആണല്ലോ. അതിനു വേണ്ടിയുള്ള തന്നാണ്ടത്തെ സംഭാവനകൾ ഇതിനകം 21 ഇടവകകളിൽനിന്നു മാത്രമെ ലഭിച്ചിട്ടുള്ളൂ. ശേഷമുള്ള 54 ഇടവകകളും തങ്ങളുടെ പങ്ക് ഈ മാസത്തിൽ തന്നെ ആ ഫീസിൽ അയച്ചുകൊടുത്തു സഹായിക്കണം.

നടിക്കുടെയിൽ ഒരു ചാപ്പൽ പണിയുന്നതിന് 2000 രൂപാ പിരിക്കുന്നതിനുള്ള ഒരു ശ്രമം നാം കഴിഞ്ഞ വർഷം ആരംഭിച്ചല്ലോ. എന്നാൽ ഇതുവരെയും അതിനുവേണ്ടി 18 ഇടവകകളിൽനിന്നായി 500 രൂപായോളം മാത്രമെ ലഭിച്ചിട്ടുള്ളൂ. ഇക്കാര്യം ഇങ്ങനെ നീട്ടിക്കൊണ്ടു പോകുന്നതു വലിയ പോരായ്മയാണ്. അതുകൊണ്ട് ഇനിയും സഹകരിക്കുവാനുള്ള ഇടവകകൾ ഒരു പ്രത്യേക ശ്രമം ചെയ്തു തങ്ങളുടെ സംഭാവനകൾ കഴിയുന്നതും വേഗത്തിൽ അയച്ചുതരണമെ. കഴിഞ്ഞ വർഷം സംഭാവനകൾ അയച്ചവർ മിക്കപേരും സമ്മാനമോ ലഘുഭക്ഷണമോ വർജ്ജിച്ചിട്ടാണ് തുകകൾ നൽകിയത്. ശേഷമുള്ള ഇടവകകൾക്കും ആ മാർഗ്ഗം സ്വീകരിപ്പാൻ ഇഷ്ടമുണ്ടെങ്കിൽ അങ്ങനെ ചെയ്യാം. അല്ലാത്തപക്ഷം ഈ ഉദ്ദേശത്തിനായി കൂട്ടികൂടുടെ വക ഒരു ആദ്യഫല ശേഖരമോ കൌതുക വില്പനയോ നടത്തിയാൽ ഒരു നല്ല തുക ശേഖരിപ്പാൻ കഴിയും. ഒരിക്കൽ സംഭാവന ചെയ്ത ഇടവകകളും തങ്ങളുടെ ചുമതല തീർന്നു എന്നു വിചാരിക്കാതെ ഉദ്ദേശിച്ച തുക ലഭിക്കുന്നതുവരെ ആണ്ടുതോറും സഹായിച്ചെങ്കിൽ മാത്രമെ കാര്യം സാധിക്കയുള്ളൂ. എല്ലാവരും ഒരുപോലെ സംഭാവന ചെയ്യട്ടെ എന്നു വിചാരിച്ചാൽ കാര്യം നടക്കാതെയും വന്നേക്കാം. അതുകൊണ്ട് ദൈവം തങ്ങൾക്കു നൽകിയിട്ടുള്ള അനുഗ്രഹങ്ങൾക്ക് അനുസരണമായും ചുമതലബോധത്തോടുകൂടെയും ഇക്കാര്യത്തിൽ ഇടപെട്ട് എത്രയും വേഗത്തിൽ ചാപ്പൽപണി ആരംഭിക്കുന്നതിനു സാദ്ധ്യമാക്കിത്തീർക്കണമെന്ന് അപേക്ഷിക്കുന്നു. സണ്ടേസ്ക്കൂൾ അദ്ധ്യാപകർ ഒരുപക്ഷേ ജ്ഞാനനിക്ഷേപത്തിന്റെ വരിക്കാർ അല്ലായിരിക്കാം. അങ്ങനെയുള്ളിടത്തു പ്രവർത്തകനോ ഇടവകപ്പട്ടക്കാരോ മേൽപറഞ്ഞ കാര്യങ്ങൾ അദ്ധ്യാപകരെ തെര്യപ്പെടുത്തുകയും, ഉത്സാഹിപ്പിക്കയും ചെയ്യണമെന്നു സവിനയം അപേക്ഷിച്ചുകൊള്ളുന്നു.

എന്നു്

പള്ളം,
18-2-58.

റവ. സി. ററി. മാത്യു,
സണ്ടേസ്ക്കൂൾ ജനറൽ സെക്രട്ടറി.

മദ്ധ്യതിരുവിതാംകൂർ മഹായിടവകയ്ക്കു ഒരു ബിഷോപ്പിന്റെ നിയമനം

1. മദ്ധ്യതിരുവിതാംകൂർ ഡയോസിസൻ കൌൺസിൽ ബിഷോപ്പായി സ്വീകരിച്ചുകൊള്ളാമെന്നു സമ്മതിക്കുന്നവരുടേയോ മൂന്നോ നാലോ പേരുകളുടങ്ങിയ ഒരു വലയം (panel) തയാർ ചെയ്യുന്നതിലേക്കു മദ്ധ്യതിരുവിതാംകൂർ ഡയോസിസൻ കൌൺസിലിനെ ക്ഷണിക്കുവാൻ 1958 ജനുവരി 14നു നാഗർകോവിലിൽവച്ചു കൂടിയ സിനഡ് എക്സിക്യൂട്ടീവു കമ്മറ്റി മോഡറേറ്റർ തിരുമേനിയോടപേക്ഷിക്കുന്നു.

2. ഡയോസിസൻ കൌൺസിൽ അംഗങ്ങളിൽനിന്നു നാമനിർദ്ദേശങ്ങൾ സ്വീകരിച്ചശേഷം കൂടുന്ന ഒരു ഡയോസിസൻ കൌൺസിൽയോഗത്തിൽവച്ചു ഈ 'വലയം' തയാറാക്കേണ്ടതാണ്.

3. സിനഡ് എക്സിക്യൂട്ടീവു കമ്മറ്റിയുടെ ഈ യോഗത്തിൽവച്ചു അംഗീകരിക്കപ്പെട്ട ചട്ടങ്ങൾ അനുസരിച്ചു ഈ 'വലയം' തയാർ ചെയ്യേണ്ടതാകുന്നു.

4. ഡയോസിസൻ കൌൺസിൽ രൂപീകരിക്കുന്ന 'വലയം' പരിഗണിക്കുന്നതിനായി മോഡറേറ്റർ തിരുമേനി ബിഷോപ്പു ലഫ്റ്റ്, ബിഷോപ്പു ലിപ്പ്, കാനൻ സിത്തർ,

റവ. എസ്സ്. മേവപ്രകാശം, മിസ്റ്റർ രാജയ്യാ ഡി. പോൾ, ഡോ. എ. സി. അബ്രഹാം എന്നിവരെ ഒരു അഡ്ഹോക്ക് ബോർഡായി നിയമിക്കുകയും, റൂൾ 19-ൽ വിവരിച്ചിട്ടുള്ള പ്രകാരവും, 20 മുതൽ 24 വരെയുള്ള ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ളതുപോലെ എക്സ്കിക്യൂട്ടീവിന്റെ സ്ഥിരീകരണത്തിനു വിധേയമായും ഒരു ബിഷോപ്പിനെ നിയമിക്കുവാൻ ഈ അഡ്ഹോക്ക ബോർഡിനെ ഭരമേല്പിക്കുകയും ചെയ്യുന്നു.

5. "സിന്നഡ് എക്സ്കിക്യൂട്ടീവ് കമ്മറി അവസാനമായി ഏതൊരാളിനെ നിയമിക്കുന്നുവോ ആ ആളിനെ ഈ മഹായിടവകയുടെ ബിഷോപ്പായി സ്വീകരിച്ചുകൊള്ളാമെന്നു ഈ കൌൺസിൽ ഭയഭക്തിപൂർവ്വം സമ്മതിക്കുന്നു" എന്നൊരു പ്രമേയം മദ്ധ്യതിരുവിതാംകൂർ ഡയോസിസൻ കൌൺസിൽ പാസ്സാക്കിയതിനുശേഷം മാത്രമേ മേൽ വിവരിച്ച ചട്ടംകെട്ടുകൾ ചെയ്യാവൂ എന്നു സിന്നഡ് എക്സ്കിക്യൂട്ടീവ് തീരുമാനിക്കുന്നു.

6. മേല്പറഞ്ഞ ചട്ടംകെട്ടുകൾ ചെയ്യുന്നതു ഡയോസിസൻ കൌൺസിലിന്റെ അഭിപ്രായം ആരായുന്നതിനുവേണ്ടി മാത്രമാണെന്നും, ആയവ റൂൾ 19-ൽ വ്യക്തമാക്കിട്ടുള്ളതുപോലെ മദ്ധ്യതിരുവിതാംകൂർ മഹായിടവകയ്ക്കു ഒരു ബിഷോപ്പിനെ നിയമിക്കുവാൻ ഭരണഘടനാപരമായി സിന്നഡ്ഡ് എക്സ്കിക്യൂട്ടീവിനുള്ള അവകാശത്തെ ഒരുവിധത്തിലും പരിമിതപ്പെടുത്തുന്നില്ലെന്നും ഉള്ള വസ്തുത സിന്നഡ് എക്സ്കിക്യൂട്ടീവ് ഡയോസിസൻ കൌൺസിലിന്റെ ശ്രദ്ധയ്ക്കു വിഷയമാക്കുന്നു.

മദ്ധ്യതിരുവിതാംകൂർ മഹായിടവകയുടെ ബിഷോപ്പായി നിയമിക്കപ്പെടാൻ അർഹതയുള്ള ആളുകളെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ചു 1958 ജനുവരി 14നു സിന്നഡ് എക്സ്കിക്യൂട്ടീവ് പാസ്സാക്കിയ പ്രമേയങ്ങൾ അനുസരിച്ചു തയാറാക്കിയ നിബന്ധനകൾ.

1. ബിഷോപ്പുസ്ഥാനത്തേക്കു അർഹതയുള്ള ആളുകളുടെ 'വലയ'ത്തെ (panel) തെരഞ്ഞെടുക്കുന്നതിനുവേണ്ടി വിളിച്ചുകൂട്ടുന്ന ഡയോസിസൻ കൌൺസിലിന്റെ (മുമ്പടേ ചേർക്കുന്ന ചട്ടങ്ങളിൽ "കൌൺസിൽ" എന്നു വിളിക്കപ്പെട്ട.) പ്രത്യേക യോഗത്തിൽ വോട്ടു ചെയ്യുന്ന അംഗങ്ങളുടെ കൂട്ടത്തിൽ ഇപ്പോൾ സേവനത്തിൽ ഇരിക്കുന്നവരോ വേലയിൽനിന്നു വിരമിച്ചവരോ ആയി ബിഷോപ്പിന്റെ ലൈസൻസുള്ള എല്ലാ പ്രൈസ് ബിഗറർമാരും, ആ ലൈസൻസുള്ള എല്ലാ മിയാക്കോനാരും ഉൾപ്പെടും. എന്നാൽ ഇങ്ങനെ ഉൾപ്പെടുത്തുന്ന മിയാക്കോനാരുടെ എണ്ണം പ്രൈസ് ബിഗറർമാരുടെ ആകെ എണ്ണത്തിന്റെ പത്തിൽ ഒന്നിൽ അധികമായിക്കൂടാ. ഇതിൽ ഉൾപ്പെടുത്തുന്ന മിയാക്കോനാർ പട്ടം കെട്ടിയതിന്റെ ക്രമപ്രകാരം ഏറ്റവും സീനിയർ ആയിട്ടുള്ളവരായിരിക്കേണ്ടതും, രണ്ടോ അധികമോ പേർക്ക് ഒരേ തീയതിയിൽ പട്ടംകൊടുത്തിട്ടുണ്ടെങ്കിൽ അവരിൽ പ്രായമുള്ളവരെ കൌൺസിലിലേക്കു ക്ഷണിക്കേണ്ടതുമാകുന്നു.

2. കൌൺസിലിന്റെ അഗ്രാസനർ കൌൺസിലിന്റെ സ്റ്റാൻഡിങ്ങുകമ്മറി നിയമിച്ച അത്മായക്കാരനായിരിക്കേണം. അഗ്രാസനരെ കൂടാതെ നാലു അത്മായ അംഗങ്ങളെയും ഉൾക്കൊള്ളുന്ന ഒരു സബ്കമ്മറിയെയും സ്റ്റാൻഡിങ്ങുകമ്മറി നിയമിക്കണം. ഈ സബ്കമ്മറി തെരഞ്ഞെടുപ്പിന്റെ നടത്തിപ്പിനു ഉത്തരവാദിയായിരിക്കേണ്ടതും തെരഞ്ഞെടുപ്പു സംബന്ധിച്ച എല്ലാ കാര്യങ്ങളിലും സ്റ്റാൻഡിങ്ങുകമ്മറിക്കുവേണ്ടി പ്രവർത്തിക്കുന്നതിനുള്ള എല്ലാ അധികാരങ്ങളും ഈ കമ്മറിക്കു ഉണ്ടായിരിക്കുന്നതുമാകുന്നു.

3. സ്ഥാനാർത്ഥിവലയത്തിലേക്കു തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ എണ്ണം രണ്ടോ, മൂന്നോ, നാലോ ആയിരിക്കണം.

4. കൌൺസിൽ അംഗങ്ങൾക്കു വലയത്തിലേക്കു നാമനിർദ്ദേശം ചെയ്യാൻ അവകാശമുണ്ടായിരിക്കുന്നതാണ്. ഇതിനടിയിലുള്ള ചട്ടങ്ങളിലോ മക്ഷിണേന്ത്യൻ സഭയുടെ നിബന്ധനകളിലോ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നതൊഴിച്ചാൽ കൌൺസിൽ അംഗങ്ങൾ ചെയ്യുന്ന നാമനിർദ്ദേശങ്ങളുടെ ആകെ എണ്ണത്തിനു സംഖ്യാക്കിയും ഇല്ല.

5. തെരഞ്ഞെടുപ്പിനുവേണ്ടി വിളിച്ചുകൂട്ടുന്ന ഡയോസിസൻ കൌൺസിൽയോഗ

ത്തിനു മുമ്പായി തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശങ്ങൾ ചെയ്യിരിക്കണം. ഡയോസിസൻ കൌൺസിൽ യോഗത്തിൽവച്ചു ഒരു നാമനിർദ്ദേശവും പാടില്ല.

6. ഡയോസിസൻ കൌൺസിലിന്റെ പ്രത്യേക യോഗത്തിന്റെ തീയതിയും, സമയവും, സ്ഥലവും കാണിച്ചുള്ള ഒരു നോട്ടീസും, ഈ ചട്ടങ്ങളുടെ ഒരു പ്രതിയും, ഒരു നാമനിർദ്ദേശ ഫാറവും, നാമനിർദ്ദേശങ്ങൾ അഗ്രാസനനു ലഭിച്ചിരിക്കേണ്ട തീയതി, മണിക്കൂർ എന്നിവ കാണിച്ചു ഒരു നാമം നിർദ്ദേശിക്കുവാനുള്ള ക്ഷണവും പോസ്റ്റിങ്ങ് സർട്ടിഫിക്കറും വാങ്ങി ഡയോസിസൻ കൌൺസിലിന്റെ ഓരോ അംഗത്തിനും അയച്ചുകൊടുക്കേണ്ടതു അഗ്രാസനരുടെ കർത്തവ്യമായിരിക്കുന്നതാണ്. നാമനിർദ്ദേശങ്ങൾ ലഭിച്ചിരിക്കേണ്ട തീയതി കൌൺസിൽ യോഗത്തിനു നിശ്ചയിച്ചിട്ടുള്ള ദിവസത്തിനു മുമ്പുള്ള 30 ദിവസങ്ങൾക്കു മുമ്പു ആയിരിക്കണം. നൽകപ്പെട്ടിട്ടുള്ള നിശ്ചിത ഫാറത്തിലല്ലാതെയുള്ള നാമനിർദ്ദേശങ്ങൾ സ്വീകരിക്കപ്പെടുകയില്ല. നാമനിർദ്ദേശങ്ങൾ ഡയോസിസൻ കൌൺസിലിന്റെ രണ്ടു അംഗങ്ങളെങ്കിലും ഒപ്പിട്ടിട്ടുള്ളവയായിരിക്കണം. ഡയോസിസൻ കൌൺസിലിന്റെ യാതൊരു അംഗവും ഒന്നിൽ കൂടുതൽ നാമനിർദ്ദേശപത്രികയിൽ ഒപ്പു വയ്ക്കരുതു.

7. നാമനിർദ്ദേശങ്ങൾ കൈപ്പറ്റുന്നതിനു നിശ്ചയിച്ചിട്ടുള്ള അവസാനദിവസം കഴിഞ്ഞു വരുന്ന അഞ്ചു ദിവസങ്ങൾക്കകമായി പോസ്റ്റിംഗ് സർട്ടിഫിക്കറും വാങ്ങി, അഗ്രാസനർ ഓരോ ഡയോസിസൻ കൌൺസിൽ അംഗത്തിന്റെയും പേക്ക് ഡയോസിസൻ കൌൺസിൽ അംഗങ്ങൾ ചെയ്യിട്ടുള്ള എല്ലാ നാമനിർദ്ദേശങ്ങളും അടങ്ങിയ ഒരു ലിസ്റ്റ് അയച്ചുകൊടുക്കണം. ആ നാമനിർദ്ദേശ ലിസ്റ്റിൽ ഓരോ ആളും ആരാൽ നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്നുവെന്നും, ഏതെങ്കിലും നാമനിർദ്ദേശത്തെപ്പറ്റി എന്തെങ്കിലും ആക്ഷേപം ഉണ്ടായിരുന്നാൽ ആ ആക്ഷേപം ഏതു തീയതിക്കകമായി അഗ്രാസനരുടെ അടുക്കൽ സമർപ്പിച്ചിരിക്കണമെന്നും കാണിച്ചിരിക്കണം. പ്രസ്തുത തീയതി ലിസ്റ്റ് അയയ്ക്കുന്ന തീയതിക്കു ശേഷമുള്ള എട്ടു ദിവസങ്ങൾക്കുപ്പുറം ആയിരിപ്പാൻ പാടില്ല.

8. നാമനിർദ്ദേശങ്ങളുടെ സാധുതയെപ്പറ്റി അഗ്രാസനക്കു ലഭിക്കുന്ന ആക്ഷേപങ്ങൾ സബ്കമ്മറ്റി പരിശോധിക്കേണ്ടതാകുന്നു. ഏതെങ്കിലും നാമനിർദ്ദേശങ്ങൾ ഏതെങ്കിലും നിയമത്തിനോ ചട്ടത്തിനോ വിരുദ്ധമായിരിക്കുന്നുവെങ്കിൽ അങ്ങനെയുള്ളവ അസാധുവാണെന്നു തീരുമാനിക്കുന്നതിനു സബ്കമ്മറ്റിക്കു അധികാരം ഉണ്ടായിരിക്കുന്നതാണ്. യാതൊരു നാമനിർദ്ദേശത്തെയും പറ്റി പിന്നീടു ഒരു സമയത്തോ ഡയോസിസൻ കൌൺസിൽ കൂടിയിരിക്കുമ്പോഴോ ആക്ഷേപം കൊണ്ടുവരാൻ പാടില്ലാത്തതാകുന്നു.

9. നാമനിർദ്ദേശപത്രികയിൽ ഒപ്പിട്ടിട്ടുള്ള ആളുകളുടെ പേരുകൾ സഹിതം താൻ നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്നു എന്നുള്ള വിവരം, നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള ആളുകളിൽ ഓരോരുത്തരെയും അഗ്രാസനർ അറിയിക്കേണ്ടതാണ്. ഒരാൾക്കു തന്റെ പേരു പിൻവലിക്കുന്നതിനുള്ള കാരണങ്ങളെക്കുറിച്ചു സബ്കമ്മിറ്റിക്കു തൃപ്തിയാകുന്നപക്ഷം ഡയോസിസൻ കൌൺസിൽ അംഗങ്ങൾക്കു അവസാനനാമനിർദ്ദേശലിസ്റ്റു അയച്ചുകൊടുക്കുന്നതിനു മുമ്പായി തന്റെ പേരു പിൻവലിക്കുന്നതിനു ആ ആളെ സബ്കമ്മറ്റി അനുവദിക്കാവുന്നതാകുന്നു.

10. നാമനിർദ്ദേശങ്ങളുടെ അവസാനലിസ്റ്റു ഡയോസിസൻ കൌൺസിൽ കൂടുന്നതിനു നിശ്ചയിച്ചിരിക്കുന്ന ദിവസത്തിനു മുൻപുദിവസം മുമ്പെങ്കിലും കിട്ടിയിരിക്കത്തക്കവണ്ണം പോസ്റ്റിംഗ് സർട്ടിഫിക്കറും വാങ്ങി ഓരോ ഡയോസിസൻ കൌൺസിൽ അംഗത്തിനും അയച്ചുകൊടുത്തിരിക്കണം.

11. 6, 7, 10 ഈ ചട്ടങ്ങൾ അനുസരിച്ചുള്ള നോട്ടീസുകൾ ഡയോസിസൻ കൌൺസിലിന്റെ ഏതൊരംഗത്തിനും കിട്ടിയില്ല എന്നുള്ള കാരണം തെരഞ്ഞെടുപ്പിനെ അസാധുവാക്കുന്നതല്ല.

12. ഡയോസിസൻ കൌൺസിൽയോഗം വിളംബരസംസ്കൃതമാക്കിയോടുകൂടി ആരംഭിക്കണം. കൌൺസിലിന്റെ മിച്ചനടത്തിപ്പിനായി ശ്ലൂഷാമദ്ധ്യേ പ്രത്യേക മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തപ്പെടണം. തെരഞ്ഞെടുപ്പു എതൃയും ഭയഭക്തികരമായി നടത്തുന്നതിനുള്ള

എല്ലാ പരിശ്രമവും ചെയ്തിരിക്കുകയും വേണം. ഇതിലേക്കായി ഡയോസിസൻ കൌൺസിലിന്റെ സ്റ്റാൻഡിങ്ങ് കമ്മറ്റിക്ക് യുക്തമെന്നു തോന്നുന്ന പക്ഷം എല്ലാ നടപടികളുമോ, തെരഞ്ഞെടുപ്പു മാത്രമോ, ഭദ്രാസനപ്പള്ളിയിലോ മറെറാരു പള്ളിയിലോ വച്ചു നടത്താൻ ചട്ടംകെട്ടാവുന്നതാണ്.

13. അതിന്റെശേഷം ഹാജർ വിളിക്കണം. വോട്ട പരിശോധകന്മാരെ അദ്ധ്യക്ഷൻ നിയമിക്കണം. പരിശോധകന്മാർ തുല്യഎണ്ണം പ്രെസ്ബിററർമാരും അത്മായക്കാരുമായിരിക്കണം. തെരഞ്ഞെടുപ്പിനു നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള ആരുംതന്നെ വോട്ട പരിശോധകനായിരിപ്പാൻ പാടുള്ളതല്ല. കൌൺസിൽ അംഗങ്ങളും ഉദ്യോഗസ്ഥന്മാരുമല്ലാതെ മറാരെയും യോഗത്തിൽ പ്രവേശിപ്പിച്ചുകൂടാ.

14. കൌൺസിലിന്റെ ഈ യോഗത്തിൽ തെരഞ്ഞെടുപ്പല്ലാതെ മറെറാന്നായാതൊരു കാര്യങ്ങളും നിശ്ചയിച്ചുകൂടാത്തതാകുന്നു. യോഗാരംഭത്തിൽ അദ്ധ്യക്ഷൻ താഴെപ്പറയുന്നതോ തുലാമായ വാക്കുകളിലുള്ളതോ ആയ ഒരു പ്രമേയം കൌൺസിലിൽ അവതരിപ്പിക്കണം. 'സിനഡ് എക്സിക്യൂട്ടീവുകമ്മറ്റി ആരെ നിയമിക്കുന്നുവോ ആ ആളിനെ ഈ മഹായിടവകയുടെ ബിഷോപ്പായി സ്വീകരിച്ചുകൊള്ളാമെന്നു ഈ കൌൺസിൽ ഭയഭക്തിപൂർവ്വം സമ്മതിക്കുന്നു."

15. കൌൺസിൽ മുഴുവൻ ഒരുമിച്ചു വോട്ട ചെയ്യ ഇപ്രകാരം ഒരു പ്രമേയം ഭൂരിപക്ഷാഭിപ്രായത്തോടെ പാസ്സാക്കിക്കഴിഞ്ഞാൽ നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള ആളുകളുടെ യോഗ്യതയെപ്പററി ഒരു പൂർണ്ണവിചാരണനടത്താൻ സഹായകരമായിത്തീരത്തക്കവണ്ണം കൌൺസിൽ ഒരു കമ്മറ്റി ആയി മാറാവുന്നതാണ്.

നാമനിർദ്ദേശങ്ങളെപ്പററിയുള്ള ചർച്ച നടക്കുമ്പോൾ നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ളവരിൽ ആരെങ്കിലും കൌൺസിലിൽ ഉണ്ടായിരുന്നാൽ അവർ പിൻവാങ്ങേണ്ടതാണ്.

16. അദ്ധ്യക്ഷൻ നിശ്ചയിക്കുന്ന സമയത്തുയോഗം വീണ്ടും ആരംഭിക്കണം. "ഭയമോ പ്രീതിയോ കൂടാതെ വോട്ട ചെയ്യും എന്ന ഭയഭക്തികരമായ പ്രസ്താവന അഗ്രാസനർ ഉച്ചത്തിൽ വായിക്കേണ്ടതും കാരോ അംഗവും തന്റെ പേർ വിളിക്കപ്പെടുമ്പോൾ അവരവരുടെ സ്ഥാനത്തു എഴുനേററുനിന്നുകൊണ്ടും വലങ്കയ്യ് ഉയർത്തിപ്പിടിച്ചുകൊണ്ടും "ഞാൻ അങ്ങനെ ചെയ്യും" എന്നു പറഞ്ഞു ഈ പ്രസ്താവനയ്ക്കു തന്റെ സമ്മതം നല്കേണ്ടതാകുന്നു.

17. (എ) തുടർച്ച നമ്പർ ഇട്ടിട്ടുള്ള വോട്ടുകടലാസുകൾ അദ്ധ്യക്ഷൻ നൽകുന്നതും കാരോ സമ്മതിദായകനും തനിക്കു ലഭിച്ചിട്ടുള്ള കടലാസിൽ തന്റെ വോട്ട രേഖപ്പെടുത്തേണ്ടതുമാകുന്നു. നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള എല്ലാവരുടെയും പേരുകൾ അകാരാദിക്രമത്തിൽ കാരോ വോട്ടിന്റെ പേപ്പറിലും അച്ചടിച്ചിരിക്കണം.

(ബി) ഹാജർ വിളിച്ച സമയത്തോ പിന്നീടോ, ഹാജരായിട്ടുണ്ട് എന്നു അഗ്രാസനർ അടയാളപ്പെടുത്തിയിട്ടുള്ളവരും വോട്ടചെയ്യാൻ അർഹതയുള്ളവരും മാത്രമെ വോട്ട ചെയ്യാൻ അനുവദിക്കപ്പെടാവൂ.

(സി) നിശ്ചയിക്കപ്പെട്ടിട്ടുള്ള വലയത്തിന്റെ എണ്ണം കിട്ടത്തക്കവണ്ണം പരമാവധി എത്ര പേർക്കു വോട്ട ചെയ്യണമെന്നു കാരോ വോട്ടിന്മേലും തുടങ്ങുന്നതിനു മുമ്പു അദ്ധ്യക്ഷൻ പ്രഖ്യാപിക്കണം.

(ഡി) വോട്ടിന്റെ കടലാസിൽ പേരുകൾക്കെതിരെ × (ഗുണചിഹ്നം) ഇട്ട ഒരു വോട്ടർ തന്റെ വോട്ട രേഖപ്പെടുത്തണം. ബിഷപ്പ് സ്ഥാനത്തിനു അർഹതയുള്ള ആൾ എന്നു തന്റെ മനസ്സാക്ഷിയിൽ വിശ്വാസമുള്ള ആളുകളുടെ പേരിന്നെതിരെ മാത്രമേ × ചിഹ്നം ഇടാവൂ.

(ഇ) ഒരു വോട്ട കടലാസ് താഴെപ്പറയുന്ന കാരണങ്ങളാൽ അസാധുവായി പരിഗണിക്കപ്പെടും :—

(i) അഗ്രാസനരുടെ ഒപ്പോ ഒപ്പിന്റെ മുദ്രയോ ഉള്ളതും ഔദ്യോഗികമായി നല്കപ്പെട്ടതുമായ കടലാസല്ലാതെയിരുന്നാൽ ;

(ii) X അടയാളം അല്ലാതെ മറെറന്തെങ്കിലും വോട്ടചെയ്യുന്ന ആൾ അതിൽ എഴുതിയിരിക്കുകയോ തന്റെ പേരോ പേരിന്റെ ആദ്യാക്ഷരങ്ങളോ കൊണ്ടു കുപ്പിടുകയോ, ഏതെങ്കിലും പദം എഴുതുകയോ, ആയതു തിരിച്ചറിയത്തക്കവണ്ണം മറെറന്തെങ്കിലും അടയാളം അതിൽ ഇട്ടിരിക്കുകയോ ചെയ്യാൽ ;

(iii) ഒരു വോട്ടിങ്ങിനു അനുവദിക്കപ്പെട്ടിട്ടുള്ള പരമാവധി എണ്ണത്തിൽ കവിഞ്ഞുള്ള പേരുകൾക്കെതിരെ X അടയാളം ഇട്ടിരുന്നാൽ ;

(iv) വോട്ടു ചെയ്യുന്ന ആൾ ഒരാളിന്റെ പേരിനു് എതിരെ ഒന്നിലധികം X ചിഹ്നം അടയാളപ്പെടുത്തിയിരുന്നാൽ ;

(എഫ്) ഓരോ സമ്മതിദായകനും വോട്ടു രേഖപ്പെടുത്തുവാൻ പോകുമ്പോൾ ബാലറ്റു പെട്ടി വച്ചിരിക്കുന്നതിനടുത്തുള്ള ഒരു സ്ഥാനത്തുവച്ചു ഒരു വോട്ടുകടലാസു വാങ്ങേണ്ടതും, ഓരോ വോട്ടറും സ്വന്ത കൈകൊണ്ടു തന്റെ വോട്ടിങ്ങു പേപ്പർ ബാലറ്റു പെട്ടിയിൽ നിക്ഷേപിക്കേണ്ടതുമാകുന്നു. ഓരോ സമ്മതിദായകനും തന്റെ വോട്ടു കടലാസ് ബാലറ്റു പെട്ടിയിൽ നിക്ഷേപിക്കുമ്പോൾ പരിശോധകന്മാരിൽ ഒരാൾ ആ വോട്ടറുടെ പേരു കൌൺസിൽ അംഗങ്ങളുടെ ലിസ്റ്ററിൽ അടയാളപ്പെടുത്തേണ്ടതാണ്.

II. വോട്ടുപരിശോധന.

വോട്ടിംഗ് പൂർത്തി ആയ ശേഷം അദ്ധ്യക്ഷനും സബ്കമ്മിററി അംഗങ്ങളും പരിശോധകന്മാരും ചേർന്നു വോട്ടു കടലാസുകൾ പരിശോധിച്ചു മേൽ 17-ാം ചട്ടപ്രകാരം അസാധുവായവ തള്ളിക്കളയുകയും നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള ഓരോ ആളിനും കിട്ടിയ വോട്ടുകളുടെ എണ്ണം രേഖപ്പെടുത്തുകയും ചെയ്യണം. ബാലറ്റുപെട്ടികൾ തുറക്കുന്ന സമയത്തു അഗ്രാസനർ ഹാജരായിരുന്നു നേരിട്ടു എണ്ണുന്നതിന്റെ മേൽനോട്ടം വഹിക്കയും വോട്ടുകളുടെ എണ്ണം ശരിയായി രേഖപ്പെടുത്തുന്നതിനുള്ള ഉത്തരവാദിത്തം ഏറ്റുക്കുകയും ചെയ്യേണ്ടതാണ്.

III. വോട്ടിംഗ് നിയമങ്ങൾ.

ഓരോ ബാലറിംഗ് സമയത്തും ഹാജരായിരുന്ന വോട്ടു ചെയ്യുന്നവരുടെ എണ്ണത്തിന്റെ മൂന്നിൽ രണ്ടു ഭാഗം സംഖ്യ വോട്ടുകൾ ലഭിച്ചിട്ടുള്ളവരുടെ പേരുകൾ വലയത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒന്നാമത്തെ വോട്ടിംഗിൽ വലയത്തിലേക്കു ആവശ്യപ്പെട്ട എണ്ണം ആളുകൾ തെരഞ്ഞെടുക്കപ്പെട്ടുന്നില്ലെങ്കിൽ താഴെപ്പറയുന്ന നിയമങ്ങൾ അനുസരിച്ചു ബാലറിംഗ് തുടരണം. നാലിൽ അധികം പേർക്കു മൂന്നിൽ രണ്ടു ഭാഗം വോട്ട് കിട്ടുന്നവെങ്കിൽ കൂടുതൽ വോട്ടുകിട്ടിയ നാലു പേരായിരിക്കും തെരഞ്ഞെടുക്കപ്പെട്ടവർ.

രണ്ടാമത്തെ വോട്ടിംഗ്. ഒന്നാമത്തെ വോട്ടിംഗിൽ ഹാജരായിരുന്നവരുടെ വോട്ടുകളുടെ പത്തിൽ ഒന്നിൽ കുറഞ്ഞ എണ്ണം വോട്ടുകൾ ലഭിക്കുന്നവരുടെ പേരുകൾ ലിസ്റ്ററിൽ നിന്നു നീക്കുകയും ശേഷമുള്ള പേരുകൾ വച്ചു കൌൺസിൽ വോട്ടു ചെയ്യുകയും വേണം.

N. B. പത്തിൽ ഒന്നിന്റെയോ മൂന്നിൽ രണ്ടിന്റെയോ എണ്ണം തിട്ടപ്പെടുത്തുന്നതിനു ഏററവും അടുത്ത മുഴുസംഖ്യയാണ് സ്വീകരിക്കേണ്ടതു്. രണ്ടിൽ ഒന്നു അടുത്തുകിടുമ്പോൾ സംഖ്യയായി കണക്കാക്കണം.

മൂന്നാമത്തേതും തുടർന്നുള്ളതുമായ വോട്ടിങ്ങു്

ഇപ്രകാരമുള്ള ഏതു വോട്ടിങ്ങിലും വലയത്തിനാവശ്യപ്പെട്ട നാലു പേരുകൾ പിന്നെയും വേണ്ടിയിരുന്നാൽ മൻ വോട്ടിങ്ങിൽ ഏററവും കൂടുതൽ വോട്ടുകൾ കിട്ടിയ അഞ്ചു പേരുകൾവച്ചു കൌൺസിൽ വോട്ടുചെയ്യണം. മൂന്നാണു വേണ്ടതെങ്കിൽ ആദ്യത്തെ നാലും, രണ്ടാണെങ്കിൽ ആദ്യത്തെ മൂന്നും, ഒന്നാണെങ്കിൽ ആദ്യത്തെ രണ്ടും പേരുകൾ വച്ചു വോട്ടു ചെയ്യണം.

നാലു ആളുകളുടെ പേരുകൾ വലയത്തിലേക്കു തെരഞ്ഞെടുക്കപ്പെടുന്നതുവരെ ബാലട്ടിംഗു തുടരണം. എന്നാൽ ആദ്യത്തെ രണ്ടു വോട്ടിംഗ് കഴിഞ്ഞു ശേഷമുള്ള തുടർച്ചയായ രണ്ടു വോട്ടിംഗിൽ ഒരു പേരും വലയത്തിലേക്കു ചേർക്കപ്പെടുന്നില്ലെങ്കിൽ തുടർന്നു വോട്ടിംഗ് നടത്തേണ്ടതില്ല.

വലയത്തിലേക്കു തെരഞ്ഞെടുക്കപ്പെടുന്ന എണ്ണം രണ്ടോ അധികമോ ആണെങ്കിൽ അങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന പേരുകൾ മോഡറേറർക്കു സമർപ്പിക്കുവാനുള്ള വലയമായി സ്വീകരിക്കപ്പെടണം.

രണ്ടുപേരിൽ കുറവായിട്ടാണു വലയത്തിലേക്കു തെരഞ്ഞെടുക്കപ്പെടുന്നതെങ്കിൽ, ആവശ്യമായ നടപടിക്കായി വിവരം മോഡറേറരുടെ അടുക്കൽ റിപ്പോർട്ടു ചെയ്യണം.

18. ഡയോസിസൻ കൌൺസിലിന്റെ തെരഞ്ഞെടുപ്പുഫലം യോഗം അവസാനിക്കുന്നതിനു മുമ്പു പ്രസിദ്ധപ്പെടുത്തണം. അതിന്റെശേഷം മഹായിടവകയ്ക്കു ഒരു ബിഷപ്പിനെ തെരഞ്ഞെടുക്കുവാൻ നിയുക്തമായ ബോർഡിനു നടത്തിപ്പു ലഭിക്കുവാൻവേണ്ടി പ്രത്യേകം പ്രാർത്ഥന കഴിച്ചു കൌൺസിൽ നടപടികൾ അവസാനിപ്പിക്കണം.

19. യോഗം അവസാനിപ്പിച്ചു കഴിഞ്ഞു എത്രയും വേഗത്തിൽ അഗ്രാസനർ തെരഞ്ഞെടുപ്പു ഫലങ്ങൾ അടങ്ങിയ ഒരു ലിസ്റ്റ്, ഓരോ സ്ഥാനാർത്ഥിക്കും ഓരോ തെരഞ്ഞെടുപ്പിലും കിട്ടിയ വോട്ടുകളുടെ എണ്ണം കാണിച്ച്, മോഡറേറർക്കു തപാലിൽ റജിസ്റ്റർ ചെയ്തു അയച്ചുകൊടുക്കണം.

(ഒപ്പ്)
മോഡറേറർ.

(ഒപ്പ്)
ഓണററി ജനറൽ സെക്രട്ടറി.

വാർത്തകളും കുറിപ്പുകളും

എറണാകുളം ഇമ്മാനുവേൽ പള്ളിയുടെ കനകജൂബിലി. 1908-ൽ സ്ഥാപിതമായതും, 1947 വരെ തിരു-കൊച്ചി മഹായിടവകയിൽ ഉൾപ്പെട്ടിരുന്നതും, അതിനുശേഷം ഉത്തരകേരള മഹായിടവകയിൽ ലയിച്ചിരിക്കുന്നതുമായ എറണാകുളം ഇമ്മാനുവേൽ പള്ളിയുടെ കനകജൂബിലി ആഘോഷ പരിപാടികൾ 1958 ഫെബ്രുവരി 8 മുതൽ 11 വരെയുള്ള തീയതികളിൽ പ്രസ്തുത പള്ളിവികാരി റവ. ജോജ്ജു കോശി ബി. എ., ബി. ഡി. യുടെ മേൽനോട്ടത്തിൽ രൂപവൽക്കരിക്കപ്പെട്ട പ്രവർത്തകസമിതിയുടെ ഉത്സാഹത്താൽ സമംഗളം നടത്തപ്പെട്ടു. ഫെബ്രുവരി 8-ാം തീയതി രാവിലെ ബിഷോപ്പ് റിച്ചാർഡ് ലിപ്പ് തിരുമേനി പതാക ഉയർത്തൽ കർമ്മം നടത്തി പരിപാടികൾ ആരംഭിക്കുകയും, 11-ാം തീയതി വൈകുന്നേരം ഡോ. ജോൺ മത്തായിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട പൊതു സമ്മേളനത്തോടുകൂടി കനകജൂബിലി പരിപാടികൾ സമാപിക്കുകയും ചെയ്തു. ഈ പള്ളിയുടെയും ഇടവകയുടെയും അര ശതാബ്ദക്കാലത്തെ അഭിവൃദ്ധി അത്ഭുതകരം തന്നെ. വിസ്താരഭയത്താൽ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല.

മിസ്സസ്സ് സി. കെ. ജേക്കബ്. മദ്രാസിൽ തന്റെ കനിഷ്ഠ പുത്രന്റെ കൂടെ താമസിച്ചിരുന്ന മിസ്സസ്സ് സി. കെ. ജേക്കബ്, നാഗർകോവിൽ എൻ. സി. സി. യുടെ സെക്രട്ടറിയായിരിക്കുന്ന തന്റെ സീമന്ത പുത്രൻ ശ്രീ കോശി ജയിക്കുബിനോടുകൂടി താമസിപ്പാൻ ഏതാനും ദിവസങ്ങൾക്കു മുമ്പേ അങ്ങോട്ടു പോയിരിക്കുന്നതായി അറിയുന്നു. മിസ്സസ്സ് ജേക്കബിനേയും കുടുംബാംഗങ്ങളേയും പ്രാർത്ഥനയിൽ ഓർക്കണമെന്നു വീണ്ടും അഭ്യർത്ഥിക്കുന്നു.

റവ. പോൾ മാണിക്യത്തിന്റെ സന്ദർശനം. സി. എസ്സ്. ഐ.യുടെ വിദേശമിഷ്യൻ വയലായി തെരഞ്ഞെടുത്തിരിക്കുന്ന തായ്‌ലണ്ടിൽ ഏറെ താമസിയാതെ മിഷ്യനറിയായി പോകുവാൻ നിയോഗിതനായിരിക്കുന്ന റവ. പോൾ മാണിക്യം കഴിഞ്ഞ മാസത്തിൽ നമ്മുടെ മഹായിടവകയിൽ പല സ്ഥലങ്ങൾ സന്ദർശിക്കുകയും പ്രസംഗിക്കുകയും ചെയ്യുകയുണ്ടായി.

ബഥേൽ ആശ്രമം. ബഥേൽ ആശ്രമത്തിന്റെ ആരംഭം മുതൽ നേതൃത്വം വഹിച്ചു പ്രവർത്തിച്ചുപോരുന്ന സിസ്റ്റർ ഈഡിത്തും, സിസ്റ്റർ റേയിച്ചൽ ജോസപ്പും പ്രായാധിക്യമായി വരുന്നതിനാൽ ഭാവി പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുവാൻ ഒരാൾ ഉണ്ടാകേണ്ടതു് ആവശ്യമാകകൊണ്ടു് ആശ്രമവാസികൾ കാത്തിരുന്നു പ്രാർത്ഥിച്ചു് ഒരാളെ തെരഞ്ഞെടുക്കണമെന്നു ബോധപ്പെട്ടതിന്റെ ഫലമായി സിസ്റ്റർ ശോശാമ്മ ചാക്കോയെ കൊച്ചമ്മയായി (Assistant mother) തെരഞ്ഞെടുത്തിരിക്കുന്നതായി അറിയുന്നു. ഈ നിയമനം ആശ്രമത്തിന്റെ ഭാവിപ്രവർത്തനങ്ങൾക്കു സഹായകരമാകുവാൻ ദൈവം സഹായിക്കട്ടെ.

ഡോക്ടർ ജോർജ്ജ് എം. തോമസ് എം. എ., പി. എച്ച്., ഡി. കോട്ടയം സി. എം. എസ്സ്. കോളേജിൽ ലക്ചററായിരുന്ന ശ്രീ. ജോർജ്ജ് എം. തോമസ് എം. എ. ഉപരിപഠനാർത്ഥം രണ്ടു വർഷക്കാലം അമേരിക്കയിൽ താമസിച്ചു ഫിസിക്സിൽ (Physics) പി. എച്ച്. ഡി. ബിരുദം നേടി മടങ്ങിയെത്തിയിരിക്കുന്നു. ഈ ഉൽകൃഷ്ട വിജയത്തിൽ അദ്ദേഹത്തെ അഭിനന്ദിച്ചുകൊള്ളുന്നു.

ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജ്. അവിടെ അടുത്ത വർഷം എം. എസ്സി. ഫിസിക്സ് (M Sc Physics) ആരംഭിക്കുന്നതു സംബന്ധിച്ചു സയൻസ് ബ്ലോക്കിനു ലക്ഷം രൂപാ ചെലവാക്കി വികസിപ്പിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. അതനുസരിച്ചു പുതിയ ബ്ലോക്കിന്റെ ശിലാസ്ഥാപനം മൻ പ്രിൻസിപ്പാൾ ശ്രീ. റവ. ബി. നൈനാൻ എം. എ. നിർവ്വഹിച്ചിരിക്കുന്നു.

വേദപുസ്തക സമൂഹം—കേരള ഉപസംഘത്തിന്റെ വാർഷികയോഗം. ഇൻഡ്യാ സിലോൺ വേദപുസ്തകസമൂഹത്തിന്റെ കേരള ശാഖയുടെ വാർഷിക യോഗം ഫെബ്രുവരി 22-ാം തീയതി വൈകുന്നേരം നാലു മണിക്കു കോട്ടയം ബേക്കർ മൂവാരകസ്ക്കൂൾ ഹാളിൽ വച്ചു മാർ യൂഹാനാൻ മാത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ സംഗംഗം നടത്തപ്പെട്ടു. തദവസരത്തിൽ ശ്രീ. എൻ. എം. ഏബ്രഹാം പ്രസംഗകനായിരുന്നു. അടുത്ത വർഷത്തേക്കുള്ള കമ്മറ്റി അംഗങ്ങളേയും തെരഞ്ഞെടുക്കുകയുണ്ടായി.

ഇൻറർ നാഷനൽ മിഷ്യനറി കൌൺസിൽ. ജനുവരി മാസത്തിൽ ഘാനായിൽ വച്ചു (ആഫ്രിക്കാ) സമ്മേളിച്ച ഇൻറർ നാഷനൽ മിഷ്യനറി കൌൺസിലിൽ വെച്ചു പ്രസ്തുത സംഘത്തിന്റെ അടുത്ത അദ്ധ്യക്ഷനായി സി. എസ്സ്. ഐ. ഡെപ്യൂട്ടി മോഡറേറർ, ബിഷോപ്പു ലസ്ലി മൂബിഗിൻ തിരുമേനിയെ ഐകകണ്ഠ്യേന തെരഞ്ഞെടുത്തിരിക്കുന്നു.

ചങ്ങനാശ്ശേരി യൂത്തു ലീഗ് വാർഷികം. ചങ്ങനാശ്ശേരി സി. എസ്സ്. ഐ. യൂത്തു ലീഗിന്റെ തന്നാണ്ടത്തെ വാർഷികയോഗം ഫെബ്രുവരി 9-ാം തീയതി ഉച്ച കഴിഞ്ഞു മൂന്നു മണിക്കു് സി. എൻ. ബൈബിൾ സ്ക്കൂൾ പ്രിൻസിപ്പാൾ റവ. ജോസഫ് മാത്യൂ ബി. എ. എസ്സ്. റിറി. ബി., റിറി എച്ച്. എം. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മിസ്സ് കൊച്ചമ്മ ജോർജ്ജ് ബി. എ, ശ്രീ. ജോർജ്ജ് കോശി എം. എ. എന്നിവർ പ്രസംഗകരായിരുന്നു. യോഗാനന്തരം ചായസൽക്കാരവും ഗ്രൂപ്പു ഫോട്ടോയും ഉണ്ടായിരുന്നു. സ്ഥലത്തുള്ള കോളേജുകളിൽ പഠിക്കുന്ന നാല്പതിൽപരം യുവതീയുവാക്കന്മാർ ഈ സംഘടനയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

മൂന്നാർ സി. എസ്സ്. ഐ. മലയാളം ഇടവക. മേവിക്കുളം, ഉടുമ്പൻചോല എന്നീ താലൂക്കുകളിൽ അവിടവിടെയായി താമസിക്കുന്ന 800-ൽ പരം അംഗങ്ങൾ ഉൾപ്പെടുന്ന ഒരു ഇടവകയാണ് മേൽപ്പറഞ്ഞ മലയാളം ഇടവക.

അനേക നാളത്തെ പ്രാർത്ഥനയുടെയും പ്രയത്നത്തിന്റെയും ഫലമായിട്ട്, ദൈവകൃപയാൽ 1957 നവംബർ മാസം 29-ാം തിയതി കോഴിക്കോട്ട വച്ചു കൂടിയ ഉത്തരകേരള മഹായിടവകയുടെ സ്റ്റാന്റിംഗ് കമ്മറ്റി ഈ സഭയ്ക്ക് അംഗീകാരം നല്കി എന്ന വാർത്ത സന്തോഷസമേതം അറിയിച്ചുകൊള്ളുന്നു. 1955 മുതൽ ഈ ഇടവക ഫൈറോണ്ട് സി. എ. സ്. ഐ. മലയാളം സഭയിൽ എന്ന പേരിലാണ് അറിഞ്ഞുവന്നിരുന്നത്. ഇടവകയുടെ ചുമതല വഹിക്കുന്നത് റവ ജെ. എൽ. വിൽസൺ അവർകളാണ്:

പുതുതായി രൂപമെടുത്തിരിക്കുന്ന ഇടവകയുടെ അഭ്യുന്നതിക്കായി എല്ലാവരുടേയും പ്രാർത്ഥന അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്

സെക്രട്ടറി.

പുതു (വീണ്ടും) ജനനം (തുടർച്ച)

(സി. മാത്യു തെങ്ങുംമഠത്തിൽ)

രക്ഷിക്കപ്പെടുന്നതിന് മറ്റു മാർഗ്ഗം ഒന്നും തന്നെയില്ല. ഒരാൾ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനുള്ള കഴിച്ചുകൂടാത്ത വ്യവസ്ഥ എന്തെന്നു യേശു നിക്കൊദീമോസിനോടുള്ള സംസാരത്തിൽ ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു. അതായതു പൂർണ്ണമായ വീണ്ടുംജനനം തന്നെ. അതിനു താഴെയുള്ള ഒന്നുകൊണ്ടും അതു സിദ്ധിക്കുന്നില്ല. നമ്മിൽ പലരേയും പോലെ നിക്കൊദിമോസിന് അതു് അന്നു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ലെന്ന് ആ വേർതിരിവു തെളിയിക്കുന്നു. അവന് അതു മനസ്സിലാക്കിക്കൊടുക്കുവാൻ കർത്താവു നിർബ്ബന്ധിതനായി. ഒരുവന് പുതുജനനം ഉണ്ടാകുന്നതിന് "വെള്ളത്താലും ആത്മാവിനാലും ജനിക്കേണ്ടതാണെന്ന്" കർത്താവ് അവനെ പഠിപ്പിക്കുന്നു (യോഹ. മൂ. 5). ആത്മീക ജനനം ഏതെങ്കിലും കർമ്മങ്ങളിലോ ആചാരങ്ങളിലോ തങ്ങിനിൽക്കുന്നില്ല. പുതുജനനം പരിശുദ്ധാത്മാവിന്റെ ദാനമാകുന്നു. അതു ദൈവത്തിൽനിന്നുതന്നെ സിദ്ധിക്കേണ്ടിയിരിക്കുന്നു. കാറ്റു് ഊതുന്നു; വൃക്ഷങ്ങൾ ചലിക്കുന്നു; അതിന്റെ പാതയിലുള്ള വൃക്ഷങ്ങൾ എല്ലാം അതുകൊണ്ടു പുഷ്പിപ്പെടുന്നു. കാറ്റിനെ നമുക്കു കാണ്മാൻ കഴിയുകയില്ലെങ്കിലും ഫലംകൊണ്ടു കാറ്റിന്റെ യാഥാർത്ഥ്യത്തെ നാം വിശ്വസിക്കുന്നു. അതുപോലെ പരിശുദ്ധാത്മാവിനാലുള്ള വീണ്ടുംജനനം വീണ്ടുംജനിച്ച ആളിൽ വരുത്തിയ ഫലങ്ങൾകൊണ്ട് നാം അറിയുന്നു.

ആത്മാവിനാലുള്ള വീണ്ടുംജനനം പൊരുളും ബാഹ്യമായ സ്നാനം അതിന്റെ സാദൃശ്യവുമാകുന്നു. രണ്ടും ആവശ്യമാണ്. ഒന്നാമത്തേതു ജനനത്തിനാണെങ്കിൽ രണ്ടാമത്തേതു സാക്ഷ്യത്തിനാണ്. അതിൽ കവിഞ്ഞ സാക്ഷ്യങ്ങളും പുതുജനനം പ്രാപിച്ചവരിൽ നിന്നും ഉണ്ടാകുന്നു. "ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൌമ്യത, ഇന്ദ്രിയജയം; ഇവയ്ക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല" (ഗലാ. 5. 22, 23). അവൻ ഹൃദയംകൊണ്ടു വിശ്വസിക്കുകയും വാകൊണ്ട് ഏറ്റുപറയുകയും ചെയ്യുന്നു. പാപത്തിൽനിന്നു മോചനം പ്രാപിച്ചതുപോലെ ദൈനംദിനം പാപത്തിന്മേൽ വിജയവും അവനു സിദ്ധിക്കുന്നു. നശിച്ചുപോകുന്ന ആത്മാക്കളെപ്പറ്റിയുള്ള ഭാരം അവനെ ശക്തിയായി ഭരിക്കുന്നു. അവൻ ഏതു ജോലിയിലായിരുന്നാലും ക്രിസ്തുവിന്റെ സ്നേഹം അവനെ സേവനത്തിനു സന്നദ്ധൻ ആക്കുന്നു. ദൈവാരാധനയും പ്രാർത്ഥനയും തിരുവചനധ്യാനവും അവനു പ്രമോദമായിത്തീരുന്നു.

ഇതു വായിക്കാനിടയാകുന്ന മാന്യസുഹൃത്തേ! ഈ അനുഭവങ്ങളും ഫലങ്ങളും നിങ്ങൾക്കുണ്ടാകുന്നില്ലെങ്കിൽ ഇന്നും നിങ്ങൾ ദൈവരാജ്യത്തിനു പുറത്താണ്. അങ്ങനെയെങ്കിൽ കുറ്റബോധത്തോടെ കൃപാസനത്തിങ്കലേക്ക് അടുത്തുചെല്ലുക. "ആമെൻ, ആമെൻ, ഞാൻ നിങ്ങളോടു പറയുന്നു, പുതുതായി ജനിച്ചില്ലായെങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല."

പ്രതിദിനവേദവായനക്കുറിപ്പുകൾ—മാർച്ച് 1958

൨നു. (വെ.) യോഹ. ൯. ൧—൧൨. കുരുടനു കാഴ്ച ലഭിക്കുന്നു. ജന്മനാ കുരുടനായവനു കാഴ്ച കൊടുപ്പാൻ യേശുവിനു ശക്തിയുണ്ട് എന്നു താൻ വെളിപ്പെടുത്തുന്നു. ഈ കുരുടൻ ഒരു സാമ്പ്രദായത്തിൽ യെഹൂദജനതയെ കുറിക്കുന്നു. അവർ ആത്മികമായി അന്ധന്മാരായി ജനിച്ചവരത്രെ. അവരുടെ അന്ധത നീക്കുവാൻ യേശുവിനു കഴിവുണ്ട്. എന്നാൽ കാഴ്ച പ്രാപിക്കണമെങ്കിൽ രണ്ടു കായ്ചങ്ങൾ ചെയ്യണം. (1) തങ്ങൾ അന്ധന്മാരാണെന്നു ഏറ്റുപറഞ്ഞു യേശുവിനെ സമീപിക്കണം. എന്നാൽ അങ്ങനെ സമ്മതിക്കാൻ യെഹൂദന്മാർ തയ്യാറില്ലായിരുന്നു (൯, ൧൮ വാ). (2) അവർ ക്രിസ്തുവിന്റെ കല്പനയെ അനുസരിക്കണം (യോഹ. വ്യ. ൫൯). കുരുടൻ അപ്രകാരം ചെയ്തുകൊണ്ട് അവനു കാഴ്ച ലഭിച്ചു (൭ വാ). കർത്താവേ! എന്റെ ആത്മികാന്ധത നീങ്ങുവാൻ തക്കവണ്ണം സത്യമായ അനുതാപവും അനുസരണവും എനിക്കു തരേണമേ!

൨നു. (ശ.) യോഹ. ൯. ൧൩—൨൩. കാഴ്ച പ്രാപിച്ചതിന്റെ ശേഷം അവനു ചില പ്രയാസങ്ങൾ നേരിടേണ്ടതായി വന്നു. പരീശന്മാരുടെ കോടതിയിൽ അവനേയും മാതാപിതാക്കളേയും ഹാജരാക്കുന്നു. കാഴ്ചലഭിച്ച വിധത്തെപ്പറ്റി ചോദ്യങ്ങളും അന്വേഷണങ്ങളും നടത്തുന്നു. ദൈവശക്തിയാൽ നടന്ന ഒരു അത്ഭുതപ്രവൃത്തിയെ നിഷേധിപ്പാനാണ് അവർ ശ്രമിക്കുന്നതു്. അവൻ ഒരു ആൾമാറാട്ടമാണെന്നു സ്ഥാപിപ്പാനും ബദ്ധപ്പെടുന്നു (൯. ൨൨ വാ). ആത്മികമായ പ്രകാശം ലഭിച്ചവനെ ലോകം പലവിധത്തിൽ വിമർശനം ചെയ്യും. അവർ നിങ്ങളെ ന്യായാധിപസഭകളിൽ ഏല്പിക്കുമെന്നു കർത്താവു മുന്നറിവു നല്കിയിട്ടുണ്ട് (മത്താ. ൧൦, ൧൭, ൧൮). ക്രിസ്ത്യാനി അതു സാക്ഷ്യത്തിനുള്ള ഒരു അവസരമായിട്ടെടുക്കേണ്ടതാണ് (൧ പത്രൊ. ൩. ൧൫). ദൈവത്തിന്റെ പൈതലേ! കാഴ്ച ലഭിച്ച കുരുടനെപ്പോലെ നിന്റെ അനുഭവം ധൈര്യപൂർവ്വം പ്രസ്താവിക്കുമോ? (൨൪ വാ) അതിനെ നിഷേധിപ്പാൻ യാതൊരു ശക്തിക്കും സാദ്ധ്യമല്ല.

൯നു. (ഞാ.) യോഹ. ൯. ൨൩—൩൫. ധീരമായ സാക്ഷ്യം. തങ്ങൾ അബ്രഹാമിന്റെ സന്തതിയെന്നും മോശെയുടെ ശിഷ്യന്മാർ എന്നും അഭിമാനിച്ചിരുന്ന യെഹൂദന്മാർക്കു യേശുവിന്റെ ആട്ടുതത്തെ ഗ്രഹിപ്പാൻ സാധിച്ചില്ല. ദൈവത്തെ കൂടുതൽ അറിവാൻതക്ക സാഹചര്യത്തിൽ ജീവിച്ചിട്ടും ദൈവശക്തിയെ അവർ തിരിച്ചറിഞ്ഞില്ല. എന്നാൽ ആ സാഹചര്യം ലഭിക്കാതിരുന്ന കുരുടൻ യേശു ദൈവത്തിന്റെ അടുക്കൽനിന്നു വന്നവനാണ് എന്നു സാക്ഷ്യം പറയുന്നു (൩൩ വാ). യേശുവിനുവേണ്ടി സാക്ഷ്യം പറഞ്ഞാലുണ്ടാകുന്ന അനുഭവം എന്താണെന്നു അവനും മാതാപിതാക്കൾക്കും നല്ലവണ്ണം അറിയാമായിരുന്നു (൨൨, ൩൪ വാ). എങ്കിലും ലോകത്തിന്റെ നിന്ദയേയോ എതിർപ്പിനേയോ വകവയ്ക്കാതെ അവൻ യേശുവിനെക്കുറിച്ചു് അവനു് അറിയാൻ സാധിച്ചിടത്തോളം ഏറ്റുപറയുന്നു. അതിനാൽ യേശുക്രിസ്തു അവനെ കൂടുതലായ ജ്ഞാനത്തിലേക്കു ആനയിക്കുന്നു (൩൮—൩൯ വാ). യേശുവിനെപ്പറ്റിയുള്ള എന്റെ സാക്ഷ്യം എപ്രകാരമാണ്?

൧൦നു. (തി.) യോഹ. ൧൦. ൧—൧൬. നല്ല ഇടയൻ. (1) ആടുകളുടെ ഇടയൻ. വാതിലിൽക്കൂടെ പ്രവേശിക്കുന്നു (൨ വാ). മറ്റൊരുത്തരത്തിൽ തൊഴുത്തിൽ പ്രവേശിക്കുന്നവൻ കള്ളനാകുന്നു. അവനെ ആടുകൾ തിരിച്ചറിയുന്നില്ല (൫, ൮ വാ). ഇടയനാകുവാൻ ആഗ്രഹിക്കുന്നവൻ യേശുവാകുന്ന വാതിലിൽക്കൂടി സഭയിൽ പ്രവേശിക്കേണം (൯ വാ). അതായതു് അവൻ തന്നെ രക്ഷിക്കപ്പെട്ടവനായിരിക്കണം. (2) ഇടയൻ ആടുകളെ മേച്ചൽപ്പുറത്തേക്കു നയിക്കുന്നു (൯ വാ). ആടുകൾക്കു ഭക്ഷണവും പാനീയവും നൽകുവാൻ അവൻ കടപ്പെട്ടവനത്രെ (യെഹെ. ൩൪. ൨൩, സംഖ്യ. ൨൭. ൧൭—൧൨; ൧ തിമൊ. ൫. ൧൭). (3) ഇടയന്റെ മാതൃക യേശുവത്രേ. എന്തെന്നാൽ അവൻ ആടുകളുടെ ഉടമസ്ഥനും അവയ്ക്കുവേണ്ടി തന്റെ ജീവനെ കൊടുത്തവനുമത്രേ (൧൫, ൧൭ വാ). അവൻ യെഹൂദനെന്നോ പുറജാതിയെന്നോ വ്യത്യാസംകൂടാതെ സകലരേയും ഒരു തൊഴുത്തിൽ കൊണ്ടുവരുന്നവനുമത്രേ (൧൬ വാ; യെഹെ. ൩൪. ൨൩—൨൪).

ക്കരു. (ചൊ.) യോഹ. ക്ം. ക്ൻ—നം. യഹൂദന്മാരോടുള്ള അന്യ പ്രബോധനം. യെഹൂദ്യയിൽ യേശുവിനെക്കുറിച്ചുള്ള അഭിപ്രായഭിന്നത തുടരുന്നു (ക്ൻ. ൪൧ വാ). തന്റെ അത്ഭുതകരങ്ങളായ വാക്കുകൾ കേട്ടിട്ടും പ്രവൃത്തികൾ കണ്ടിട്ടും വിശ്വസിക്കാതെ യഹൂദന്മാർ വീണ്ടും യേശുവിന്റെ ആഭിചര്യത്തെപ്പറ്റി ചോദ്യം ചെയ്യുന്നു (൫൪ വാ). താൻ പറഞ്ഞതായ വാക്കുകളും അവയെ ഉല്ലംഘിക്കുന്ന പ്രവൃത്തികളും തന്നെക്കുറിച്ചു മതിയായ സാക്ഷ്യം നല്കുന്നുണ്ടെന്നു കർത്താവു ചൂണ്ടിക്കാണിക്കുന്നു (൫൭ വാ). താനും പിതാവും തമ്മിലുള്ള ആന്തരിക ഐക്യത്തെക്കുറിച്ചു പ്രഖ്യാപനം ചെയ്യുന്നു (൫൦ വാ). എന്നാൽ കർത്താവിനെ അനുഗമിക്കാനുള്ള സന്നദ്ധത യഹൂദന്മാരിൽ ഇല്ലാതിരുന്നതുകൊണ്ടു അവരെ സംബന്ധിച്ചിടത്തോളം തന്റെ പ്രവർത്തനം ഫലശൂന്യമായിത്തീർന്നു (൫൧, ൫൨ വാ). കർത്താവിന്റെ തിരുവചനങ്ങളും സഭയിൽക്കൂടെയുള്ള തന്റെ പ്രവർത്തനവും അറിയുന്ന ഞാൻ അവനെ ആത്മാർത്ഥമായി അനുഗമിക്കുന്നുണ്ടോ ?

✓ക്൫൫. (ബു) യോഹ. ക്ം. ൫൮—൬൨. സപ്തസ്ഥ പിതാവിന്റെ പ്രവൃത്തി. മൈവത്തോടുള്ള തന്റെ സമത്വത്തെ യേശു പ്രഖ്യാപനം ചെയ്യുമ്പോൾ അതു മൈവദൂഷണമാണെന്നു യഹൂദന്മാർ പറഞ്ഞു (൫൯ വാ). അവനെ കല്ലെറിവാൻ ഭാവിച്ചു. മൈവത്തിന്റെ നാമത്തിൽ പ്രവർത്തനം നടത്തിയവരെ ദേവന്മാർ എന്നു തിരുവെഴുത്തിൽ വിളിച്ചിട്ടുള്ളതുകൊണ്ടു മൈവത്താൽ നിയോഗം ലഭിച്ചവനായ തനിക്കു മൈവപുത്രൻ എന്നുള്ള നാമം അവകാശപ്പെടാം എന്നു കർത്താവു മറുപടി പറയുന്നു (൫൯—൬൦ വാ). തന്റെ പ്രവൃത്തികൾ പിതാവിന്റെ പ്രവൃത്തികൾതന്നെയാണെന്നു പ്രബോധിപ്പിക്കുന്നു (൬൦, ൬൧ വാ). യഹൂദ മേധാവികളുടെ അവിശ്വാസം മുഖാന്തരം താൻ അവരെ വിട്ടുപോകുന്നു (൬൦ വാ). തന്നിൽ വിശ്വസിച്ചവരെ അടുത്ത ഘട്ടം നേരിടുന്നതിനായി ഒരുക്കുന്നു. (൬൧—൬൨ വാ). പിതാവിന്റെ പ്രവൃത്തികൾ ഇന്നും കർത്താവു ചെയ്തുകൊണ്ടിരിക്കുന്നു. ജീവിതത്തിന്റെ ഓരോ ഘട്ടങ്ങളെ നേരിടുവാനുള്ള ശക്തി ഞാൻ അവനിൽനിന്നു പ്രാപിക്കുന്നുണ്ടോ ?

ക്൬൦ (വ്യാ.) യോഹ. ക്ക. ൧—൪൨. ബെഥാന്യയിലെ ഭവനം. (1) യേശുവിനെ പൂജിക്കയും ആരാധിക്കയും ചെയ്ത ഒരു ഭവനമായിരുന്നു അതു (൧ വാ; ലൂക്കൊ. ക്ം. ൫൮—൬൦). (2) യേശു അവരെ വളരെ സ്നേഹിച്ചിരുന്നു (൫, ൧൧ വാ). (3) കൂട്ടം ബത്തിൽ രോഗമുണ്ടായപ്പോൾ അവർ യേശുവിന്റെ സഹായം അപേക്ഷിച്ചു (൩ വാ). അവരുടെ പ്രാർത്ഥനയ്ക്കു കർത്താവു് ഉടനടി മറുപടി കൊടുക്കുന്നില്ല. തന്റെ ദിവ്യ ഹിത പ്രകാരമുള്ള അത്ഭുതം പ്രവർത്തിച്ചു തിരുനാമം മഹത്വപ്പെടുത്തുവാനുള്ള അവസരം വരുന്നതുവരെയും താൻ താമസിക്കുന്നു (൬, ൯, ൧൪, ൧൫ വാ). ക്രിസ്തുവിൽ ആശ്രയിക്കുന്ന മൈവപൈതലെ ! നിന്റെ പ്രാർത്ഥനയ്ക്കു് ഉത്തരം കിട്ടാത്തതിൽ നീ അക്ഷമനാകുന്നോ ? അവൻ തിരുനാമത്തെ മഹത്വപ്പെടുത്തുവാനും നിന്നെ അധികമായി അനുഗ്രഹിക്കുന്നതിനും താമസിക്കുന്നു എന്നോർക്ക.

ക്൬൧. (വെ.) യോഹ. ക്ക. ൧൧—൪൨. യേശു ബെഥാന്യയിൽ. അത്ഭുതങ്ങളുടെ മകുടമായ അത്ഭുതം പ്രവർത്തിപ്പാനത്രെ യേശു ബെഥാന്യയിൽ എത്തിയതു്—മരിച്ചിട്ടു് നാലു ദിവസം ശവക്കുഴിയിൽ കിടന്ന ലാസറിനെ ഉയർപ്പിക്കുവാൻ തന്നെ. വിശ്വാസമില്ലാത്തിടത്തു താൻ അത്ഭുതം പ്രവർത്തിക്കയില്ല (മത്താ. ക്ം. ൭൩). ഈ വലിയ അത്ഭുതം മൈവശക്തിയുടെ പ്രകടനമായി സ്വീകരിക്കുവാൻ തക്കതായ വിശ്വാസം ലാസറിന്റെ സഹോദരിമാർക്ക് ഉണ്ടോ എന്നു താൻ പരിശോധിക്കുന്നു. രോഗികളെ സൌഖ്യപ്പെടുത്തുവാൻ അവനു ശക്തിയുണ്ടെന്നു മാത്രമേ മറിയയും വിശ്വസിച്ചിരുന്നുള്ളു (൨൧, ൩൨ വാ). അതിലപ്പുറമായി, ജീവനെ കൊടുപ്പാൻ അധികാരമുള്ള മൈവപുത്രനാണ് കർത്താവു എന്നു കൂടി അവർ പഠിക്കേണ്ടിയിരിക്കുന്നു (൨൫, ൨൭ വാ). മാത്താ ആ വിശ്വാസം ഏറ്റുപറഞ്ഞതോടുകൂടെ കർത്താവു പ്രവർത്തനത്തിനായി പുറപ്പെടുന്നു (൨൭ വാ). "വിശ്വസിക്കുന്നവനു സകലവും കഴിയും" (മർക്കൊ. ൯. ൨൩).

ക്൬൨. (ശം) യോഹ. ക്ക. ൩൨—൪൨. യേശു ലാസറിന്റെ കല്ലറയിങ്കൽ

കർത്താവിന്റെ മനുഷ്യത്വത്തെയും ദൈവത്വത്തെയും ഒരുപോലെ പ്രത്യക്ഷമാക്കുന്ന ഒരു സുപ്രധാനസംഭവമത്രെ ഇതു്. ലാസറിന്റെ മരണത്തിൽ ദുഃഖിതരായിരുന്ന പ്രിയ സ്നേഹിതരോടുകൂടി കണ്ണീരൊഴുക്കുന്ന യേശു ഒരു യഥാർത്ഥ മനുഷ്യനത്രെ (൧൧ വാ). ആത്മികമായി മരിച്ചിരുന്ന യെഹൂദസഭയെക്കണ്ടു താൻ എത്രയധികം കണ്ണീർ വീഴ്ത്തിയിട്ടുണ്ടു് (ലൂക്കൊ. ൧൯. ൪൧). ഇപ്പോഴും, അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചിരിക്കുന്നവരെക്കണ്ടു താൻ കരയുന്നില്ലയോ? എന്നാൽ, മരിച്ച ലാസറെ കല്ലറയ്ക്കുള്ളിൽ നിന്നു വിളിച്ചവരുത്തിയതു പൂർണ്ണ ദൈവമാകുന്നു. പിതാവുമായി അവനേരം സംസർഗ്ഗം ചെയ്തതിന്റെ ശേഷമാണ് ഈ മഹാത്ഭുതം താൻ പ്രവർത്തിക്കുന്നതു് (൧൧, ൪൨ വാ). ഈ പുനരുത്ഥാനത്തിന്റെ ശക്തി അപ്പൊസ്തലന്മാർക്കു പ്രാർത്ഥനയുടെ ഫലമായി ലഭിച്ചു. അതു പരിശുദ്ധാത്മാനമാണ്. ഈ ദിവ്യശക്തി ലഭിപ്പാനായിട്ടു ഞാൻ കർത്താവിനോടു സംസർഗ്ഗം ചെയ്യുന്നുണ്ടോ?

ഹെബ്രാ. (ഞാ.) യോഹ, ൧൧. ൭൭—൭൯. വർദ്ധിച്ചുവന്ന എതിർപ്പു്. ദൈവശക്തിയുടെ വെളിപ്പാടു പൂർവ്വാധികം ദീപ്തമാവുകയും വിശ്വാസികളുടെ എണ്ണം വർദ്ധിക്കയും ചെയ്തതോടെപ്പം അന്ധകാരത്തിന്റെ ശക്തികളും പ്രവർത്തനം ഊർജ്ജിതമാക്കുന്നു. കർത്താവിനെ ശത്രുക്കൾ തന്നെ അപായപ്പെടുത്തുന്നതിനു് സംഘടിതമായ ശ്രമം നടത്തുവാൻ തുടങ്ങി (൪൩ വാ). യേശു, സമുദായത്തിനു മാത്രമല്ല ദേശത്തിനും ഒരു വിപത്താണെന്നു് അവർ പറയുന്നു (൪൮ വാ). യേശുവിനെ നശിപ്പിച്ചാൽ രാഷ്ട്രത്തേയും സമുദായത്തേയും രക്ഷിക്കാം എന്നു കയ്യഫാവു് ഉപദേശിക്കുന്നു (൫൧, ൫൦ വാ). ഈ ഉപദേശത്തിന്റെ വ്യംഗ്യാർത്ഥം പ്രധാനമായ തു് എന്തെന്നു നോക്കുക (൫൨, ൫൩ വാ). എന്നാൽ ശത്രുക്കളുടെ ഗൂഢാലോചന ദൈവോദ്ദേശത്തെ വ്യർത്ഥമാക്കുന്നില്ല. കർത്താവു തന്നെത്തന്നെ അവരിയ യാഗത്തിനായി ഒരുക്കുന്നു. ദൈവപൈതൽ പരിഗണിക്കേണ്ടതു ലോകത്തിന്റെ ശത്രുതയെയല്ല സർവ്വശക്തനായ ദൈവത്തിന്റെ ഹിതത്തെയത്രേ.

ഹെബ്രാ. (തി.) യോഹ. ൧൨. ൧—൧൯. ലോകം അവന്റെ പിമ്പിൽ. (1) യേശുതന്നെ അനുഗമിച്ച ഒരു കുടുംബത്തിന്റെ സൽക്കാരം സ്വീകരിക്കുന്നു (൧—൩ വാ). മറിയയുടെ ഭക്തി മറ്റുള്ളവരുടേതിലും കവിഞ്ഞുനില്ക്കുന്നു (൩ വാ). കർത്താവിനെ മറന്നുകൊണ്ടുള്ള ആരാധനയെ അപലപിക്കുന്നുവെങ്കിലും കർത്താവു അതിനെ വിലമതിക്കുന്നു (൪—൮ വാ). (2) തന്നെ അനുഗമിച്ച ഈ സമൂഹത്തിന്റെ ഭക്തി പ്രകടനത്തേയും യേശു സ്വീകരിക്കുന്നു (൧൨, ൧൩ വാ). സമൂഹത്തിന്റെ ഭക്തി പ്രകടനങ്ങൾ താൽക്കാലികം മാത്രമാണെന്നു തനിക്കറിയാമായിരുന്നിട്ടും താൻ അതിനേയും വിലമതിച്ചു (ലൂക്കൊ. ൧൯. ൩൮). മറിയയെപ്പോലെ സ്ഥിരമായുള്ള ഭക്തിയും സ്നേഹവും എനിക്കുണ്ടോ? പരീശന്മാർ ഈർഷ്യയോടും നൈരാശ്യത്തോടും പറഞ്ഞ വാക്കുകൾ (൧൯ വാ) പിൽക്കാലത്തു് എത്ര യഥാർത്ഥമായിത്തീർന്നു എന്നു് ഓർക്കുക.

ഹെബ്രാ. (ഫൊ.) യോഹ. ൧൨. ൨൦—൩൩. യേശുവിനാൽ ആകർഷിക്കപ്പെട്ട യവനന്മാർ. ഫെസ്തമതാനുസാരികളായ യവനന്മാർ യേശുവിനെ കാണാനുള്ള താല്പര്യം അറിയിക്കുന്നു. ലോകവ്യാപകമായി വർദ്ധിക്കേണ്ട തന്റെ രാജ്യത്തിന്റെ പ്രമാണങ്ങളെക്കുറിച്ചു്, അപ്പോൾ താൻ പ്രസ്താവിക്കുന്നു (൩൨ വാ). (1) മരണം മേന്മയേറിയ ഒരു പുതിയ ജീവിതത്തിനു കാരണമാകുന്നു (൨൪ വാ). ഗോതമ്പുമണിയുടെ വ്യക്തിത്വം നശിച്ചുവെങ്കിൽ മാത്രമേ അതിൽനിന്നു പുതിയ ചെടി ഉണ്ടാകുന്നുള്ളൂ. ജഡികമായ ജീവിതത്തിന്റെ ജഡികമായ വശം നശിക്കേണ്ടതാകയാൽ അതിനെ സ്നേഹിക്കുന്നതു ജീവിതത്തെ നഷ്ടപ്പെടുത്തുകയാണ്. നശ്വരമായതിനെ പെരുത്തെങ്കിൽ മാത്രമേ നിത്യമായതിനെ പ്രാപിക്കുകയുള്ളൂ (൨൫ വാ). (2) കർത്താവിനെ ശുശ്രൂഷിക്കുവാൻ ആഗ്രഹിക്കുന്നവൻ കർത്താവു വസിക്കുന്നിടത്തു തന്നെ വസിക്കണം (൨൬ വാ). ആ കൂട്ടായ്മയിൽ പ്രവേശിപ്പിക്കുന്നതാണ് പിതാവു നല്കുന്ന ഏറ്റവും വലിയ ബഹുമതി (൨൬ വാ). കർത്താവു വസിക്കുന്ന സ്ഥാനത്താണോ നീയും വസിക്കുന്നതു്? സ്വയത്യാഗപരമായ ശുശ്രൂഷനമാണ് അതിനുള്ള മാർഗ്ഗം.

കൽന്ന. (ബൃ.) യോഹ. ക്വ. ന്യ—ഉം. തിരുവചനം. മനുഷ്യജീവിതത്തോടുള്ള ബന്ധത്തിൽ തിരുവചനത്തിന്റെ രണ്ടു പ്രത്യേകതകളുണ്ട്. (1) തിരുവചനം വിധിക്കുന്നു (രവ്വ വാ). കർത്താവിന്റെ വരവിന്റെ ഉദ്ദേശം ന്യായവിധിയല്ല രക്ഷയത്രെ (ന്യ വാ). എന്നാൽ തന്നെ തിരസ്കരിക്കുകയെന്നുള്ളതു ശിക്ഷാവിധിയെ സ്വയം സ്വീകരിക്കുകയാണ്. അന്നത്തെ യെഹൂദമേധാവികൾ കർത്താവിനെ തിരസ്കരിക്കുമെന്നു പ്രവാചകന്മാർ മുമ്പുതന്നെ മീഷ്മർശനം ചെയ്തിട്ടുണ്ട് (ന്യ—രഫ വാ). തിരുവചനം അവരെ കുറ്റപ്പെടുത്തുകയും വിധിക്കയും ചെയ്തിരിക്കുന്നു. (2) തിരുവചനം നിത്യജീവനാകുന്നു (ഉം വാ; യോഹ. ന്യ. ന്യന, ന്യവ). കർത്താവിന്റെ വചനം പിതാവിന്റെ കല്പനപ്രകാരമുള്ളതാണ് (രൻ വാ). അതു നമ്മുടെ ഹൃദയങ്ങളിലേക്കും ഇച്ഛാശക്തിയിലേക്കും അനുഭവമാകുന്ന ദൈവസ്നേഹത്തിന്റെ സ്വാധീനശക്തിയത്രെ. അതാണ് നിത്യജീവന്റെ അനുഭവം. കർത്താവിന്റെ വചനം എന്നെ കുറ്റപ്പെടുത്തുന്നുണ്ടോ? അഥവാ അതു നിത്യജീവനാണെന്നു ഞാൻ അനുഭവിച്ചറിയുന്നുണ്ടോ?

ഫാന്ന. (ന്യാ.) യോഹ. ക്വ. ക—ക്വ. കർത്താവു ശിഷ്യന്മാരുടെ കാല്യകളെ കഴുകുന്നു. തങ്ങളിൽ വലിയവൻ ആരാകുന്നു എന്ന ചിന്തയിൽ മുഴുകിയിരുന്ന ശിഷ്യന്മാർക്കു ഈ ശുശ്രൂഷ ഒരു പാഠമായിരുന്നു. പത്രൊസിന്റെ കാലുകളെ കഴുകുവാൻ അവൻ യേശുവിനെ ആദ്യം അനുവദിക്കുന്നില്ല. ഗുരുതന്റെ കാൽ കഴുകുന്നതിനേക്കാൾ ഏറ്റുപ്പവും ഉചിതവുമായുള്ള ശുശ്രൂഷ ഗുരുവിന്റെ കാൽ താൻ കഴുകുന്നതാണെന്നു പത്രൊസിനു തോന്നിക്കാണും. യേശുവിന്റെ ഗുരുസ്ഥാനവും സേവനവും തമ്മിൽ പൊരുത്തമില്ലെന്നും അവൻ വിചാരിച്ചു (ന്യ, വ വാ). എന്നാൽ കർത്താവിനെയോ കൂട്ടുവിശ്വാസികളെയോ ശുശ്രൂഷിക്കുന്നതിനു അവൻ പ്രാപ്തനാകണമെങ്കിൽ ആദ്യം യേശുവിനാൽ കഴുകപ്പെടണമെന്നു യേശു പഠിപ്പിക്കുന്നു (വ, രഫ, രരി വാ). കർത്താവിനെ ശുശ്രൂഷിപ്പാൻ ഞാൻ താല്പര്യപ്പെടുന്നുണ്ടോ? അവൻ സ്നേഹിക്കുന്ന എല്ലാവരെയും ശുശ്രൂഷിപ്പാൻ തക്കവണ്ണം എനിക്കു സ്നേഹവും വിനയവുമുണ്ടോ? (ക്വയോഹ. രു. ഫം).

ഫഹന്ന. (രവ.) യോഹ. ക്വ. ക്വ—ന്മ. സ്വാമിദ്രോഹി. യൂദാ ചെയ്യാൻ പോകുന്ന ദ്രോഹത്തെക്കുറിച്ചു കർത്താവു മുൻകൂട്ടിപ്പറയുന്നു (ക്വ വാ). അതിലുടെത്തോടെ താൻ പ്രസ്താവിക്കുന്നു (വഫ വാ). ഈ പ്രസ്താവനയുടെ ഉദ്ദേശം എന്തെന്നു നോക്കുക (ക്വൻ വാ). യൂദാ ഈസ്കര്യോത്താവിനെ ഈ മുന്നറിയിപ്പു അനുതാപത്തിലേയ്ക്കു നയിക്കേണ്ടതായിരുന്നു. ഒരു ശ്രമം കൂടെ കർത്താവു നടത്തുന്നു. താൻ യൂദയോടു ഒരു പ്രത്യേകത കാണിക്കുന്നു (ന്യ വാ). അപ്പഖണ്ഡം വാങ്ങിയതോടുകൂടി സാത്താൻ അവനെ സ്വാധീനമാക്കി (രറ വാ). കർത്താവിന്റെ അരുമാഴത്തിൽ അയോഗ്യമായി പങ്കെടുത്തതിന്റെ ഫലം അതാണ് (ക കൊരി. ക്വ. രറ—ഫൻ). ലോകത്തിന്റെ വെളിച്ചമായ ക്രിസ്തുവിന്റെ സന്നിധിയിൽ നിന്നു അവൻ പുറത്തുള്ള ഇരുളിലേക്കു കടന്നു (ന്മം വാ). അവന്റെ ഹൃദയത്തിലെ കുരിരുൾ അതിലും ഏറെ ഭയാനകമായിരുന്നു. അന്ധകാരത്തിൽ കൂടെയുള്ള യാത്ര എവിടെച്ചെന്നവസാനിക്കുമെന്നു അവൻ അറിയുന്നില്ല (യോഹ. ക്വ. ൻ, ഫം).

ഫഹന്ന. (ശ.) യോഹ. ക്വ. ന്യ—ന്യവ. പുതിയ കല്പന. കർത്താവു മരണം മുഖാന്തരം പിതാവുമായുള്ള ഐക്യത്തിന്റെയും മഹത്വത്തിന്റെയും പാരമ്യത്തിൽ എത്തുവാൻ പോകുന്നു (ന്യക, ന്യഫ വാ). തന്റെ ശിഷ്യന്മാരും ആ കൂട്ടായ്മയിൽ വന്നുചേരണമെന്നവരത്രെ. എന്നാൽ ഉടനടി അതു അവർക്കു സാദ്ധ്യമല്ല. പരിശുദ്ധാത്മാവിന്റെ ശക്തി ലഭിച്ചതിനു ശേഷം അവർക്കു അതു സാദ്ധ്യമാകും (ന്യന, ന്യന്യ വാ). അതിനു മുമ്പായിട്ടു പോരാട്ടം നടത്തിയാലും ജീവത്യാഗം ചെയ്താലും ആ പരമലക്ഷ്യത്തിൽ എത്തുകയില്ല (ന്യഭ വാ). ശക്തി ലഭിക്കണമെങ്കിൽ ശിഷ്യന്മാർ തമ്മിൽ തമ്മിൽ സ്നേഹിക്കണം (ന്യരി വാ). അയൽക്കാരനെ തന്നെപ്പോലെ തന്നെ സ്നേഹിക്കേണമെന്നുള്ള പഴയ കല്പനയെ നീക്കുകയല്ല അതിനോടുകൂടി ഒരു പുതിയ കല്പനയെ ചേർക്കുകയത്രെ ചെയ്തതു (ന്യര വാ). പുതിയ കല്പന സഭയ്ക്കുള്ളിലുള്ള സ്നേഹത്തെയാണ് ഊന്നിപ്പറയുന്നതു. ക്രിസ്തീയ സഭ ഈ പുതിയ കല്പന പ്രമാണിച്ചു തുടങ്ങുമ്പോൾ ലോകം പഴയ കല്പന പ്രമാണിക്കുവാൻ തുടങ്ങും. യേശു എന്നെ സ്നേഹിക്കുന്നതുപോലെ ഞാൻ എന്റെ കൂട്ടുവിശ്വാസികളെ സ്നേഹിക്കുന്നുണ്ടോ?

൨൩൯. (ഞാ.) യോഹ. ൧൪. ൫—൧൪. കർത്താവു സ്ഥലമൊരുക്കുവാൻ പോകുന്നു. കർത്താവിന്റെ വേർപാടു ശിഷ്യന്മാക്ക് അത്യന്തം ഖേദകരമാണ്. അതിനാൽ താൻ അവരോടു ആശ്വാസവാക്കുകൾ പറയുന്നു (൧ വാ). തന്റെ വേർപാടിന്റെ ഉദ്ദേശം ശിഷ്യന്മാരെ പരിത്യജിക്കുയെന്നുള്ളതല്ല അവക്ക് പിതാവിന്റെ ഭവനത്തിൽ സ്ഥലമൊരുക്കുകയെന്നുള്ളതാണ് (൨ വാ). അവിടെ അവരെ ചേർക്കുവാനായി വീണ്ടും താൻ വരികയും ചെയ്യും (൩, ൪൭ വാ ; അപ്പൊ. പ്ര. ൧. ൧൧). മാത്രമല്ല, പിതാവിന്റെ ഭവനത്തിലേക്കുള്ള മാർഗ്ഗമേതാണെന്നും ചൂണ്ടിക്കാണിക്കുന്നു (൪ വാ). അതു ക്രൂശിന്റെ മാർഗ്ഗം തന്നെ, ആ മാർഗ്ഗത്തിൽക്കൂടെ സഞ്ചരിക്കുന്നവൻ പിതാവിന്റെ ഭവനത്തിൽ സ്ഥലം ലഭിച്ചിട്ടുള്ളവനാണ്. ഒരു വാസസ്ഥലത്തുനിന്നു അടുത്തതിലേയ്ക്കു കർത്താവു അവനെ നയിക്കുന്നു. അങ്ങനെ പിതാവുമായുള്ള സംപൂർണ്ണ ഐക്യത്തിലെത്തുന്നതു വരെ പുരോഗമനം തുടരേണ്ടതാകുന്നു. കർത്താവു ഒരുക്കുന്ന സ്ഥലത്തെക്കുറിച്ചുള്ള ഒർശനം നിനക്കുണ്ടോ ?

൨൩൰. (തി.) യോഹ. ൧൪. ൬—൧൩. ആശ്വാസപ്രദൻ. ശിഷ്യന്മാക്ക് ആശ്വാസം ലഭിക്കുന്നതിനുള്ള മുഖ്യഹേതു ആശ്വാസപ്രദന്റെ (കായ്യസ്ഥൻ) വരവാണ് (൧൬ വാ). അവൻ പരിശുദ്ധാത്മാവു തന്നെയാകുന്നു. അവന്റെ ആഗമനത്തോടുകൂടി ആശ്വാസവും സമാധാനവും പൂർണ്ണമായ അളവിൽ ലഭിക്കും (൨൭ വാ). കർത്താവിന്റെ വേർപാടിന്റെ ശേഷം, അവനോടുള്ള സ്നേഹം അവന്റെ കല്പനകളെ അനുസരിക്കുന്നതിനാൽ വെളിപ്പെട്ടുത്തിയെങ്കിൽ മാത്രമെ ആശ്വാസപ്രദൻ വരികയുള്ളൂ (൨൫, ൧൬ വാ). അങ്ങനെ ചെയ്യുന്നവനെ പിതാവും പുത്രനും സ്നേഹിച്ചു അവനുമായി ആത്മിക കൂട്ടായ്മ ആചരിക്കും (൨൩, ൨൪ വാ; ൧യോഹ, ൧. ൩). കർത്താവേ ! നിന്നോടും പിതാവിനോടും പരിശുദ്ധാത്മാവിനോടുമുള്ള കൂട്ടായ്മയിൽ സ്ഥിരമായിവസിപ്പാൻ തക്കവണ്ണം നിന്റെ കല്പനകളെ അനുസരിപ്പാൻ എനിക്കു ശക്തി തരേണമെ.

൨൩൱. (ചൊ.) യോഹ. ൧൫. ൧—൬൭. മുന്തിരിവള്ളിയും കൊമ്പുകളും. ക്രിസ്തീയ ജീവിതത്തിന്റെ ആരംഭപരമായ അനുഭവത്തെ പഠിപ്പിക്കുവാൻ കർത്താവു ഈ ഉപമ ഉപയോഗിക്കുന്നു. (1) ക്രിസ്തീയ ജീവിതം കൂട്ടായ്മയുടെ ജീവിതമത്രെ. കൊമ്പുകൾ മുന്തിരിവള്ളിയുടെ ജീവിതത്തിന്റെ ഭാഗമായിരിക്കുന്നതുപോലെ വിശ്വാസികൾ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ അവയവങ്ങളാകുന്നു (൫, ൭ വാ ; ൧കൊരി. ൧൨. ൧൩). ഓരോ വിശ്വാസിയിൽ നിന്നും പുറപ്പെട്ടുന്ന അനുഭവങ്ങൾ സഭയ്ക്കു പൊതുവായിട്ടുള്ളവയത്രെ (൮ വാ; ൧കൊരി. ൧൨. ൧൩). (2) അതു വളർച്ചയുള്ള ജീവിതമാകുന്നു. വളർച്ചയുടെ ലക്ഷണം ഫലം കായ്ക്കുയെന്നുള്ളതാണ്. ഫലം പുറപ്പെടുവിക്കാത്ത കൊമ്പുകളെ തോട്ടക്കാരൻ സ്ഥാനത്തുനിന്നു നീക്കികളയുന്നു (൨, ൬ വാ). ഫലം നല്കുന്നവ കൂടുതൽ നന്നാകേണ്ടതിനായി ചെത്തി വെടിപ്പാക്കുന്നു. അതു വേദനയുളവാക്കുന്ന അനുഭവമാണ്. ഓരോ കൊമ്പും കൂട്ടായ്മ ജീവിതത്തിൽ കൂടുതൽ പങ്കെടുത്തെങ്കിൽ മാത്രമെ കൂടുതൽ ഫലം പുറപ്പെടുവിക്കയുള്ളൂ (൮, ൯, ൧൦ വാ). എന്റെ അധിവാസം യേശുവിലാകുന്നുവോ ?

൨൩൲. (ബു.) യോഹ. ൧൫ ൧൮ — ൧൬. സഭയും ലോകവും. വി. യോഹന്നാൻ ലോകമെന്നു ഉപയോഗിച്ചിരിക്കുന്നതു ദൈവത്തോടകന്നു എതിരായി നില്ക്കുന്ന മനുഷ്യസമൂഹം എന്ന അർത്ഥത്തിലാകുന്നു. ദൈവം തന്റെ സഭയെ ലോകത്തിൽനിന്നു വേർതിരിച്ചെടുത്തിരിക്കുന്നതിനാൽ സഭയും ലോകവും തമ്മിൽ വൈരുദ്ധ്യമുണ്ടാകും (൧൯ വാ). അജ്ഞത മൂലം ലോകം ക്രിസ്തുവിനെയും സഭയേയും പീഡിപ്പിക്കും (൨൦, ൨൧ വാ). ക്രൂശിന്റെ മാർഗ്ഗം പോരാട്ടത്തിന്റെയും മാർഗ്ഗമത്രെ (എഫെ. ൬. ൧൨). ഉർത്ഥമായ മാർഗ്ഗത്തിൽ കൂടെയാണ് സഭ അതിന്റെ സാക്ഷ്യം നിറവേറ്റേണ്ടതു്. ആ സാക്ഷ്യത്തെ സ്ഥിരീകരിപ്പാനും ശക്തിപ്പെടുത്തുവാനുമായി ദൈവം തന്റെ പരിശുദ്ധാത്മാവിനെ അയച്ചുതരും (൨൬, ൨൭ വാ). കർത്താവേ ! നിന്റെ പരിശുദ്ധാത്മാവിനോടു ചേർന്നു നിനക്കുവേണ്ടി സാക്ഷ്യം വഹിക്കുവാൻ എന്നെയും എന്റെ സഭയേയും ഉണർത്തേണമെ.

൨൩൳. (വ്യാ.) യോഹ. ൧൬. ൫—൧൫. പരിശുദ്ധാത്മാവിന്റെ പ്രവൃത്തി. യേശുവിന്റെ വേർപാട് ശിഷ്യന്മാക്ക് ഹൃദയഭേദകമാണ് (൬ വാ). സ്നേഹവാനായ ഗുരു

വിന്റെ സാന്നിദ്ധ്യം നഷ്ടപ്പെടുന്നതുകൊണ്ടു മാത്രമല്ല പിന്നീടുള്ള അവരുടെ ജീവിതവും പ്രവർത്തനവും ഉർഷലേംപൂണ്ണമാണെന്ന് അറിയുന്നതുകൊണ്ടുമത്രേ അവർ ഓഹിക്കുന്നത്. എന്നാൽ യേശുവിന്റെ വേർപാട് ആവശ്യവും പ്രയോജനകരവുമാണ് (൭ വാ). കാര്യസ്ഥന്റെ പ്രവൃത്തി രണ്ടുതരത്തിലുള്ളതാകുന്നു. (1) ലോകത്തിനു ബോധംവരുത്തും (൮ വാ). പാപം, നീതി, ന്യായവിധി എന്നിവയെക്കുറിച്ചു ലോകത്തിനുള്ള ബോധത്തെ പുനഃപരിശോധന ചെയ്യും. യേശുക്രിസ്തുവിന്റെ മാനദണ്ഡം വച്ചുകൊണ്ടുള്ള പരിശോധനയാണ് അതു (൯, ൧൦, ൧൧ വാ). (2) സഭയെ നടത്തും (൧൩ വാ). ദൈവം പുരാതനകാലത്തു മരുഭൂമിയിൽ കൂടി യിസ്രയേൽ ജനതയെ നടത്തിയതുപോലെ പരിശുദ്ധാത്മാവു ക്രിസ്തീയ സഭയെ നയിക്കും. അവൻ കർത്താവിന്റെ വചനങ്ങളിലുള്ള സത്യത്തെ സഭയുടെയും വ്യക്തികളുടെയും അനുഭവങ്ങളിൽ കൂടെ തെളിയിക്കും (൧൪, ൧൫ വാ). എന്റെ അനുഭവങ്ങളിൽ കൂടി യേശുവിനെ കൂടുതലായി അറിവാൻ ഞാൻ പരിശുദ്ധാത്മാവിന്റെ സഹായം അന്വേഷിക്കുന്നുണ്ടോ ?

൨൨ാം ദി. (വെ) യോഹ. ൧൬. ൧൬—൨൨. **ലോക ജേതാവു്.** കുറേക്കാലത്തേക്കു കർത്താവിന്റെ ജനങ്ങൾ ഓഹിക്കയും ലോകം സന്തോഷിക്കയും ചെയ്യും. എന്നാൽ കർത്താവു വീണ്ടും വന്നു തന്റെ ജനങ്ങൾക്കു സ്ഥിരമായ സന്തോഷം നല്കും (൧൬, ൨൦, ൨൨ വാ). ഇന്നു അവരുടെ വിശ്വാസം സുശക്തമല്ല (൧൮, ൨൨ വാ). എന്നാൽ അന്നു അവൻ തന്റെ പരിശുദ്ധാത്മാവിനാൽ അവരെ നടത്തും (൧൩ വാ). പരിശുദ്ധാത്മാവു മുഖാന്തിരമുള്ള യേശുവിന്റെ സാന്നിദ്ധ്യം സജീവമായി ബോദ്ധ്യപ്പെടുന്നതോടുകൂടെ അവന്റെ മനോഭാവത്തിൽ പ്രാർത്ഥിപ്പാൻ അവർ പഠിക്കും. ആ പ്രാർത്ഥനകളെല്ലാം പിതാവു കേട്ടു ഉത്തരമരുളും (൨൩, ൨൬ വാ). അപ്പോൾ സന്തോഷത്തിന്റെ പരിപൂർണ്ണത ലഭിക്കും (൨൪ വാ). അതാണു ക്രിസ്തുവിന്റെയും ക്രിസ്ത്യാനിയുടെയും ജയം (൨൩ വാ). എന്റെ രക്ഷിതാവിനോടുകൂടിയുള്ള ജയജീവിതമാണോ ഞാൻ നയിക്കുന്നതു?

൨൩ാം ദി. (ശ.) യോഹ. ൧൭. ൧— ൧൨. **മഹാപുരോഹിത മദ്ധ്യസ്ഥ പ്രാർത്ഥന.** യിസ്രായേൽ സഭയുടെ മഹാപുരോഹിതൻ പാപപരിഹാരദിനത്തിൽ തനിക്കും പുരോഹിതന്മാർക്കും, ലേവ്യർക്കും, സഭയ്ക്കുംവേണ്ടി പ്രാർത്ഥിക്കുന്നതുപോലെ യേശുക്രിസ്തു തന്റെ ജീവാപ്പണമാകുന്ന പാപപരിഹാരയാഗത്തിന്റെ മട്ടത്തിൽ തനിക്കും, തന്റെ ശിഷ്യന്മാർക്കും, സകല വിശ്വാസികൾക്കും, ലോകത്തിനും വേണ്ടി പ്രാർത്ഥിക്കുന്നു. ഈ പ്രാർത്ഥനയിൽ മുഖ്യമായി മൂന്നു വിഷയങ്ങൾ കാണാം. (1) **പുത്രനും പിതാവും** (൧— ൫ വാ). പിതാവു തന്നെ ഭരമേല്പിച്ച പരമോന്നതമായ കർത്തവ്യം പുത്രൻ ഇതുപര്യന്തം നിർവ്വഹിച്ചിരിക്കുന്നതിനാൽ പിതാവിനെ മഹത്വപ്പെടുത്തിയിരിക്കുന്നു (൪ വാ). അടുത്ത പടിയായ മരണം മൂലവും പിതാവിനെ മഹത്വപ്പെടുത്തുവാൻ തന്നെ ശക്തീകരിക്കണമെന്നു പുത്രൻ പ്രാർത്ഥിക്കുന്നു. അപ്രകാരമാണ് പുത്രൻ മഹത്വപ്പെടുന്നത് (൧, ൫ വാ). നമ്മുടെ ചുമതലകളെ വിശ്വസ്തതയോടും സംപൂർണ്ണമായും നിർവ്വഹിക്കുന്നതു നമ്മുടെ സ്വർഗ്ഗസ്ഥ പിതാവിനു് മഹത്വകാരണമാണെന്നു നാം ഓർക്കുന്നുണ്ടോ ?

൨൪ാം ദി. (ഞാ.) യോഹ. ൧൭. ൧൩—൨൬. **മഹാപുരോഹിത മദ്ധ്യസ്ഥപ്രാർത്ഥന.** (തുടർച്ച) (2) **പുത്രനും തന്റെ ശിഷ്യന്മാരും** (൧൩—൧൯ വാ). ശിഷ്യന്മാർ ലോകത്തിൽനിന്നു വിളിക്കപ്പെട്ടവരും (൬ വാ), പുത്രനിൽ വിശ്വസിക്കുന്നവരുമാണ് (൮ വാ). അവർ തുടർന്നു ലോകത്തിൽ വസിക്കുന്നു (൧൧ വാ). പുത്രൻ അവരെ നിയോഗിച്ചിരിക്കുന്നു (൧൮ വാ). ശിഷ്യ ഗണങ്ങൾക്കുവേണ്ടി മൂന്നു കാര്യങ്ങൾ കർത്താവു അപേക്ഷിക്കുന്നു. (1) അവർ ഒന്നാകേണ്ടതിനു് അവരെ പരിപാലിക്കണം (൧൧ വാ). (2) അവരെ ദോഷശക്തികളിൽനിന്നു സംരക്ഷിക്കണം (൧൫ വാ). (3) അവരെ സത്യത്താൽ വിശുദ്ധീകരിക്കണം (൧൭, ൧൯ വാ). (3) **പുത്രനും ശിഷ്യന്മാരും ലോകവും** (൨൦—൨൬ വാ). സഭയുടെ സാക്ഷ്യത്താൽ തന്നിലുള്ള വിശ്വാസത്തിലേക്കും, ദൈവസ്നേഹത്തെപ്പറ്റിയുള്ള പരിജ്ഞാനത്തിലേക്കും ലോകം ആനയിക്കപ്പെടണം എന്ന ലക്ഷ്യത്തെ മുൻനിറുത്തി രണ്ടു കാര്യങ്ങൾ കർത്താവു അപേക്ഷിക്കുന്നു. (1) സകല വിശ്വാസികളും ഐക്യപ്പെടണം (൨൦—൨൩ വാ). (2) കർത്താവുമായി സജീവമായ കൂട്ടായ്മ പാലിപ്പാൻ അവർക്ക് ഇടയാ

കണം (൨൪ വാ). ഇന്നു ജീവിക്കുന്ന നമുക്കു വേണ്ടിയും കൂടെയാണ് നമ്മുടെ മഹാപുരോഹിതൻ പ്രാർത്ഥിച്ചതെന്നു നന്ദിയോടും വിനയത്തോടുംകൂടെ അനുസ്മരിക്കാം.

൩. ൧൩-൩. (തി.) യോഹ. ൧൭. ൧—൧൪. ഒരു പ്രതിസന്ധി ഘട്ടം. ഈ പ്രതിസന്ധി ഘട്ടത്തിൽ യേശുവിനെ അനേഷിച്ചവരും തന്റെ സന്നിധിയിൽ നിന്നവരും വലിയ തെറ്റുകൾ ചെയ്യുന്നു. യഹൂദ മേധാവികളുടെ പട്ടാളക്കാരും ചേവകരും യൂദയുടെ നേതൃത്വത്തിൽ യേശുവിനെ അനേഷിച്ചതു അവനെ ബലാല്ക്കാരമായി പിടിക്കുന്നതിനായിരുന്നു (൩ വാ). അതുവരെ യേശുവിന്റെ സന്നിധിയിൽനിന്ന പത്രോസു ക്രൈസ്തവവിരുദ്ധമായി പ്രവർത്തിക്കുന്നു (൧൦—൧൧ വാ). യേശുവിന്റെ ആരമാവിനെ പ്രാപിക്കാത്തവർ അവന്റെ ശിഷ്യഗണത്തിൽ ഉൾപ്പെട്ടിരുന്നാലും തെറ്റുകൾക്കു വശംവദരാണ്. കർത്താവിന്റെ രാജകീയ സാന്നിദ്ധ്യം ശത്രുക്കളെ അസ്വസ്ഥരാക്കുന്നു (൬ വാ). തന്റെ ആശ്രിതരുടെ രക്ഷയെ കാംക്ഷിച്ചതിലും (൭ വാ), തന്റെ നിർഭയമായ നിലപാടിലും (൮, ൯ വാ) ശത്രുവിനെ ശുശ്രൂഷിക്കുന്നതിലും (ലൂക്കൊ. ൨൨. ൫൧, ൫൨). യേശുവിന്റെ രാജകീയ തേജസ്സു വെളിപ്പെടുന്നു.

കുടുംബപ്രിയവാദിനി

മഹായിടവക യുവതീസമാജം

പ്രിയ സഹോദരികളേ,

കഴിഞ്ഞമാസത്തിൽ ഇലഞ്ഞി, കുഴിക്കാല, എരികാട്ട എന്നീ സ്ഥലങ്ങളിൽ പോകയും ഇലഞ്ഞി എരികാട്ട, എന്നീ സ്ഥലങ്ങളിൽ യുവതീസമാജങ്ങൾ ആരംഭിക്കയും ചെയ്തു. പല ശാഖാ സെക്രട്ടറിമാരും അവരുടെ യുവതീസമാജത്തിന്റെ വിവരങ്ങളുറിയിക്കുകയും, സഹായങ്ങൾ ആവശ്യപ്പെടുകയും ചെയ്യുന്നതു തീച്ചയായും പ്രോത്സാഹജനകം തന്നെ. തങ്ങളുടെ ഔദ്യോഗികനങ്ങൾതന്നെ സഹായിക്കുന്ന എല്ലാവർക്കും, പ്രത്യേകിച്ചു യുവതീസമാജങ്ങളോ, അംഗങ്ങളോ അല്ലാത്തവരോടു പ്രത്യേകം നന്ദിപറഞ്ഞുകൊള്ളുന്നു.

മഹായിടവകയിലെ മിക്ക യുവതീസമാജവും ശരിയായി നടത്തിക്കൊണ്ടുപോകുവാനുള്ള ആഗ്രഹത്തോടെ കുറവു അനുഭവപ്പെടുന്നുണ്ട്. ഇതു പരിഹരിച്ചു എല്ലാ യുവതീസമാജവും കൂടുതൽ കാര്യക്ഷമമായി മുമ്പോട്ടു പോകുവാൻ തക്കവണ്ണം യുവതീസമാജസെക്രട്ടറിമാർക്കായി എപ്രിൽമാസത്തിൽ സെൻട്രൽ മോണിക്കാസിൽവച്ചു ഒരു ക്ലാസ്സു നടത്തണമെന്നാഗ്രഹിക്കുന്നു. ഈ അവസരം നഷ്ടപ്പെടുത്താതെ എല്ലാ സഖ്യങ്ങളും പ്രയോജനപ്പെടുത്തണമെന്നു അപേക്ഷിക്കയും, ഇതിനുവേണ്ടി പ്രാർത്ഥിക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു. ഇതേപ്പററി കൂടുതൽ വിവരങ്ങൾ അടുത്തലക്കത്തിൽ അറിയിക്കുന്നതാണ്.

തെന്നിന്ത്യാസഭയുടെ ഈ പ്രാവശ്യത്തെ സിനഡിനെപ്പററി മാസികകൾ മുഖേനയും മറും നിങ്ങൾ അറിഞ്ഞു കാണുമല്ലൊ. അതിൽ സംബന്ധിക്കുവാൻ എനിക്കു ഇടയായതുനിമിത്തം യുവതീസമാജത്തെക്കുറിച്ചു കൂടുതൽ അഭിമാനം കൊള്ളുവാൻ സാധിച്ചു. കാരണം ഈ സംഘടന മററു 13 മഹായിടവകകളെ അപേക്ഷിച്ചു നമ്മുടെ മഹായിടവകയിൽ മാത്രമെ ഇപ്പോൾ ഉള്ളു. നമ്മുടെ യുവതീസമാജത്തെക്കുറിച്ചു പലരും താല്പര്യപൂർവ്വം ചോദിക്കുകയും മററു മഹായിടവകകളിലും തുടങ്ങേതക്കവണ്ണം ഇതിന്റെ പ്രവർത്തനരീതികൾ എഴുതി വാങ്ങുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടു നമുക്കു ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളെ ശരിയായിട്ടു ഉപയോഗിക്കണമെന്നു അപേക്ഷിക്കുന്നു. "നിങ്ങൾ മനസ്സുവച്ചു കേട്ടനുസരിക്കുന്നു എങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും. മറുത്തു മത്സരിക്കുന്നു എങ്കിലോ നിങ്ങൾ വാളിന്നിരയായ്തീരും." ഈ ചിന്ത നമ്മെ ഭരിക്കട്ടെ.

St. Monicas,
Kanakkary,
Ettumanur.

A. C. MARIAMMA,
G. G. Secertary.

സ്ത്രീജനസഖ്യ വാർത്തകൾ

മാതൃസംഘജൂബിലി. മാതൃസംഘത്തിന്റെ 50-ാം വർഷം ആഘോഷിക്കുന്ന ഈ ജൂബിലിവർഷത്തിൽ മഹായിടവകയിൽ എല്ലാ മാതൃസംഘശാഖകളിലെയും പ്രാർത്ഥനാദീപം കത്തി പ്രകാശിക്കുന്നതു കാണാമായിരുന്നെങ്കിൽ അതിനോളം സന്തോഷം മറെറാന്നിലും ഇല്ലായിരുന്നു. 'കുറെ സമയങ്ങളായി ഞങ്ങളുടെ പ്രാർത്ഥനാദീപം അണഞ്ഞുപോയി' എന്നു പറയുന്ന ശാഖകൾ വളരെ ഉണ്ട്. അണഞ്ഞുപോയിരിക്കുന്ന നമ്മുടെ ദീപത്തെ കത്തിക്കയും നമ്മുടെ അന്ധകാരത്തെ പ്രകാശമാക്കുകയും ചെയ്യുന്ന വെളിച്ചമാകുന്ന കർത്താവിന്റെ അടുക്കൽ വിനയത്തോടെ അടുത്തു ചെല്ലുന്നതിനു ഈ ജൂബിലിവർഷം നമ്മെ ഒന്നു ഉണർത്തുമെന്നു വിശ്വസിക്കാം. ജൂബിലി സംബന്ധമായ എല്ലാ പരിപാടികളുടെയും വിജയത്തിനായുള്ള ഉള്ളുഴിഞ്ഞ പ്രാർത്ഥനയും സഹകരണവും എല്ലാ ശാഖകളിൽനിന്നും ലഭിക്കുമെന്നു ആശിക്കുന്നു. എപ്രിൽമാസം നമ്മുടെ മഹായിടവകയിലെ സുപ്രധാനങ്ങളായ പല കാര്യങ്ങളും നടക്കേണ്ട സന്ദർഭമാകയാലും ആ സമയത്തേക്കു ജൂബിലി ആഘോഷത്തിനു വേണ്ടിയുള്ള നമ്മുടെ സംരംഭങ്ങൾ പൂർത്തിയാക്കുന്നതു എളുപ്പമല്ലാത്തതിനാലും മറും ഒക്ടോബർ മാസത്തിലേക്കു ജൂബിലി മഹോത്സവം മാററി വെച്ചതു ഉചിതമായിത്തീർന്നല്ലോ. ഭാരതത്തിനു മുഴുവൻ അനുഗ്രഹമായിത്തീരാൻ തക്കവണ്ണം സുപ്രകാരേണയും അനുഗ്രഹീതരായിരിക്കുന്നാം ഈ ജൂബിലിവർഷം നമ്മുടെ തലകളെ ഉയർത്തി നോക്കി നിലങ്ങൾ കൊയ്ത്തിനു പെരുത്തിരിക്കുന്നതായി കാണുന്ന സന്ദർഭമായിത്തീരട്ടെ. നമ്മുടെ സ്ത്രീപ്രവർത്തന വികസീകരണം അതിനു അത്യന്താപേക്ഷിതമാണ്. വിദേശീയ ധനസഹായം ആശിക്കാനും ആഗ്രഹിക്കാനും ന്യായമല്ലാത്ത ഒരു ഭാവിയെ നോക്കിക്കൊണ്ടിരിക്കുന്ന നമുക്കു ഈ ജൂബിലി സന്ദർഭം എങ്കിലും അതിനായി ഒരു പ്രത്യേക മുതൽ ശേഖരം ഉണ്ടാക്കണമെന്നുള്ള തീരുമാനത്തിൽ എത്തിയതു എത്രമാത്രം സ്തുത്യർഹമാണ്. ഈ മഹത്തായ ഉദ്യമത്തിൽ എല്ലാ ശാഖകളും അവരവരുടെ പങ്കു ചെയ്തീർപ്പാനുള്ള ചുമതല വിസ്മരിച്ചു പോകയില്ല എന്നു വിശ്വസിക്കാം.

"തെക്കോവ്യയിലെ ശ്രേഷ്ഠന്മാർ കർത്താവിന്റെ വേലയ്ക്കു ചുമൽ കൊടുത്തില്ല" നെഹ. 3. 5. എന്നുള്ള നിരാശാജനകമായ വാചകംപോലെ ഈ ഉദ്യമത്തിൽ നമ്മെ ആരെക്കുറിച്ചും പറയാൻ ഇടയാകാതിരിക്കട്ടെ. S. T.

മിസ്സ് ഡേവിസിന്റെ എഴുത്തു്. നമ്മുടെ മാതൃസംഘത്തിന്റെ ഉററ ബന്ധുവായ മിസ്സ് ഡേവിസ് കൌൺസിൽ സമയം വായിക്കേണ്ടതിനു ഇംഗ്ലണ്ടിൽനിന്നും അയച്ച എഴുത്തു ഇവിടെ ചേർത്തിരിക്കുന്നതു ശ്രദ്ധിക്കുമല്ലോ.

എന്റെ സ്നേഹമുള്ള കൗൺസിൽ അംഗങ്ങൾക്കു്,

നിങ്ങളെക്കുറിച്ചുള്ള എന്റെ സ്നേഹസ്മരണകൾ അറിയിക്കുന്നതിനായി ഇതു എഴുതുന്നു. ഇന്നു അവിടെ സന്നിഹിതരായിട്ടുള്ളവരോടും, അതിനു സാധിക്കാത്തവരോടും, സംസ്കൃതിയിൽ പ്രവേശിച്ചവരെക്കുറിച്ചും ഉള്ള എന്റെ സ്നേഹസ്മരണകൾ അറിയിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിച്ചു കാക്കട്ടെ. ഇന്നത്തെ നിങ്ങളുടെ ആലോചനകളെ എല്ലാം അവൻ നടത്തി ഭരിക്കട്ടെ. 1945-ൽ കൂടിയ സമ്മേളനത്തിൽവച്ചു ഞാൻ തന്ന സന്ദേശം ഇന്നും ഞാൻ പുതുക്കി പറഞ്ഞുകൊള്ളട്ടെ.

ഫിലി. 1. 3—6, 8—11. അതു അന്നത്തെപ്പോലെ തന്നെ ഇന്നും സത്യമാണല്ലോ. ഞാൻ നിങ്ങളെ എന്റെ ഹൃദയത്തിൽ വഹിക്കുന്നു. നിങ്ങളെ കാണ്മാൻ ആഗ്രഹിക്കുന്നു. എന്നാൽ ശാരീരിക അവശതകളിൽനിന്നു വിടുവിക്കപ്പെട്ട ദൈവസന്നിധിയിൽ നാം ഒരുമിച്ചു കൂടുന്ന അവസരത്തിനായി നോക്കി പാർക്കുന്നു. എന്നു്

നിങ്ങളുടെ സ്നേഹിത,
ലില്ലിയൻ എ. ഡേവിസ്.

സുവിശേഷഭാഷിണി

പുസ്തകം 50. ലക്കം 3 മാർച്ച് 1958

തയ്‌ലണ്ട് മിഷ്യൻ

തെന്നിന്ത്യസഭയുടെ വിദൂരമിഷ്യനായിരുന്ന പാപ്പുവാമിഷ്യനിൽ, ഇന്ത്യയിൽനിന്നുള്ള മിഷ്യനറിമാർക്ക് പ്രവേശനം നിഷേധിച്ചതിനാൽ പുതിയ വിദൂരമിഷ്യനായി ബർമ്മായിക്ക് കിഴക്കുവശം സ്ഥിതിചെയ്യുന്ന തയ്‌ലണ്ട് സിന്നഡ് ബോർഡ് ഓഫ് മിഷ്യൻസ് തെരഞ്ഞെടുത്തിരിക്കുന്നു. ആ വയലിലേക്ക് നിയുക്തനായിരിക്കുന്ന റവ. പോൾ മാണിക്കം അച്ചൻ മൂന്നുദിവസത്തേക്ക് നമ്മുടെ മഹായിടവക് സന്ദർശിക്കുകയും, കോട്ടയം, കഞ്ഞിക്കുഴി, ഒരുശ്ശ, തിരുവല്ല, കോട്ടുകുഉഞ്ഞി, മാവേലിക്കര എന്നീ സ്ഥലങ്ങളിൽ തയ്‌ലണ്ട് മിഷ്യനെക്കുറിച്ചു പ്രസംഗിക്കുകയും ചെയ്തു. കോട്ടയത്തു കോളേജ് ചാപ്പലിലും. ബയിക്കർ മെമ്മോറിയൽ സ്കൂളിലും, തിരുവല്ലായിലും കോട്ടുകുഉഞ്ഞിയിലും, മാവേലിക്കരയിലുമുള്ള നമ്മുടെ സ്കൂളുകളിലും കൂടിക്കൂടിയോട തയ്‌ലണ്ടിനെക്കുറിച്ചു പ്രസംഗിച്ചു. ബഥേൽ ആശ്രമം സന്ദർശിച്ചപ്പോൾ ചാപ്പലിൽവച്ചും പ്രസംഗിച്ചു. തിരുവല്ല ഡിസ്ട്രിക്ടിലും സമീപഇടവകകളിലും ഉള്ള ഏതാനും പട്ടക്കാരും ബഥേലിൽവച്ചു പോൾ മാണിക്കം അച്ചന്റെ പ്രസംഗം കേൾക്കുന്നതിനായി വന്നിരുന്നു. മഹായിടവകയിലെ എല്ലാ കേന്ദ്രങ്ങളിലും അച്ചനെ കൊണ്ടുപോകുവാൻ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ സാധിച്ചില്ല. തയ്‌ലണ്ടിനെക്കുറിച്ചുള്ള ഒരു ചെറിയ വിവരണത്തോടുകൂടിയുള്ള ഒരു പ്രാർത്ഥനാകാർഡു അച്ചടിപ്പിച്ചിട്ടുള്ളതു എല്ലാ ഇടവകകളിലും സഭാജനങ്ങൾക്കു വിതരണം ചെയ്യണമെന്നു സഭാ അധികാരികളോട് അഭ്യർത്ഥിക്കുന്നു. കാർഡുകൾ എന്റെ പക്കൽനിന്നും ലഭിക്കുന്നതാണ്. നൂറുകാർഡിനു അഞ്ചു രൂപായാണ് വില. ഇടവകകേന്ദ്രങ്ങൾ കാർഡുകൾ വാങ്ങി വിതരണം ചെയ്യണമെന്നു അപേക്ഷിക്കുന്നു.

എന്നു്

എം. എം. ജോൺ,
സെക്രട്ടറി, ബോർഡു ഓഫ് മിഷ്യൻസ്.

THE PATPARA MISSION

പറ്റ്പാറാ മിഷ്യനെ സംബന്ധിച്ചു രണ്ടു കാര്യങ്ങൾ വായനക്കാരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു കൊള്ളട്ടെ.

1. മിഷ്യൻ വയലിലേക്കു കൂടുതൽ ആളുകളെ അയയ്ക്കണമെന്നു ആഗ്രഹിക്കുന്നു. പോകുവാൻ 'വിളി' ഉണ്ടായിട്ടുള്ളവരും സന്നദ്ധതയുള്ളവരുമായ യുവതീയുവാക്കന്മാർ വിവരം വേഗം തന്നെ അറിയിക്കുന്നതു ഉപകാരമായിരിക്കും.

2. ഈ സാമ്പത്തിക വർഷം അവസാനിക്കുവാൻ പോകുന്നെങ്കിലും പല ഇടവകകളും ഒന്നും തരാതിരിക്കയോ പേരിനു ചെറിയ തുക തന്നു 'കടമ നിർവ്വഹിക്കയോ ചെയ്തിട്ടുണ്ട്. കൂടുതൽ ആളുകളെ അയച്ചും മറ്റും പ്രവർത്തനം വിപുലപ്പെടുത്താനാഗ്രഹിക്കുന്ന ഈ സമയത്തു ഉണ്ടാകാവുന്ന പണബാദ്ധ്യതകൾ പരിഹരിക്കത്തക്കവണ്ണം ഓരോ ഇടവകയിൽ നിന്നും നിശ്ചയിച്ചിട്ടുള്ള തുക ഉടനെ തന്നെ പിരിച്ചയച്ചു തരണമെന്നു മുമതലപ്പെട്ട എല്ലാവരെയും പ്രത്യേകിച്ചു യുവജനങ്ങളെയും ഓർപ്പിക്കുന്നു.

പറ്റ്പാറാ മിഷ്യനെ നിങ്ങളുടെ നിരന്തരമായ പ്രാർത്ഥനയിലും ഔദാര്യമായ കൈത്താങ്ങലിലും ഏല്പിച്ചുകൊണ്ടു്,

The C. M. S. College High School,
Kottayam, 25 Feb. 1958.

KURIAN VARKEY,
Secretary.

(പറ്റ്പാറാമിഷ്യൻകത്തു് അടുത്ത ലക്കത്തിലേക്കു മാറ്റി വെച്ചിരിക്കുന്നു.)

ഡയോസിസൻ ട്രഷററുടെ അഭ്യർത്ഥന

ലിസ്റ്റിൽ കൊടുത്തിരുന്ന മൂന്ന ഇനങ്ങൾക്കായി മഹായിടവകയിൽനിന്നും സംഭാവനയായി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന ആകെ തുകയിൽ 22-1-'58 വരെ, വിവിധ ഇടവകകളിൽനിന്നുമായി ഡയോസിസൻ ആപ്പീസിൽ ലഭിച്ച തുക താഴെ ചേർത്തിരിക്കുന്നു.

പറയത്തക്കവണ്ണമുള്ള ഒരു കരുതൽധനം ഇല്ലാത്തതിനാൽ അതതിനു ലഭിക്കുന്ന തുക കൊണ്ടു അതതു വേലകൾ അപ്പഴപ്പോൾ നിവ്വഹിക്കേണ്ടതായി വരുമെന്നുള്ള സംഗതി വിസ്മരിക്കുന്നതല്ല.

ആയതിനാൽ ഈ വർഷത്തെ വേല നിവർത്തിക്കുന്നതിനുള്ള ആവശ്യകത നിർബ്ബന്ധപൂർവ്വം ഓർപ്പിക്കട്ടെ.

From April 1, 1957—February 19, 1958.

		നിത്യച്ചിലവു്		HOME MISSION		PARKAL MISSION		
		Assessment	*Rceeipts*			*General*		*Boarding*
		Rs.	*Rs. nP.*	*Rs.*	*nP.*	*Rs.*	*nP.*	*Rs. nP.*
1	Ayroor	...	... ...	...	...	...	...	... ...
2	Kuzhikala	335	... ...	...	...	74	38	... ...
3	Punnakadu	385	200 0	6	66	108	39	... ...
4	Kumplampoika	80	... ...	14	69	26	66	... ...
5	Karikattoor	480	219 94	...	.	31	0	... ...
6	Ranni	..	.. ...	...	...	26	65	... ...
7	Konni	...	... ...	15	0	47	47	... ...
8	Nallanikunnu	280	... ...	...	...	18	30	... ...
9	Omalloor	...	... ...	9	44	12	0	... ...
10	Ettumanur	...	... ...	2	0	2	0	... ...
11	Muttuchira	...	... ...	2	72	4	31	... ...
12	Kattampakkal	210	... ...	...	...	...	...	... ...
13	Vaikom	...	... ...	3	30	7	19	... ...
14	Piravom	...	... ...	3	0	5	43	.. ...
15	Moovattupuzha	...	... ...	46	11	73	34	... ...
16	Ottiamkunnu	...	... ...	5	0	...	...	... ...
17	Koothattukulam	...	... ...	2	31	33	24	... ...
18	Kottayam	3460	2100 0	7	50	99	89	... ...
19	Kanjikuzhy	3650	2426 50	73	37	220	09	144 0
20	Olesha	940	415 0	29	74	113	11	... ...
21	Pampady	300	... ...	...	...	...	...	... ...
22	Thiruvanchoor	...	... ...	3	61	2	41	... ...
23	Kanam	500	165 0	15	75	25	90	... ...
24	Vazhoor	840	391 30	64	99	107	46	96 0
25	Arpukkara	...	... ...	...	...	5	0	... ...
26	Kodukulanji	1000	668 0	41	88	103	66	... ...
27	Chengannur	...	... ...	17	29	44	92	... ...
28	Kollakadavu	125	108 0	27	0	57	54	5 0
29	Adoor	...	... ...	23	25	28	87	... ...
30	Enath	...	... ...	...	...	...	...	... ...
31	Puthuval	...	... ...	...	...	14	77	... ...
32	Mallapally	1480	1000 0	96	98	123	93	51 0
33	Nedungadapally	1470	1000 0	35	0	52	89	103 59
34	Punnavely	817	73 0	...	...	40	98	... ...
35	Kangazha	45	... ...	...	...	...	...	... ...
36	Chelakompu	...	... ...	1	69	7	0	... ...
37	Kurumpanadom	...	... ...	22	92	20	0	... ...
38	Chakkimangalam	...	... ...	1	50	2	36	... ...
39	Narakathani	...	... ...	12	06	31	42	... ...

		നിത്യച്ചിലവ്		HOME MISSION		PARKAL MISSION	
		Assessment	*Receipts*			*General*	*Boarding*
		Rs.	*Rs. nP.*	*Rs. nP.*		*Rs. nP.*	*Rs. nP.*
40	Kottanad	73	... ...	... ..		5 0	.. ...
41	Mavelikara	1475	1189 50	10 72		123 58	72 0
42	Kallumala	...	... ...	4 75		10 15	... ...
43	Kattanam	185	120 0	10 0		39 0	.. ...
44	Puthupally	1060	505 0	30 28		68 56	... ...
45	Kannity	805	259 0	12 0		... ...	... ...
46	Krishnapuram	...	... ...	... ...		... ...	... ...
47	Melkavu	2416	800 0	41 03		119 99	82 0
48	Erumapra	1621	126 36	22 52		32 58	... ...
49	Koovapally	822	... ...	23 33		37 58	... ...
50	Kannikal	545	300 0	4 20		61 85	130 0
51	Mankompu	1861	200 0	8 89		59 02	... ...
52	Onnaramala	...	... ...	5 02		20 0	... ...
53	Ellumpurom	618	250 0	5 56		64 21	... ...
54	Mundakayam	2225	1100 0	14 81		58 63	... ...
55	Koottikal	900	345 13	30 55		89 17	... ..
56	Thidanad	300	155 0	5 0		34 83	. .
57	Vandiperiyar	125	... ...	... ...		... ...	... ...
58	Peermade	325	216 0	... ...		... ...	.. ...
59	Upputhara	125	37 50	48 37		81 0	... ...
60	Pallam	1350	755 0	109 01		272 12	54 0
61	Changanachery	...	... ...	43 84		32 87	... ...
62	Erikad	100	38 0	2 0		... ...	... ...
63	Alleppey	1600	1109 0	34 15		114 22	... ..
64	Karumady	...	... ...	... ...		... ...	... ...
65	Velluthuruthy	...	... ...	... ...		5 56	... ...
66	Thirvella	2165	1714 ...	143 41		216 91	12 0
67	Kaviyoor	220	100 0	15 88		52 17	... ...
68	Perumthuruthy	...	... ...	2 0		... ..	... ...
69	Walanjawattom	...	... ...	... ...		2 0	... ...
70	Thalawady	720	200 0	... ...		... ...	... ...
71	Mundiapally	300	... ...	19 25		106 24	... ...
72	Kuttoor	...	... ...	2 66		1 0	... ...
73	Poovathoor	130	110 0	17 50		47 0	... ...
	Total	38,463	18,396 23	1,251 49		3,327 80	749 59
	Budget		40,000	2,000 0		6,000 0	2,000 0

കൊല്ലാട് പള്ളം ഇടവകയിലും, മൂലേടം, കഞ്ഞിക്കഴി ഇടവകയിലും ഉൾപ്പെട്ടതിയിരിക്കുകയാണ്.

C. M. S. P.—466—1500—27-2-1958.

PRINTED AND PUBLISHED BY C. M. ITTY, AT THE C. M. S. PRESS
KOTTAYAM